# ഞായറാഴ്ച ഒമ്പതാം മണി

† പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ആദിമുതൽ എന്നെന്നേക്കും തന്നെ ആമ്മീൻ.

തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

ഞങ്ങളുടെ കർത്താവെ ഞങ്ങളോട് കരുണ ചെയ്യണമെ

ഞങ്ങളുടെ കർത്താവെ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ

ദൈവമെ നിനക്ക് സ്തുതി,

സ്രുഷ്ടാവെ നിനക്ക് സ്തുതി

പാപികളായ നിൻെറ അടിയാരോടു കരുണ ചെയ്യുന്ന മശിഹാ രാജാവേ നിനക്കു സ്തുതി. **ബാറെക്മോർ.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമെ നിനക്കു സമാധാനം, ഞങ്ങളുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെ ട്ടവളാകുന്നു, നിൻെറ വയറ്റിലെ ഫലമായ ഞങ്ങളുടെ കർത്താവേശുമശിഹായും വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മർത്തമറിയമെ, (തമ്പുരാൻെറ അമ്മെ), പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവം തമ്പുരാനോടപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

## കോലോ

*അംസൊഹദെ*

നിൻ പ്രിയ സഹദേന്മാരോടും നിന്നുടെ നൽ കാദീശ-ന്മാരോടും കൂടെ, ഓർക്കണമേ ഞങ്ങൾക്കുറ്റുള്ളോരാം മൃതരെ, നിൻ വലമാക്കിത്തീർത്തവരെ-ഹാലേ- മോദിപ്പിക്ക

**ബാറെക്മോർ**

**†ശൂബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

മക്കൾക്കായ് തിരുസഭ നിന്നോടേറ്റം ദു:ഖത്താലേ കേണീ-ടുന്നേവം, നാഥാ മാമോദീസായാൽ നിന്നെ പൂണ്ടോർ തീനരകം പൂകീടാതെ - ഹാലേ - മോദിക്കണമെ

**മൊറിയോറാഹേം മേലൈൻ ---- ---**

**ബോവൂസൊ**

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ

നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ - മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

**കൗമാ**

## തിങ്കളാഴ്ച സന്ധ്യ

**† ശുബഹോ ----**

**ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ, അനുഗ്രഹങ്ങളും, കരുണയും രണ്ടു ലോകങ്ങളിലും, എന്നും എന്നെന്നേയ്ക്കും ചൊരിയപ്പെടുമാറാകണമെ. ആമ്മീൻ.**

പ്രാരംഭ പ്രാർത്ഥന

**ദൈവമായ കർത്താവേ, പകൽ സമയത്തെ അദ്ധ്വാനങ്ങളിൽ നിന്ന് ഞങ്ങളുടെ ശരീരം വിരമിക്കുകയും, ലൗകിക ചിന്തകളിൽ നിന്ന് ഞങ്ങളുടെ മനസ്സ് പിൻവാങ്ങുകയും ചെയ്തുകൊണ്ട്, ഈ സന്ധ്യാ സമയത്ത് ശാന്തമായി തിരുസന്നിധിയിൽ നിലകൊണ്ട്, നിത്യ സ്തുതികളും തുടർച്ചയായ സ്തോത്രങ്ങളും നിനക്കർപ്പിക്കുവാനും, ഞങ്ങളുടെ ജീവനെ സംരക്ഷിച്ച് നയിക്കുന്നവനും, ഞങ്ങളുടെ ആത്മാക്കളുടെ സഹായിയും രക്ഷിതാവുമായ നിന്റെ കൃപയ്ക്ക് സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ ----- ആമ്മീൻ**

**141, 142, 119, 117 സങ്കീർത്തനങ്ങൾ**

**കുറിയേലായിസ്സോൻ: കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ. എന്നോടു നീ ഉത്തരമരുളി ചെയ്യണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളുകയും ചെയ്യണമെ.**

**എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച, സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ. എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും, ഞാൻ അന്യായക്രിയകളെ പ്രവൃത്തിക്കാതെയും ഇരിക്കത്തക്കവണ്ണം, എന്റെ വായ്ക്ക് ഒരു കാവൽക്കാരനെയും,**

എൻെറ അധരങ്ങൾക്ക് ഒരു സൂക്ഷിപ്പുകാരനേയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എൻെറ തലയ്ക്കു കൊഴുപ്പാകാതിരിക്കട്ടെ. എന്തെന്നാൽ എൻെറ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധി കർത്താക്കൾ പാറയിൻ മുനയാൽ തടുക്കപ്പെട്ടു ഇമ്പമുള്ള എൻെറ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതു പോലെ, ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, ഞാൻ എൻെറ കണ്ണുകളെ നിൻെറ അടുക്കലേക്ക് ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എൻെറ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികളെ മറച്ചുവെച്ചിട്ടുള്ള, പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എൻെറ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, ഞാൻ എൻെറ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എൻെറ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവൻെറ മുമ്പാകെ ഞാൻ എൻെറ സങ്കടം ബോധിപ്പിച്ചു. അവൻെറ മുമ്പാകെ എൻെറ ഞെരുക്കത്തെ അറിയിക്കയും ചെയ്തു. നീ എൻെറ ഊടുവഴികളെ അറിയുന്നുവല്ലോ.

എൻെറ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികളെ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി,, എന്നെ അറിയുന്നവൻ ഇല്ലെന്ന് ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എൻെറ ദേഹിക്കു വേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിൻെറ അടുക്കൽ നിലവിളിച്ചു. കർത്താവേ,

ജീവിച്ചിരിക്കുന്നവരുടെ ദേശത്ത്, എൻെറ ആശ്രയവും, എൻെറ ഓഹരിയും, നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട്, എൻെറ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതു കൊണ്ട്, അവരിൽ നിന്ന് എന്നെ വിടുവിക്കണമെ. ഞാൻ നിൻെറ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട്, എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമെ. നീ എന്നോടുത്തരമരുളി ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട്, ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെ. നിൻെറ ന്യായപ്രമാണങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമെ.

എൻെറ ദേഹി എല്ലായ്പ്പോഴും നിൻെറ കൈയിൽ ഇരിക്കുന്നു. നിൻെറ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായി കെണികളെ വെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽ നിന്നു മാറിപ്പോയില്ല. ഞാൻ നിൻെറ സാക്ഷിയെ എന്നേയ്ക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അതു എൻെറ ഹൃദയത്തിനു ആനന്ദമാകുന്നു. നിൻെറ കൽപ്പനകളെ എന്നേയ്ക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് /ഞാൻ എൻെറ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ

ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. **ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

**ഹ്തിശ്ബശ്മായോ**

സ്വർഗ്ഗത്തോടും നിന്നോടും പിഴചെയ്തീ ഞാൻ പോക്കി സുത പദവി, കൂലിക്കരനു സമമെന്നെയേറ്റടിയാനായ് നിർത്തുക നിൻ വീട്ടിൽ. **സ്തൗമെൻ കാലോസ്----**

**കോലോ**

പെത്ഗോമോ: **സ്നേഹ സമേതം വിശ്വാസത്തോടെ**

മൃതിയെ രോധിച്ചോ - രഹരോൻ തൻ ധൂപം പോലെ
കൈക്കൊള്ളുക നാഥാ ഞങ്ങളണച്ചോരീ ധൂപം

**ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ --**

കർത്താവേ സ്തുതിതേ നിൻ സ്തുതി വാനിലുമൂഴിയിലും
നിന്നെ സ്തുതി ചെയ്വൂ വാനവരൊപ്പം മാനവരും

തലവൻ മാലാഖ ശ്ലോമ്മോ ദാവീദിൻ തനയ-
യ്ക്കേകി ചൊന്നാനെൻ നാഥൻ തന്നുദയം നിന്നിൽ

ജഗതി രക്ഷകനാം മാലുമിയെയേറ്റാഘോഷി-
ച്ചേറ്റം മാനിച്ചാൾ കന്യക മറിയാമാം നൗക

നൽ നിബിയന്മാരേ സ്വർഗ്ഗസുത ശ്ലീഹന്മാരേ
പാപാബ്ധിയിലടിയാർ മുങ്ങായ്വാൻ പ്രാർത്ഥിച്ചിടുവിൻ

നൽ സഹദേന്മാരേ സ്വർഗ്ഗാധിപ ദാസന്മാരേ
ദുർഗ്ഗം സങ്കേതം നിങ്ങടെ പ്രാർത്ഥന ഞങ്ങൾക്ക്

പെത്ഗോമോ: **നാഥൻ മൊഴികളിൽ വിശ്വസ്തൻ**

എന്നെ വിളിപ്പിൻ ഞാൻ ഉത്തരമരുളാം മുട്ടുകിൽഞാ-
നേറ്റാം വാതിൽ തുറ-ന്നെന്നല്ലോ നിൻ വാഗ്ദാനം

കർത്താവിൻ കൃപ സമ്പാദിപ്പാൻ തരമുള്ളപ്പോൾ

**യാചിക്കണമനിശം മടിയെന്യേ പ്രാർത്ഥിക്കേണം**

**നാഥാ നിൻ ശരണേ മൃതരായോർക്കായ് നൽകണമേ**
**മന്നിൽ സഭയിതിലും മേലൂറിശിലേമിലുമോർമ്മ**

**മൊറിയോറാഹേം ---**
*ലോലദീനോ*

**പെത്ഗോമോ: മോറാനേശുമശിഹാ**

**നാഥാ നിൻ തനുവും നിണവും കൊണ്ടോർ ഞങ്ങൾ**
**വിധിയും പ്രതികാരവുമേൽക്കാ-തപരാധക്ഷമ കണ്ടെത്തി-**
**പ്പരിചൊടു നിൻെറ വലമായ് നില കൊണ്ടീടണമേ**
**ഹാലേലൂയ്യാ - മുഖദീപ്തിയൊടും. ബാറെക്മോർ:**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**ദിശനാലിലുമാരാധകരെ മുടി ചൂടിച്ച, രാജാവാം മശിഹാ**
**സ്തുത്യൻ - ദയറാ പള്ളികളെന്നിവയിൽ ദാവിദാകും**
**കിന്നരമതിനാൽ കീർത്തിതനാം- ഹാ- നാഥൻ ധന്യൻ.**

**ആകാശത്തിനുമൂഴിക്കും താങ്ങായീടും, ബലവാനെ കന്യക-**
**യേന്തി, വിശ്വാസത്തൊടു വിളികൂട്ടും പാതകികൾക്കായ്**
**അവൾ പ്രാർത്ഥിപ്പൂ തൽപ്രാർത്ഥന-ഹാ- നമ്മൊടുകൂടെ**

**എന്നേയ്ക്കും നിലനിൽക്കട്ടെ കന്യാത്വത്തിൽ രക്ഷകനാം**
**മശിഹാനൃപനെ പെറ്റീശൻ തൻമാതാവായ് വാഴ്വുറ്റോളാം**
**കന്യകയുടെ പെരുന്നാളവൾ തൻ- ഹാ- പ്രാർത്ഥനശരണം**

**ശ്ലീഹന്മാരെ വിളിച്ചേവം മോറാനരുളി, വിടുവിൻ പുറജാ-**
**തികളുടെ വഴി-ശമറായന്മാരുടെ ഗണവും, ശാപം നിറയും**
**പ്രീശന്മാർ തന്നുപദേശം - ഹാ - തീണ്ടീടരുതെ**

**സഹദേന്മാരെ മുന്തിരിയിൻ കുലയെന്നവിധം, ന്യായാധിപ-**
**രിട്ടുപിഴിഞ്ഞു- രുധിരംധരയിലൊഴുക്കിയഹൊ, ബലിയാ-**
**യോരെ മുടിയണിയിച്ചധിപതി ദൈവം- ഹാ- വിശ്രുതരാക്കി.**

**പകലോൻ പനിമതിയിവയേക്കാൾ മഹിതം കാമ്യം, മാർ-**
**ത്തോമ്മാ നിൻ ദുക്റോനോ-പകലോൻ പകലൊളി**
**തൂകുന്നു പനിമതി രാവിൽ നീ രാപകൽ മിന്നീടുന്നു**
**ഹാ - പ്രാർത്ഥന ശരണം.**

**പെത്ഗോമോ: കർത്താവേറ്റം മഹനീയൻ വിസ്മയനീയൻ**

വലുതാണാഴ്ചയിലാദ്യ ദിനം വിശ്വാസത്തോ-ടതിനെ പാലി-പ്പോൻ ധന്യൻ-മോറാൻ കബറീന്നന്നേറ്റു ജാതികളന്നാൾ ഏറ്റു പറഞ്ഞു ത്രിത്വത്തെ- ഹാ- ഏകൻ ദൈവം

സങ്കീർത്തനമമ്പത്തൊന്നിൽ പാടി നിബിയാം-ദാവീദരചൻ സർവ്വേശാ, എന്നോടാർദ്രത തോന്നണമേ, കഴുകണമെന്നെ മലിനത മായിച്ചുടയോനെ- ഹാ- കൃപ ചെയ്യണമെ.

കർത്താവേ കൃപചെയ്യണമെ കൈക്കൊള്ളണമെ-ശുശ്രൂഷ-കളും പ്രാർത്ഥനയും, പോരാട്ടത്തിൽ സഹദേന്മാർക്കധികം വീര്യം, നൽകിയനിൻകൃപണങ്ങൾക്കും- ഹാ- ബലമേകട്ടെ.

കർത്താവാമീശോ മശിഹാ നിൻ ശരണത്തിൽ, മൃതിയാൽ വിശ്രമമാർന്നോരാം ജനകഭ്രാതാക്കന്മാർക്കും, നിൻരാജ്യത്തി-ന്നർഹത നൽകുക നിൻ പ്രിയരാം- ഹാ- വിമലർക്കൊപ്പം.

**കുക്കിലിയോൻ**

ലംഘനമുക്തി ലഭിച്ചവനും ഹാ-
പാപ വിമുക്തനുമതി ധന്യൻ

പകലെല്ലാം ഞാൻ പ്രലപിച്ചു ഹാ--
അസ്ഥി തളർന്നതിമൗനം പൂണ്ടേൻ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

എൻ കടപാപങ്ങൾ തിരുമുമ്പാകെ ഞാൻ
ചൊന്നർത്ഥിക്കുന്നേൻ കനിയണമേ നാഥാ. **സ്തൗമെൻ --**

**കോലോ**

*ലൊലദീനോ*

മനുജസ്നേഹി നീ സന്ധ്യക്കബ്രഹാമിൻ വിളികേട്ടു ഗിരി-ശിബിരത്തിൽ-നിന്നെ ഞങ്ങൾ വിളിച്ചിടുമീ-സന്ധ്യക്കമ്പിൻ കടലേ വരണേ തുണനൽകാൻ- ഹാ- കൃപ ചെയ്യണമെ

**ബാറെക്മോർ. † ശുബഹോ--- ഹാലേ---**

കൃപനേടാനായാത്മാവും ദേഹവുമൊന്നിച്ചിന്നിപ്പോൾ വിളി-

കൂട്ടുന്നു വേർപെട്ടാൽ പാപത്തെയോർത്തൊന്നിച്ചേവം
പ്രാർത്ഥിപ്പാനിടയില്ലല്ലോ- ഹാ- കൃപ തോന്നണമെ

മൊറിയോറാഹേം-----

<u>ബോവൂസൊ</u>

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

മന്നിൽ സൂര്യൻ തൻ പ്രഭമായും സായം കാലം
സ്രൃഷ്ടാവേ നിൻ സ്തോത്രം പാടാൻ നൽകുക ദീപ്തി
ദൈവതനൂജാ നിൻതിരുമൊഴിയെൻ കാലിനു ദീപം
സൂര്യന്നൊക്കും തൽപ്രഭയിൽ ഞാൻ നടകൊള്ളേണം

സന്ധ്യാനേരം ബലിയായ് നൽകിൻ സ്തോത്രം നിങ്ങൾ
സ്നേഹത്തോടെ ദഹനബലിക്കായ് പ്രാർത്ഥന നൽകിൻ
വായും നാവും വചനവുമുള്ളോൻ മൂകതയേലും
സൃഷ്ടിഗണങ്ങൾക്കായ് സ്തുതിപാടാൻബാദ്ധ്യതയുള്ളോൻ

കൈയ്യേറ്റം ചെയ്തെന്നെരാവിൽ ചേർത്താൻ സന്ധ്യ
നാഥാ സന്ധ്യയ്ക്കെൻ കതിരോനായ് തീരേണം നീ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

കൗമാ

## തിങ്കളാഴ്ച സൂത്താറാ

കൗമാ

### കോലോ

ഏകാത്മജദേവാ ഞാൻ നിൻ, കൃപയുടെ കടലിൽ നോക്കുന്നേൻ, എൻകടമേറി പാപം പെരുതായി, നിൻ സോപ്പായെന്മേൽ പൂശീ-ട്ടെൻമിഴി നീരാൽ വെണ്മയെഴാൻ കേഴുന്നേൻ നിൻ ജനകസ്നേഹത്താൽ, എൻ വൈരികൾ മോദിച്ചീടാ-തനുതാപമെഴും പാതകിയിൽ ദൂതസമൂഹം മോദിച്ചോതട്ടെ പശ്ചാത്താപമിയ-ന്നോരെ, രാപ്പകൽവാതിൽ തുറന്നേറ്റും ഹാലേലുയ്യാ നാഥൻ വാഴ്വുടയോൻ.

**ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

മൂല്യമിതാ തരണം തൈലം വ്യാപാരിയോടേവം പറയും പാപിനി തൻ്റെ നാദം ബഹുമധുരം നൽകുക മേത്തരമാം തൈലം, ഞാനതിലെൻ മിഴിനീർ ചേർത്തിട്ടേകാത്മജനെ-യഭിഷേചിക്കട്ടെ ഇപ്പരിമള തൈലത്താൽ ഞാൻ പാപവി-മോചനമാർന്നിടുമെന്നേൻ ദൈവത്തിൽ പ്രത്യാശിക്കുന്നേൻ അവൾ തൈലം വാങ്ങിച്ചെന്നാൾ, വിശ്വാസം ദർശിച്ചു-ടയോൻ, ഹാ- പാപക്ഷമ നൽകി. **മൊറിയോറാഹേം --**

### ബോവൂസൊ

ആർദ്രതതോന്നണമെനാഥാ- ഇക്കർമ്മംകൈക്കൊള്ളണമെ
മോചനവും കൃപയും വാഴ്വും-നിന്നറയീന്നേകീടണമെ

പ്രാർത്ഥിപ്പാൻ നീ നിൽക്കുമ്പോൾ-സന്താപത്തോടേകാഗ്രം
ചിന്തകളെ കടിഞ്ഞാണിട്ട്-ചിത്തത്തിൽ നിർത്തീടേണം

നിൻ വായ് ധൂപത്തിൻ കലശം-നിന്നധരം ധൂപം ഹൃത്യം
ദൈവത്തെ പ്രീണിപ്പിക്കും-നാവോ ശുശ്രൂഷക്കാരൻ

പ്രാർത്ഥന കേട്ടീടുന്നോനെ-യാചന നൽകീടുന്നോനെ
പ്രാർത്ഥന കേട്ട് നിരന്നൻപാൽ-യാചനയെനൽകീടണമെ.

**കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.**

**ബാറെക്മോർ,** അത്യുന്നതൻെറ മറവിൽ ഇരിക്കുന്നവനും ദൈവത്തിൻെറ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ,

**ബാറെക്മോർ,** നീ കർത്താവിനോട് എൻെറ ശരണവും, എൻെറ സങ്കേതസ്ഥാനവും, ഞാൻ ആശ്രയിച്ചിരിക്കുന്ന എൻെറ ദൈവവും നീയാകുന്നു എന്നു പറക.

എന്തെന്നാൽ അവൻ വിരുദ്ധതയുടെ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും രക്ഷിക്കും

അവൻ തൻെറ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും തൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിൻെറ ഒരു ഭാഗത്തു നിന്ന് ആയിരങ്ങളും, നിൻെറ വലത്തുഭാഗത്തുനിന്ന് പതിനായിരങ്ങളും വീഴും

അവർ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നീ നിൻെറ കണ്ണുകൾകൊണ്ട് തന്നെ കാണും, ദുഷ്ടന്മാർക്കുള്ള പ്രതിപകരവും നീ കാണും

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ, എൻെറ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിൻെറ കൂടാരത്തെ സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിനായിട്ട്, അവൻ തൻെറ മാലാഖമാരോട് നിന്നെക്കുറിച്ച് കല്പിക്കും.

നിൻെറ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട്, അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെവഹിക്കും

ഗൊർസൊ സർപ്പത്തേയും ഹർമ്മോനോ സർപ്പത്തേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും, എന്റെ സഹായക്കാരൻ എവിടെ നിന്നു വരും

എന്റെ സഹായം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച, കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തന്റെ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ –മെന്ഓലാം--

മഹോന്നതൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ കരുണയാൽ, നിൻെറ അടിയാരുടെ അപേക്ഷയെ നീ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരേണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹവും പരവുമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ കരുണ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളോട് കരുണ ചെയ്യണമെ.

**കൗമാ**

**കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.** ***(കുമ്പിടണം)***

**കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.** ***(കുമ്പിടണം)***

**കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.** ***(കുമ്പിടണം)***

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനും നിൻെറ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി

എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. **ബാറെക്മോർ**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ -- --- --**

**കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം -- ---**

**വിശ്വാസ പ്രമാണം**

**സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻേറയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്ത വയുമായ സകലത്തിൻേറയും സൃഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.**

**ദൈവത്തിൻെറ** ഏകപുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരു വിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി † വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്നു, മനുഷ്യനായി പൊന്തിയോസ് പിലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗ ത്തിലേക്കു † കരേറി തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തൻെറ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻെറ രാജ്യത്തിന് അവസാന മില്ലാത്തവനുമായി യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

**സകലത്തേയും** ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

**പാപമോചനത്തിന്** മാമോദീസ ഒന്നുമാത്രമെ ഉള്ളു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. **ആമ്മീൻ**

**ബാറെക്മോർ. സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ.**

**ധൂപ പ്രാർത്ഥന----**

## തിങ്കളാഴ്ച രാത്രി

### കൗമാ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ, നിന്റെ ഉണർച്ചയെ സ്തോത്രം ചെയ്വാനായിട്ട് പാപ മുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്ത ണമെ. മരണമില്ലാത്ത ജീവനുള്ളവനെ, നിന്റെ കരുണ യെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിന്റേയും നാശ ത്തിന്റേയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധ റൂഹാ യുമെ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കു ന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങ ളോടൊന്നിച്ച് വിശുദ്ധിയോടു കൂടി ഇപ്പോഴും എല്ലാ യ്പ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് പുകഴ്ത്തു വാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ

### 113, 119 117 സങ്കീർത്തനങ്ങൾ

ബാറെക്മോർ: രാത്രി കാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിന്റെ സകല ദാസന്മാരുമെ, കർത്താവിനെ സ്തുതിപ്പിൻ.

**ബാറെക്മോർ**: നിങ്ങൾ ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ, നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമെ. എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കുകയും, നിന്റെ വചനത്താൽ എന്നെ രക്ഷി ക്കുകയും ചെയ്യണമെ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും, എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിൻെറ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എൻെറ അധരങ്ങൾ നിൻെറ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിൻെറ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ, നിൻെറ കൈ എന്നെ സഹായിക്കും.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിൻെറ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിൻെറ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. **ബാറെക്മോർ.**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എനിയോനൊ**

**ഉടയോനാം നാഥാ നിൻ ശ്രേഷ്ഠതയെക്കീർത്തിപ്പാൻ**
**മടിയാം നിദ്രയിൽ നി-ന്നെന്നെയെഴുന്നേൽപ്പിക്കണമെ**

**ഒരുനാളും നിദ്ര-യ്ക്കമെരോത്താരാമീറയർപോൽ**
**നിന്നെ സ്നേഹനിധേ കീർത്തിപ്പാൻ ഞാനെഴുന്നേറ്റു**

**ഓർത്തേൻ ഞാനിരവിൽ വന്ദ്യം ശുദ്ധം തിരുനാമം**
**നിന്നെ സ്നേഹനിധേ കീർത്തിപ്പാൻ ഞാനെഴുന്നേറ്റു**

മടിയെന്യേ കേട്ടി-ട്ടുത്തരമരുളി കാപ്പോനേ
കാരുണ്യത്താലെൻ പാപമശേഷം പോക്കണമെ

ശെമവൂൻഭവനത്തിൽ പാപിനിയുടെ പിഴപോക്കിയപോൽ
ഉടയോനാം നാഥാ എൻ പിഴയും പോക്കീടണമെ

നാഥാ നിൻ ശരണേ മൃതരായോരാം ദാസന്മാർ-
ക്കേകേണമീ സഭയിൽ മേലൂറിശിലേമിലുമോർമ്മ.

ബാറെക്മോർ

† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

കാണാനീറേന്മാർ കേഴുമ്പോൾ മൺമയനാദാം തൻ-
കൈകളിൽ നിന്നെ-യാഘോഷിപ്പൂ സ്തുതി നാഥാ
കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ.

## ഒന്നാം കൗമാ

(ആബോക് സബ്വോ)

പദവികളേറും പരിശുദ്ധ-ക്കെന്തൊരുനാമം ഞാൻനൽകും
ദൈവത്തിൻ മാതാ-വത്ഭുത സമ്പൂർണ്ണ
ആംഗ്യത്താലീലോകത്തെ ഏൽപ്പോനെയേൽക്കും സ്വർഗ്ഗം

കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

## കോലോ

(കൂക്കോയോ)

ഭൂപതി ദാവീദിനു സുതയായ് ജാതം ചെയ്തോളാം
മറിയാമാകും ദിവ്യരഥം രക്ഷകനെയേന്തി
സംസാരിക്കും-മുഖചക്രങ്ങളെഴും
രഥമീക്ഷിച്ചാൻ-ദർശകനെസ-ക്കീയേൽ

കർത്താവേ സ്തുതിയെന്നേവം വാഴ്ത്തിപ്പാടീടും
മറിയാമാകും രഥമല്ലോ പാരം മഹനീയം
ഹാലേ - തൽപ്രാർത്ഥന ശരണം **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം --- ഹാ-**

വായും നാവും മൊഴിയുമെഴും മാനവരെല്ലാരും
ഭാഗ്യം ഭാഗ്യാർഹതയുള്ള മറിയമിനേകട്ടെ
പരിതോഷത്തിൻ നൽകതിരുണ്ടായ
വാഴ്വിൻ വയലാം മറിയാം ഭാഗ്യവതി
മുട്ടുകളാം ചക്രങ്ങളെഴും തേരായ് തീർന്നുലകിൻ
രക്ഷകനെ തന്നുദരത്തിൽ ഏറ്റോൾ ഭാഗ്യവതി
ഹാ-- തൽപ്രാർത്ഥന ശരണം

**മൊറിയോറാഹേം മേലെൻ ഊവാദാറേൻ**

**ബോവൂസൊ**

ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളൊടൊന്നി-
ച്ചർത്ഥന കേട്ടിട്ടേകീടട്ടെ പുണ്യം നാഥൻ

സംഭാഷിപ്പാനെന്നെ വിളിച്ചു പാവനകന്യ
മാന്യത കാപ്പാനാശുഭ ചരിതം ശ്രദ്ധിച്ചീടാം
രണ്ടാം വാനിൻ മടിയിൽ പാർത്താൻ സ്വർഗ്ഗാധീശൻ
ഭൂമിയിലമ്പോടന്ധത നീക്കാനവളിലുദിച്ചാൻ

പാവപ്പെട്ടോൾ ദൈവസുതൻ തൻ മാതാവായി
ദുർബ്ബലലോകം രക്ഷിതമാകാൻ സമ്പത്തേകി
സ്വർഗ്ഗപിതാവിൻ നിക്ഷേപത്താലവളാം നൗക
പാഴുലകത്തെ ഐശ്വര്യത്തിൻ ഭാജനമാക്കി

ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ
ദൈവാത്മജനെ കോപത്തിൻ ദണ്ണ്ഡൊഴിവാക്കേണം.

**കർത്താവിൻെറ ബഹുമാനം --- ----** **പേജ് 14**

**രണ്ടാം കൗമാ**

**എക്ബോ**

മന്നിതിലെ മന്നന്മാരെ വെന്നോർ നിങ്ങൾ വീരന്മാർ
മൂർച്ചയെഴും വാൾ കൂരമ്പിവയാലല്ല
വീര്യം നിറയും † സ്ലീബായാൽ പാഷാണ്ഡതയെ
തോൽപ്പിച്ചാൻ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

**കോലോ**

(കൂക്കോയോ)

ദർശക പദവിക്കുറവിടമാം മോശയെ നാമോർപ്പൂ
ശ്ലീഹഗണത്തിൻ തലയാളാം ശീമോനെയുമതുപോൽ
നീതിപ്രിയരെ ഓർപ്പാൻ റോമാക്കാർ-
ക്കെഴുതിയ ശില്പി പൗലോസിനെയുമോർപ്പൂ
പൂർണ്ണമനസ്സോടു ദൈവത്തെ-യവരാരാധിച്ചു
തൽപ്രാർത്ഥനയാൽ നമ്മുടെമേൽ കൃപയുണ്ടാകട്ടെ
ഹാ--തൽ പ്രാർത്ഥന ശരണം

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ----ഹാ--**

സത്യോൽഘോഷക യോഹന്നാൻ എസ്തേപ്പാനോസ്
ഉൽകൃഷ്ടൻ തേവോദോറോസ് ഗീവറുഗീസ് സഹദാ
ശ്രേഷ്ഠഭടന്മാർ സർഗ്ഗീസ് ബാക്കോസും
മാർ കുറിയാക്കോസ് മാതാ യൂലിത്തി
ഏഴാത്മജരൊടു വാഴ്വിയലും മാതാവാം ശ്മൂനി
നാൽപ്പതു നിർമ്മല സഹദേന്മാർ സ്വീകൃതനാം തോമ്മാ
ഹാ—തൽപ്രാർത്ഥന ശരണം. **മൊറിയോ---**

**ബോവൂസൊ**

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ

കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

നിൻ വൃത്താന്തം റൂഹായാൽ
ചൊന്നോരാംനിബിശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കും കൃപ ചെയ്യേണം

കർത്താവിന്നിഷ്ടം ചെയ്തോർ
നിർമ്മലരെ പ്രാർത്ഥിച്ചിടുവിൻ
ഞങ്ങളിൽ നിന്നും നീങ്ങീടാൻ
കോപത്തിന്നടിയും ദണ്ണ്ടും

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ
കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

കൗമാ

## മൂന്നാം കൗമാ

### എക്ബോ

പിൻവാതിൽക്കലിരുന്നേവം ശീമോൻ പാരം കേണോതി
ഗുരുവേ ഞാൻ ശിഷ്യൻ വാതിൽ തുറന്നാലും
സ്വർഗ്ഗത്താക്കോൽ കൈവിട്ടേൻ പാരും വാനും കേഴുന്നു

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളി ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

### കോലോ

(കൂക്കോയോ)

**പെത്ഗോമൊ: വാഴ്ത്തും നിന്നെ ദാസന്മാർ ഹാലേലൂയ്യാ**

ദൈവാത്മജനെ നാമിരവിൽ സ്തോത്രം ചെയ്യേണം
കർത്താവ് വരുന്നെന്നാരവം രാത്രിയിലുണ്ടാകും
നീതിപ്രിയരും നിബി ശ്ലീഹന്മാരും
സഹദേന്മാരും വന്നിടുമെതിരേൽപ്പാൻ
സന്തോഷത്തിൻ മണവറയിൽ സകലരുമങ്ങേറീ-
ട്ടുയിരും രാജ്യമതും നേടി സ്തുതി പാടും നൂനം
ഹാ-- കർത്താവേ സ്തോത്രം

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- ഹാ--**

എഴുന്നേറ്റാനന്നടുരാവിൽ ദാവീദുടയോൻ തൻ
ആശ്ചര്യം നിറയും ന്യായത്തീർപ്പുകളെ വാഴ്ത്താൻ
മീതെ കണ്ടാൻ അംബരവിരിവിങ്കൽ
ഭ്രമണം ചെയ്യും തേജോഗോളങ്ങൾ
എങ്ങും പരമസമാധാനം പാരിൽ കണ്ടപ്പോൾ
ദാവീദൽഭുതപരതന്ത്രൻ കർത്താവേ നിന്നെ
ഹാ—സ്തുതിയാൽ കീർത്തിച്ചു. **മൊറിയോ-**

**ബോവൂസൊ**

പാപം ചെയ്തോരോ - ടാദ്രതയുള്ളോനെ
അൻപുണ്ടാകണമേ - നിൻ വിധി ദിവസത്തിൽ
ആർത്തന്മാർ വാനിൽ - മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ - ക്കുത്തരമരുളണമെ
വാനവനാം താതാ - യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെയേ – റ്റാർദ്രത തോന്നണമെ
വാനവർ തന്നീശാ - മാനവർ തൻ ഗതിയെ
ഈ ശുശ്രൂഷയെയേ - റ്റാർദ്രത തോന്നേണം

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി,

**കരുണയുള്ള ദൈവമെ, നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ,**

**നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ, നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും, പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ, ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.**

**(ലൂക്കോസ് 1: 46-55)**

**മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു, എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു, എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.**

**എന്തെന്നാൽ ശക്തിമാനും പരിശുദ്ധനും ആയവൻ, വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.**

**അവൻ തന്റെ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ഛിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും, താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.**

**അവൻ വിശപ്പുള്ളവരെ നൻമകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും**

ചെയ്തു, അവൻ തൻെറ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മാരായ അബ്രാഹാമി നോടും, അവൻെറ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തൻെറ കരുണയെ ഓർക്കുകയും ചെയ്തു.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

(*അനന്തരം അവസാനം നൽകിയിരിക്കുന്ന മാവുർബോകളിൽ നിന്ന് അതാതു ദിവസത്തേയ്ക്കുള്ളത് ചൊല്ലണം)*

***മാവുർബോ***

**133-ാം സങ്കീർത്തനം**

സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത്, എത്ര നന്മയും, എത്ര സൗന്ദര്യവുമാകുന്നു.

അത് അഹരോൻെറ തലയിന്മേലും, അവൻെറ അങ്കിയുടെ നെഞ്ചിൻമേൽ വീണു കിടക്കുന്ന താടിയായ അവൻെറ താടിയിന്മേലും, ഒലിക്കുന്ന തൈലം പോലെയും, സെഹിയോൻ മലമേൽ പൊഴിയുന്ന, ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു

എന്തെന്നാൽ അവിടെ കർത്താവ് എന്നേയ്ക്കും അനുഗ്രഹത്തേയും ജീവനെയും കല്പ്പിച്ചു.

**ദൈവമെ നിനക്ക് സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എനിയോനോ**

ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നിതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനകളാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടേയും, ശ്ലീഹന്മാരുടേയും, സഹദേന്മാ രുടേയും, പ്രാർത്ഥന, നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ, നിൻെറ സഹദേന്മാരുടെ തുറമുഖത്തിനും, നിൻെറ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും, ഞങ്ങളെ യോഗ്യരാക്കണമെ..

ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ, നിൻെറ ന്യായ വിസ്താരദിവസത്തിൽ, ഞങ്ങളോടു കരുണ ചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികളിൽനിന്ന് തൻെറ കരുണയെ വിരോധിക്കാത്തവൻ, വാഴ്ത്തപ്പെട്ടവനാകുന്നു.

**ബാറെക്മോർ † ശുബഹോ---**

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്ക്, നല്ല ഓർമ്മ ഉണ്ടാക്കണമെ,

**മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

നിൻെറ ശ്രേഷ്ടത ഉദിക്കുന്ന ദിവസത്തിൽ, അവർ നിൻെറ വലത്തു ഭാഗത്തു നിൽക്കുമാറാകണമെ.

**മറ്റൊരു എനിയോനൊ**

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും, എല്ലാ നേരത്തും നിൻെറ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ.

കർത്താവേ, എല്ലാനാഴികയിലും, ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ, നിൻെറ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ, ഞങ്ങളിൽ നിന്ന് മായിച്ചു കളയണമെ.

ഞങ്ങളുടെ കർത്താവായ യേശു മശിഹാ, നിൻെറ സ്ലീബാ † ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമെ.

വചനമായ യേശു തമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിൻെറ † സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചു പോയവരെ നിൻെറ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനേയും, പുത്രനേയും, വിശുദ്ധ റൂഹായേയും സ്തുതിച്ചു വന്ദിച്ചു മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന ദിവസത്തിൽ നിൻെറ വലത്തു ഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ, ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട്, നിൻെറ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഞങ്ങളുടെ മരണത്തിൻേറയും, ജീവൻേറയും നാഥനായ കർത്താവേ, നിൻെറ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും, ഞങ്ങളുടെ മരിച്ചു പോയവരുടേയും ആത്മാക്കളിൻമേൽ കരുണ ചെയ്യണമെ.

**കർത്താവേ കൃപ ചെയ്തു സഹായിക്കണമെ**

**148, 149, 150 സങ്കീർത്തനങ്ങൾ.**

**ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ,** ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നത ങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദുതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശ ങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഹിമവും, ഉറച്ച വെള്ളവും, അവൻെറ വചന പ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലി കളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യുവാക്കളും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നിതിമാന്മാർക്കും, തനിക്കടുത്ത സ്വന്തം ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭ യിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോ ൻെറ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളു ടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങ ളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വിണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

| |
|---|
| ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്ത തുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു. |

## കുക്കിലിയോൻ

നീതിമാൻ പനപോലെ തളിർത്തിടുമെ - ഹാ-
വളരുമവൻ ലെബനോൻ കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമെ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ഒരുപോലിങ്ങും മോർ തോമ്മാ
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോക്കായ്. **സ്തൗമെൻ** -- -
-

**കോലോ**

**(കൂക്കോയോ)**

മാർത്തോമ്മാതൻ പെരുന്നാളി-ന്നെന്നെ വിളിച്ചുടയോൻ
പോയാലോവിന പോകാഞ്ഞാൽ ഭീതിയെനിക്കേറും
പോയെന്നാലെൻ പാപങ്ങളെയോർക്കും
ഹാ പോകായ്കിൽ ഞാൻ വെറുമന്യൻതാൻ
ദൈവസുതൻെറ വിലാവതിലെ നിണമെൻ കടമെല്ലാം
വീട്ടും കർത്താവേ സ്തുതിയെ-ന്നാർപ്പൊടു ഞാൻപാടും
ഹാ-- തൽ പ്രാർത്ഥന ശരണം

**ബാറെക്മോർ † ശുബഹോ--- ഹാലേലൂയ്യാ**

ഭാഗ്യം തിരുസഭ മാർത്തോമ്മാ നേരുന്നങ്ങേയ്ക്കായ്
കർത്താവരുളിയതാം ഭാഗ്യം നിങ്കലണഞ്ഞല്ലോ
പാഴുലകത്തെ വിട്ടിഹ മശിഹാതൻ
സ്നേഹത്തെ കൈ-ക്കൊണ്ടോൻ നീ ധന്യൻ
സ്വർഗ്ഗത്തിൽ ശാശ്വത ജീവൻ വന്നവകാശിക്കെ-
ന്നുടയോനരുളും നാദം നീ കേൾക്കുമ്പോൾ ധന്യൻ
ഹാ-- നിൻ പ്രാർത്ഥന ശരണം

**മൊറിയോറാഹേം----**

## ബോവുസൊ

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപചെയ്യേണം

ദൈവത്തിൻ വൻ വിസ്മയചരിതം കീർത്തിച്ചീടാൻ
മന്നൻ ദാവീദന്നടുരാവിൽ ചേലൊടുണർന്നാൻ
ദാവീദിൻ സങ്കീർത്തനമാത്മപ്രേരിതനായി
ബോധജ്ഞാനി-യിന്നടുരാവിൽ പാടുക നീയും

നീ പകൽ നാഥാ ഞാനതിനാലെ ശോഭിക്കേണം
നിൻ കൃപ കാണാനെന്നുടെ മിഴികൾക്കേകുക ദീപ്തി
ലൗകിക മാർഗ്ഗം കഷ്ടപ്പാടാൽ സങ്കടപൂർണ്ണം
നീ പകലല്ലോ നിന്നിൽനടപ്പോനിടറുകയില്ല

ദേവാ ദേവാ ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

എല്ലാക്കാലത്തും, എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യ മക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ നിന്നേയും, യേശുമശിഹായായ ഏകപുത്രനാകുന്ന ദൈവമായ കർത്താവേ, വിശുദ്ധറൂഹായോടു കൂടെ നിന്നെയും, നിൻെറ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, വിശുദ്ധ റൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, പിതാവായ ദൈവത്തിൻെറ മഹത്വത്തിന്, നിത്യമായി കർത്തവ്യമുള്ളവനുമാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിൻെറ തിരുനാമം മഹത്വമുള്ളതും, നീ എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിൻേറയും ദൈവവും, സത്യത്തിൻെറ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ച ചേർച്ചയാകുന്നു. **ആമ്മീൻ**

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ

നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

**കൗമാ**

## തിങ്കളാഴ്ച പ്രഭാത നമസ്ക്കാരം

**കൗമാ**

**പ്രാരംഭ പ്രാർത്ഥന**

**പ്രഭാതത്തിൻെറ സ്രൃഷ്ടാവും അന്ധകാരത്തെ മായിച്ചുകളഞ്ഞ് സ്രൃഷ്ടികൾക്ക് പ്രകാശം നൽകി സന്തോഷിപ്പിക്കുന്നവനുമായ കർത്താവേ, ഞങ്ങളിൽ പരിപാകതയുള്ള നടപടികൾ സൃഷ്ടിച്ച് പാപാന്ധകാരത്തെ ഞങ്ങളിൽ നിന്ന് പൂർണ്ണമായി നീക്കിക്കളയണമെ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ, നിൻെറ കൃപയുടെ മഹനീയ കിരണങ്ങളാൽ ഞങ്ങളെ പ്രശോഭിപ്പിച്ച് സന്തോഷിപ്പിക്കുകയും ചെയ്യണമെ. മോറാൻ വാലോ--**

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങ

ളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുക്കണമെ. നിൻെറ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതി ബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

*കരുണയുള്ള ദൈവമെ നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ* ***മൊറിയോറാഹേം ---***

***63-ാ സങ്കീർത്തനം***

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെ പ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കന്നു എൻെറ ജഡവും നിനക്കുവേണ്ടി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതു കൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെ കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയു ണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

വന്നേൻ വന്ദിച്ചേൻ സ്വർഗ്ഗ മഹാരാജാവേ നിൻ
സിംഹാസന സവിധം പാപമശേഷം പോക്കണമേ

യാചിക്കുന്നേൻ ഞാൻ നല്ലവനേ നിൻ കരുണയ്ക്കായ്
കരുണാസാഗരമേ പാപമശേഷം പോക്കണമെ

ദ്യുതിയേ ദ്യുതിതനയാ ദ്യുതിയിലഹോ നിവസിപ്പോനേ
ഇരുൾ തീണ്ടാത്തമഹാ ദ്യുതിയതിലെന്നെ വസിപ്പിക്ക

അഴലാർന്നോരൂഴി നിൻ വെളിവാലെ തെളിവാർന്നു
സന്താനങ്ങളുമായ് സ്തുതിയെന്നേക്കും പാടുന്നു

താപം പാതകി ഞാൻ പൂണ്ടപ്പോൾ പകയില്ലാതെ
നീ കൈക്കൊണ്ടെന്നെ കൃപയാൽ പാപക്ഷമ നൽക

തിരുമെയ് രക്തത്താൽ കടപരിഹാരം ഞാൻ നേടി
എന്നെ പ്രാണദനേ പാതാളത്തിൽ തള്ളരുതെ

നാഥാ നിൻ ശരണേ മൃതരായോർക്കായ് നൽകണമെ
മന്നിൽ സഭയിതിലും മേലൂറിശിലേമിലുമോർമ്മ

**ബാറെക്മോർ:** **† ശുബഹോ: മെന്ഓലം വാദാമോ-- -**

കർത്താവേ,സ്തുതിതേ നിൻസ്തുതി വാനിലുമൂഴിയിലും
നിന്നെ സ്തുതിചെയ്വൂ വാനവരൊപ്പം
**മാനവരും.ആമ്മീൻ**

**113-ാ0 സങ്കീർത്തനം**

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശ ത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**എക്ബോ**

നാഥാ ദൂതസ്തുതി നാദത്താൽ നിൻ സ്തുതി പാടാൻ
പുലരിയിലെന്നെയുണർത്തേണം, നിന്നെ വാഴ്ത്താനെന്ന-
ധരങ്ങളെയങ്ങു തുറന്നേൻ ചെയ്യുക കൃപനാഥാദേവാ

**സ്തൗമെൻ കാലോസ്---**

**കോലോ (എത്രൊാദ്ബെസ്മെ)**

**പെത്ഗോമൊ: കർത്താവേ പ്രാർത്ഥന കേട്ടരുൾ ഹാലേ--**

കൈക്കൊള്ളണമഹറോനണച്ചതുപോലെ ധൂപമിതും
കൊണ്ടടിയാർ ശുശ്രൂഷയെ നിനുവയരിൻ യാചനപോൽ
കടലതിൽയൗനാനെന്നപോലെ-കനിയുകദാസന്മാരിലെന്നും

**ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ -- ---**

എന്നും സ്തുതിനിൻ കനിവിനു കനിവേറും രക്ഷകനെ

എത്രനിറഞ്ഞിന്നെങ്ങും കാണുന്നു നിൻ ദാനം
നിനുവയരോടുണ്ടായകോപം നിലവിളിയാൽനീനിക്കിയല്ലോ

ഉന്നത സിംഹസനമതിലുന്നതനായ് വാഴുമ്പോൾ
ധന്യത നേടിയ കന്യകയുടെ മടിയിൽ ലാളിതനേ
സൃഷ്ടിയിലെല്ലാഭാഗത്തും നിലനിർത്തണമെ നിൻശാന്തി

മുൾമരമെരിയാതെരീതൻ നടുവിൽ കണ്ടതുപോൽ
ചിൻമയനമ്മറിയാമിൽ വസിച്ചു ശരീരം പൂണ്ടു
അതിനാൽഭംഗവുമക്കന്യാ വ്രതമുദ്രയ്ക്കുണ്ടായില്ല

സർവ്വേശാ നിൻ പ്രിയനിബിയന്മാർ തൻ പ്രാർത്ഥനയാൽ
നിൻ സുവിശേഷകരാം ശ്ലീഹന്മാർ തൻ യാചനയാൽ
സൃഷ്ടയിലെല്ലാഭാഗത്തും നിലനിർത്തണമെ നിൻശാന്തി

ലോകം താതസഹോരർ ജാതിയതും തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം സ്നേഹിച്ച
സഹദേന്മാരെസദാകാലം സ്മരണംചെയ്‌വതുനന്നേറ്റം

വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം വെളിവും നീ
കാന്ത്യാണങ്ങളെ നീ താതൻ കതിരേ ശോഭിപ്പിക്കെന്നും

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബ്രാഹാം തൻ ബലിയും കൈക്കൊണ്ട കർത്താവേ
നോമ്പുംപ്രാർത്ഥനയും കൈക്കൊണ്ടൻപാലടിയാരെകാക്ക

കർത്താവേ നിൻ രക്തശരീരങ്ങൾ കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമെ നല്ലോർമ്മ
നിൻെറമഹത്വമുദിക്കുംനാൾ നിൽക്കണമവർവലഭാഗത്ത്

**മൊറിയോ----**

---

<u>കോലോ</u>

(ബ്സപ്പറൊനുകാദെം)

**പെത്ഗോമൊ: സമ്പന്നരുമഗതികളും ഒരു പോൽ**

**അബ്രഹാം ബലി നൽകിയപോൽ, പുലർവേളയിൽ നാം**
**പ്രാർത്ഥിച്ചാൽ വരുവാനുള്ളൊരു പുലരിയതിൽ കാണാം**

മശിഹായെ, ജോലിക്കാരേ നല്ലവരേ സ്വർഗ്ഗവുമഴിവില്ലാ-
ത്തുയിരും നേടാനെത്തുവിനെന്നേവം നമ്മോടവനോതും

**ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

സ്തുതി നമ്മൾക്കായ് വിധിനിലയേ നിലകൊള്ളുംത്രിത്വ-
ത്തിന്നായ് സ്തുതി നമ്മുടെ പാപം പോക്കും-ത്രിത്വത്തിനു
നിത്യം സ്തുതി സർവ്വാധീശാ നിന്നിൽ വിശ്വാസം കൊ-
ണ്ടോനിരുളിൻപിടിയിൽപെട്ടീടാതെന്നുംമേവുംനിൻപ്രഭയിൽ

നമ്പിയ നമ്മൾക്കായ് നൽകി താതൻനാഥനെ, ദാവീദിൻ
സുതരക്ഷകനെ ബേത്ലഹേം ഉയിരിൻ അപ്പമതും,
പ്രേഷകനാം താതൻ വന്ദ്യൻ മാതാവാം മറിയാം ധന്യ
പ്രിയയാം സഭ സൗഭാഗ്യവതി സ്തോത്രം പാടുന്നു

ഭാഗ്യം മറിയാമിനു നൽകുന്നുലകിൽ തലമുറയുടനീളം
സ്വർഗ്ഗാധിപനുടെ തനയൻതൻ മാതാവായതിനാൽ
ഉദയം ചെയ്താൻ മറിയാമിൽ കന്യാമുദ്രയ്ക്കഴിവെന്യേ
ഭൂസ്വർഗ്ഗങ്ങളിലപ്പെരുന്നാ-ളാഘോഷിക്കുന്നു

പന്തിരുവൈദ്യരെ ലോകത്തിൻ നാലതിരുകളിൽ പ്രേഷിപ്പി-
ച്ചേവം നമ്മുടെ കർത്താവാം ഈശോ കൽപ്പിച്ചാൻ
ദുഷ്ടാത്മഗണത്തെനീക്കിൻ സൗഖ്യംരോഗാത്തർക്കരുളിൻ
ദാനം കിട്ടിയ നൽവരമ-ങ്ങേകിൻ ദാനമതായ്

സ്വർഗ്ഗീയേറുശലേംപുരിയിൽ സഹദേർ കയറിച്ചെന്നപ്പോൾ
റൂഹാ വരവേൽപ്പൊടു കുശലം ചോദിച്ചുര ചെയ്താൻ
വാനിൻ മണവറതൻ സുതരെ ശാന്ത്യാസോദരരെവരുവിൻ
നേടിൻ സ്വർഗ്ഗിയം രാജ്യം ചിതമാം ജീവിതവും

മഹിതചരിത്രൻ മാർത്തോമ്മാ ഭാഗ്യം ഭാഗ്യനിധേ താതാ
ഇഹലോകത്തിൻ മലിനത തൊട്ടി-ട്ടില്ലേതും നിന്നെ
പക്ഷി കണക്കേ കെണികളൊഴി-ഞ്ഞടവിലഭയം നീ നേടി
നിന്നോർമ്മയിതാഘോഷിക്കു-ന്നിരുലോകങ്ങളിലും

ദുരിതം നിറയും കുഴിയീന്നും നാശത്തിൻ മലിനതയീന്നും
പുറമെ തിങ്ങിടുമിരുളീന്നും നാഥാ രക്ഷിക്ക, വിധി ദിവസ-

ത്തിൽ സഹദേന്മാർ ജയമകുടം നേടീടുമ്പോൾ
സ്തുതി പാടണമവരോടൊന്നി-ച്ചടിയാർ മണവറയിൽ

സുകൃതികളെ പ്രതിയല്ലോർത്താൽ പാപികളനുതാപിക-
ളാകാൻ ഞാനാഗതനായെന്നേവം കർത്താവുരചെയ്താൻ
നാഥൻ വാതിൽ തുറന്നേറ്റും പാപികളേ ശരണം തേടിൻ
പാപിയ്ക്കയ്യോ മൃതിവരുവാനുടയോനില്ലിഷ്ടം

നശ്വരമാമീയുലകത്തിൽ നമ്മെ ദൈവാത്മജരാക്കാൻ
ഉപദേശിച്ച പിതാക്കളെ നാം പരിചോടോർക്കേണം
സ്വർഗ്ഗ സനാതന രാജ്യത്തിൽ നീതിപരന്മാരുടെ നിരയിൽ
ദൈവാത്മജനാശ്വാസമവർ-ക്കലിവോടരുളട്ടെ

## കുക്കിലിയോൻ

എൻവചനങ്ങളെനാഥാ ശ്രദ്ധിച്ചെൻധ്യാനംബോധിക്ക, ഹാ-
എൻരാജാവാമുടയോനേ എന്റെകരച്ചിൽ കേൾക്കണമെ

ഞാൻപുലരിയിലമ്പൊടൊരുങ്ങിത്തിരുമുമ്പിൽ കാണ-
പ്പെടണെ, ഹാ-
തിന്മയിലിഷ്ടമെഴാത്തോനാം ദൈവം നീ. **ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

## എക്ബോ

സ്വർഗ്ഗപിതാവിന്നാത്മജരെ-കർത്തൃഹിതം പാലിപ്പോരെ
അവനെയെന്നേക്കും നിങ്ങൾ സ്തോത്രം ചെയ്തു
പുകഴ്ത്തിടുവിൻ. **സ്തൗമെൻ -- --**

## കോലോ

**(മെൻ ആബോ)**

കാഹളനാദത്തൊടു കാല-ത്തിസ്രായേൽ നാഥാ ദേവാ
എന്നാർത്തു, യറിഹോ ദുർഗ്ഗം പാടെ നിപതിച്ചു
ഭ്രാതാക്കന്മാരെ കാലത്തുച്ചത്തിൽ സ്തുതി പാടിടുവിൻ
നിഖിലജനത്തൊടുമഖിലേശ-ന്നാർദ്രത കാട്ടിടുവാൻ

**ബാറെക്മോർ † ശൂബഹോ---**

ആദാമിൻ സന്തതികളുടെ വേദനയും രോഗവുമാറ്റാൻ
വാനീന്നെത്തിയ സ്വർഗ്ഗീയൻ വൈദ്യൻ സംസ്തുത്യൻ
കുഷ്ഠാത്തന്മാർശുദ്ധതയും കുരുടന്മാർ കാഴ്ചയുമരികെ-
ചെന്നോൾ പാപിനിപാപത്തിൻ പരിഹാരവുമാർന്നു

മൊറിയോറാഹേം----

ബോവൂസൊ

കർത്താവേ നിന്നാർദ്രത നിറയും വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലന്‍പുണ്ടാകേണം

നാഥാ നിന്നാൽ പകലെന്നോണം വിസ്മയപൂർവ്വം
ഞാൻ പ്രഭനേടി സ്തോത്രം പാടാലെന്നിലുദിക്ക
എന്നെയുണർത്തീട്ടീപുലർകാലം നിന്നെവാഴ്ത്താൻ
നാൾമുഴുവൻനിൻ തിരുവചനത്തിൽനീങ്ങേണംഞാൻ

ധൂപം അണയ്ക്കാനായ് വന്നെത്തി പ്രാത:കാലം
സ്തോത്രം സർവ്വം ഞങ്ങളുമിപ്പോൾ അർപ്പിക്കേണം
നിൻ വചനത്താൽ നിദ്രാഭാരം നീങ്ങിപ്പോയി
യാതനയേറ്റും പാപത്തെ നീ നീക്കീടേണം

സർവ്വത്തിന്നും പ്രഭ നൽകീടും പ്രഭയാം നാഥാ
നിൻ കൃപ വാഴ്ത്താനെൻ ബോധത്തെ ശോഭിപ്പിക്ക

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ നിന്റെ തിരുനാമത്തിന് സ്തുതി പാടുന്നതും, പ്രഭാത സമയത്ത് നിന്റെ കൃപയും രാത്രി കാലങ്ങളിൽ നിന്റെ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതസമയത്ത് എന്റെ ശബ്ദം നി കേൾക്കേണമെ. പ്രഭാതസമയത്ത് ഞാൻ ഒരുക്കത്തോടെ നിനക്ക് കാണപ്പെടണമെ. കർത്താവേ, നിന്റെ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ, ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ, നിന്റെ വലതു കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് തിരുനാമം നിമിത്തം

ഞങ്ങളുടെ പാപരോഗത്തിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

## കൗമാ

## തിങ്കളാഴ്ച മൂന്നാം മണി

സ്വർഗ്ഗപിതാവേ നിൻമക്കൾക്കുത്തരമരുളേണം
തുണചെയ്‌വാൻ പോരുന്നോനായ് താതൻ മറ്റില്ല
തിരുവുള്ളത്താൽ ഞങ്ങളെ നിർമ്മിച്ചു
മായിക്കരുതേ തിരുവുള്ളക്കേടാൽ
പാലച്ചങ്ങനെ സൽക്രിയയാൽ തിരുഹിതമാർജ്ജിപ്പാൻ
നിൻ കൽപ്പനകളെയെൻനാഥാ ശീലിപ്പിക്കേണം
ഹാ- കൃപചെയ്യുക നാഥാ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോല്ഓലാം ഒൽമീനാമീൻ**

അധിപതിയാഗതനാകുമ്പോൾ മുന്തിരി തൻ തോപ്പിൽ
ജാഗ്രതയോടദ്ധ്വാനിക്കും ഭൃത്യന്മാർ ധന്യർ
മുഴുപകൽ കൂടെ അദ്ധ്വാനിച്ചോരെ
അവനരകെട്ടി ശുശ്രൂഷിച്ചീടും
ജനകനിരുത്തും പന്തിക്കായ് തനയൻ സേവിക്കും
ആശ്വാസപ്രദനാം റൂഹാ മകുടം നിർമ്മിക്കും
ഹാ- തലകളിലണിയിക്കും. **മൊറിയോ----**

**(ബോവൂസൊ)**

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

നാഥാ നിന്നെ വേർപെട്ടകലെപ്പോകരുതെ ഞാൻ
ഏറ്റുക തള്ളപ്പെട്ടോനെന്നെ കൃപയാലുള്ളിൽ
എന്നെപ്പാപം നിർദ്ദയമൊളിവിൽ ക്ഷതമേൽപ്പിച്ചു
ജ്ഞാനീ നീയെൻവേദനയാറ്റാൻ ശുശ്രൂഷിക്ക

ഹാ ദുഷ്ടാത്മാവെന്നെ വലവെച്ചയ്യോ വീഴ്ത്തി
ആ കെണിനാഥാ പൊട്ടിച്ചെന്നെ രക്ഷിക്കേണം
നേർവഴി തെറ്റിപ്പോയോരജത്തെ നല്ലിടയാ നീ
ഘാതകനാമാ ദുഷ്ടനിൽ നിന്നും രക്ഷിക്കേണം

ദേവാ ദേവാ ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ

**കൗമാ**

**തിങ്കളാഴ്ച ആറാംമണി**

**കൗമാ**

ദൈവത്തിൻ ജീവാത്മജനെ കൈകളിലേന്തി ജനമ-ദ്ധ്യേ നിൽപ്പൂ മറിയാം, ആംഗ്യത്താലീ ലോകത്തെ പാലിപ്പോനെ പാലൂട്ടുന്നു തൽപ്രാർത്ഥന ഹാ- നമ്മോടു കൂടെ.

**ബാറെക്മോർ. † ശൂബഹോ----**

സഹദേന്മാരെ നിങ്ങളുടെ സ്മരണദിനത്തിൽ ഭൂസ്വർ-ഗ്ഗങ്ങളിലമരുന്നോൻ, ദിവ്യാസ്ഥികളുടെ വീര്യത്തെ കീർത്തി-ക്കുന്നു-നിങ്ങടെ പ്രാർത്ഥയെന്നെന്നും ഹാ- ഞങ്ങൾ-ക്കഭയം. **മെന്ഓലാം വാദാമോ ല്ഓലം ഒൽമീനാമ്മീൻ**

ബാബേലിലെയെരിതീക്കുഴിയിൽ ചെന്നുണ്ണികളെ സംര-ക്ഷിച്ചൊരു പനിമഞ്ഞീ-മൃതരെത്തീനരകത്തീന്നും രക്ഷി-ക്കട്ടെ സമ്പാദിക്കണമവരൊടുവിൽ ഹാ- ശാശ്വതജീവൻ

**മൊറിയോറാഹേം ---**

**ബോവൂസോ**

ജനനീ പരിശുദ്ധ – പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും - വിഗതർക്കും നൽക

മറിയാമ്മിൻ സ്മരണം - വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾ - ക്കാത്മാവിനുകോട്ട

പരിശുദ്ധ ശ്ലീഹ - നിബി സഹദേന്മാരെ
യാചിപ്പിൻ കൃപയെ - ഞങ്ങൾക്കായ് നിങ്ങൾ

നിൻ ശരണെ മൃതരാം - താത സഹോദരരിൽ
ചൊരിയണമെ മോദ - പനിനീരെൻ നാഥാ

സുസ്മൃതി ജനനിക്കും - വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും - ചേർപ്പോനെ സ്തോത്രം

ജനനി പരിശുദ്ധ - പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും - വിഗതർക്കും നൽക

**നിർമ്മാതാവു വിശുദ്ധന്മാർ---**

*(മോർ സേവേറിയോസിൻെറ മാനിസാ)*

നിന്നെ പ്രസവിച്ച മാതാവിൻേറയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, സ്വഭാവ പ്രകാരം മരണമില്ലാത്തവനും, തൻെറ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവൻേറയും ജീവനും രക്ഷയ്ക്കും വേണ്ടി, വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവിൽ നിന്നു ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും, ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി, സ്വർഗ്ഗീയ പിതാവിൻെറ ഏക പുത്രനും വചനവുമായിരിക്കുന്ന രാജാവായ എൻെറ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും. തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനായി വിശുദ്ധ ത്രിത്വത്തിൽ ഒരുവനും തൻെറ പിതാവിനോടും ജീവനും വിശുദ്ധിയുമുള്ള റൂഹായോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുവനുമായ ഞങ്ങളുടെ മശിഹാ തമ്പുരാനെ, ഞങ്ങളെല്ലാവരുടേയുംമേൽ കരുണ ചെയ്യണമെ.

**കൗമാ**

**വിശ്വാസ പ്രമാണം പേജ് 15**

**ധൂപ പ്രാർത്ഥന**

## തിങ്കളാഴ്ച ഒമ്പതാം മണി

### കോലോ

(ഹവിലൊലനപ്ശൊ)

സ്നാനംതന്നിൽനിന്നെയണിഞ്ഞിഹ നിൻമെയ്രക്തങ്ങൾ
കൈക്കൊണ്ടോരായ് നിന്നുടെശരണേമൃതരായോക്കോർമ്മ,
ഭൂസ്വർഗ്ഗങ്ങളിലേകണമെ ആത്മാക്കൾക്കാശ്വാസമതും
നാഥാ നൽകണമെ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ആദാമുടയോനാദാം നന്ദനനദാമിൻജനകൻ,
താഴ്മയൊടാദത്തെ സന്ദർശിച്ചാൻ പാതാളത്തിൽ,
മൃതിയെനീക്കിനിനക്കേകും ഞാനോഹരിയെന്നരുളിയതാം
വാഗ്ദാനം പോലെ.

**മൊറിയോറാഹേം മേലൈൻ ഊവാദാറേൻ**

**ബോവൂസോ**

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ

നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ - മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

**കൗമാ**

## ചൊവ്വാഴ്ച സന്ധ്യ

കൗമാ

പ്രാരംഭ പ്രാർത്ഥന

**കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ.-------(പേജ് 4)**

**എക്ബോ**

**നാഥാകൃപയാൽ ചെവിചായിച്ചെൻ യാചന കേട്ടീടണമെ ശുശ്രൂഷകളുംപ്രാർത്ഥനയും പ്രീതിയൊടെകൈക്കൊള്ളണമെ. സ്തൗമെൻ കാലോസ്**

പെത്ഗോമൊ: ***സ്വർഗ്ഗത്തിലുമിങ്ങൂഴിയിലും***

**കൈക്കൊള്ളണമെ മൃതിയെ വിലക്കിയൊരഹറോൻ തൻ ധൂപത്തിനു സമമായ് ഈ ധൂപത്തെയുമുടയോനെ**

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

**കാദീശ്** കാദീ-ശെന്നീറെ മാലാഖമാർ കീർത്തി-ക്കുന്നോനെ സ്തുതി വലമതിലമരും തനയാ

**ദൈവ** ജനിത്രി പാവന കന്യക മറിയാമേ എൻവായ് മതിയാകാ നിൻ പുകഴമ്പേ വിവരിപ്പാൻ

**ദൈവ** ജനിത്രി പാവന കന്യക മറിയാമേ ക്രോബേ ദൂതരഥം പോരാ നിന്നോടുപമിക്കാൻ.

**നിങ്ങളെ**യെന്നും നിബിശ്ലീഹാ സഹദേന്മാരെ ഓർക്കുന്നു ഞങ്ങൾ നിങ്ങൾ തൻ പ്രാർത്ഥന ശരണം

**എരിതീ**പ്പാലം വഴി വാനാർന്നൊരു സഹദേരെ പ്രാർത്ഥിപ്പിൻ ഞങ്ങൾ പാപക്കടലിൽ മുങ്ങായ്വാൻ

**നാഥൻ ചൊ**ന്നാൻ തേറിൻ തേറിൻ പാപികളെ മണവാളനുമൊത്ത് മണവറ തന്നിൽ കയറിടുവാൻ

**നൽകുക** ഭാഗ്യം നിൻ കരുണോദയ ദിവസത്തിൽ നിന്നെ കീർത്തിപ്പാൻ പരിശുദ്ധന്മാരുടെ നിരയിൽ

**നിൻ** വരവിങ്കൽ നിന്റെ വലത്തായ് നിർത്തണമെ നാഥാ ത്രിത്വത്തെ ഏറ്റു പറഞ്ഞ മൃതന്മാരെ. **മൊറിയോ—**

പെത്ഗോമോ: **എൻ രക്ഷാധിപനാം നാഥാ**

**കെണിവഴിയനിശം മോഹങ്ങളിലേയ്ക്കയ്യോ പോകുന്നേൻ ഉടയോൻ നാഥാ എന്നാത്മാവിനു കാവൽ നിൽക്കണമെ മനുജസ്നേഹി പിഴകളിൽ നിന്നെന്നാത്മത്തെ കാത്തരുളി കൃപയാൽ രക്ഷിക്ക. ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**നിന്മാനത്തിനു സൃഷ്ടിച്ചോരാം സ്വർഗ്ഗീയന്മാരും നിന്നുടെ രൂപം നൽകിയ നരരും നിന്നെക്കീർത്തിപ്പൂ പാരും വാനും കടലും നിന്നെക്കീർത്തിക്കും നീയല്ലോ സൃഷ്ടാവാം ദൈവം**

**ആത്മച്ചിറകാൽ പാറിയണഞ്ഞിഹ-ദൂതൻ ഗബ്രിയേൽ ദിവ്യശ്ലോമ്മോ നൽകിച്ചൊന്നാൻ-മറിയാമോടേവം നാഥൻ നിന്നിൽ-ഉടയോൻ നിന്നിലുദിക്കുമഹോ സകല ജഗത്-രക്ഷകനാം ദൈവം.**

**പ്രായം കൂടിയ കഴുകനെ നിർമ്മല-കന്യേ നീ പെറ്റെ-ന്നാമോസിൻ സുതനേശാനിബിയാർത്താൻ നിൻ ചരിതം മാനവാനായോ-രമ്മനുവേലാം ദൈവത്തെ പ്രസവിച്ചു പാവന കന്യേ നീ**

**പാണിതലത്തിൽ പാവന സഭയെ സ്ഥാപിച്ചോൻ ധന്യൻ ആധാരത്തിനു നിബിശ്ലീഹന്മാർ സഹദേരെ നിർത്തി കൂട്ടിചേർത്തോരു മർത്യകുലം രാവും പകലും തിരുസഭയിൽ സ്തുതി പാടീടുന്നു.**

**സഹദേന്മാരേ, രക്ഷകനെ പ്രതി ഹതരായ് മശിഹാതൻ ന്യായാസനസവിധം ധൂപം പോൽ നിണമർപ്പിച്ചോരേ, ഭൂമിയിലെങ്ങും, പൂർണ്ണസമാധാനം പുലരാൻ, ഉടയവ-നോടർത്ഥിപ്പിൻ നിങ്ങൾ**

**തോമാശ്ലീഹാ നീ നൻമാതൃക നോക്കുന്നോർക്കെല്ലാം ദാനോൽസുകനാം സത്തമനീന്നും ശ്രീയാർജ്ജിക്കേണ്ടോൻ രാപ്പകലുള്ള, ജാഗരണം നോമ്പർത്ഥനയെ-ന്നിവയാൽ നിൻ സാമ്യം നേടട്ടെ.**

ദൈവസുതദ്ധ്വനി കാവലുനിൽക്കും സഭ നീ ഭാഗ്യവതി
പാതാളത്തിൻ വാതിലുകൾക്കില്ലൂറ്റം നിൻ മുമ്പിൽ
ഭക്ഷിപ്പാൻ നിൻ മക്കൾക്കായ് തനുവും പാനം ചെയ്തി-
ടുവാൻ നിണവുമവൻ നൽകി

മുക്തിക്കായ്നിൻകൃപയുടെവാതിൽമുട്ടുന്നിപ്പോൾ ഞാൻ
രക്ഷാമാർഗ്ഗമെനിക്കു വിലക്കീ ദുഷ്ടൻ തന്ത്രത്താൽ
പാടാൻ വായ്ക്കും, നീങ്ങാനടികൾക്കും വയ്യാ, സ്നേഹ-
നിധേ കാട്ടുക കാരുണ്യം

കപടതപെരുകിടുമുലകിലിരുട്ടിൽ താതൻ തൻ കതിരേ
വെളിവെൻ മിഴികൾക്കരുളീടണമെ വാഴ്ത്താൻ നിൻ
കൃപയെ, പുലരി മറഞ്ഞു, സന്ധ്യയണഞ്ഞൂ താപമെനി-
ക്കില്ലയ്യോ ഗതിനിൻ കൃപമാത്രം

ഉലകുലയുംപടി കുരിശിലുയർന്നൊരു ഗംഭീരാരാവം
പൂഴിയിൽ നിന്നാമൃതിഗതരെ വിളിച്ചെഴുന്നേൽപ്പിച്ചീടും
അവരുടയോൻ തൻ സുതരുടെ വരവിൽ തേജസ്സിൻ
വസ്ത്രമുടുത്തെതിരേൽപ്പാനെത്തും

കുക്കിലിയോൻ

വാഴ്ത്തുക നാഥനെ എന്നാത്മാവേ ഹാ --
തിരുനാമത്തെയെന്നസ്ഥികളെ

മോചിച്ചീടും നിൻ പാപങ്ങൾ ഹാ --
വേദനകൾക്കേകും ശമനം. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

എരിതീക്കുഴിയിൽദുഷ്ടന്മാർ ധനവാനേപ്പോൽ കേഴുന്നു
നീർത്തുള്ളിക്കവർയാചിപ്പൂ യാചനകേൾക്കാനില്ലാരും
ശ്രേഷ്ഠം നിൻ കൃപ നല്ലവനേ, ഞങ്ങൾ തൻ പിഴയെ-
ക്കാളും, നാഥാനിൻപ്രതിരൂപത്തെ നിത്യാഗ്നിക്കായ്
വെടിയരുതെ. **സ്തൗമെൻ കാലോസ്**

**കോലോ**

ശാന്തിപ്രദമാം സന്ധ്യയുമിരവും തന്നോനതി ധന്യൻ
പണിയാൽ ക്ഷീണിച്ചിളവേൽക്കുന്നോൻ തന്നെ നിർമ്മിച്ച
താതനെയും കുരിശാൽ രക്ഷിച്ചൊരു സുതനേയും
വിമലാത്മാവിനെയും കീർത്തിപ്പൂ

**ബാറെക്മോർ.** † **ശുബഹോ---**

വിമലാത്മാവിൻ കിന്നരമതിനാൽ ദാവീദെന്നോണം
എൻ സോദരരെ കിന്നരമേന്തി സ്തോത്രം പാടിടുവിൻ
നല്ലനിരപ്പും ശാന്തിയുമെങ്ങും നിവസിപ്പാൻ പ്രാർത്ഥിപ്പിൻ
നാഥൻ തന്നോടായ് **മൊറിയോറാഹേം--**

**ബോവൂസോ**

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

ദൈവതനൂജൻ ന്യായവിധിക്കായ് വന്നീടുന്നു
ഭീകരനാമാവിധിനായകനെയാർ പേടിക്കാ
ജ്വാലയതാകും വടിയാൽ ന്യായം പാലിക്കുന്നോൻ
തീയിൻ നാവാൽ നീതിപ്രിയരെ വേറാക്കീടും

പൊന്നെന്നോണം സർവ്വജഗത്തും പരിശോധിക്കും
മാലിന്യത്തെ സർവ്വം ദഹനൻ വെണ്ണീറാക്കും
സോദരരെ നാം പുത്രാഗനം പേടിക്കേണം
ഏവനുമിപ്പോഴനുതാപം താനഭയസ്ഥാനം

എൻമാലിന്യം വെളിവായ്കാണും നൃപനാം മശിഹാ
ന്യായതീർപ്പിൻ വേളയിലെന്മേൽ കൃപതോന്നേണം

മോറാനേശു മശിഹാ നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്ക പ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

**കൗമാ**

## ചൊവ്വാഴ്ച സൂത്താറാ നമസ്ക്കാരം

ആദത്തെയഹോ കൊന്നൊരു ദുഷ്ടൻ മൃതിയിവരെ
തൻ കൊലയാലെ, കൊന്നോൻ നാഥാ-
എന്നെയമർത്തിയ
പാപത്തെ കൊന്നീടണമെ നല്ലോരിടയാ വഴിതെറ്റിപ്പോയോ-
രാടിനെയാരാ-ഞ്ഞുഴറിച്ചെന്നോനെ, എൻ നാശത്തെ
സ്ത്രീയുടെ തങ്കക്കാശതുപോൽ ആരായണമെ നീ ഗതരെ
ക്കണ്ടെത്തുന്നോൻ, ദാസന്മാരെ തിരികെവരുത്തുന്നോൻ
സ്തുത്യൻ, ഹാലേ- - എ-ന്നാർക്കും ഞാൻ. **ബാറെക്മോർ**

† **ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

നാഥൻതൻ ഹിതമെന്തെന്നറിയുന്നോൻ ദാസന്നു-ണർവ്വി
ല്ലെങ്കിൽ നീതി കഠോരം ദണ്ഡിപ്പിച്ചിടുമെന്നേവം
രക്ഷകനരുളി അറിവില്ലാത്തോൻ ലഘുദണ്ഡനമേൽക്കും
ഉണ്ടറിവെന്നാ-ലൊന്നും ചെയ്യാത്ത, ഞങ്ങളെയയ്യോ
ലൗകികരാം മന്നവരേക്കാൾ രൂക്ഷതയോടങ്ങേൽപ്പിച്ചു നീ
നീതിക്കായ്, ദാ-വീദിനെയാ ശൗലിന്നെന്നോണം കനിവാൽ
ഹാലേലൂയ്യാ - സംരക്ഷിക്ക. **മൊറിയോ-**

**ബോവൂസൊ**

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം

ബാഷ്പം മൂലം മുഖമത്യന്തം പങ്കിലമാക്കി
വിങ്ങിക്കേഴും പാതകി പാർത്താൽ ഹാ, കമനീയൻ
മൂല്യം കൂടും രത്നത്തേക്കാൾ പാരം കാമ്യം
താപത്താലേ പാതകി തൂകും കണ്ണീർ തുള്ളി

നീയനുതാപം ചിത്രമതാക്കാൻ നോക്കുന്നെങ്കിൽ
വർണ്ണച്ഛായം കൈക്കൊള്ളേണ്ടാ കണ്ണീരേൽക്കൂ
താപത്തിൻ വൻ പെരുന്നാളല്ലോ കണ്ണീർ വർഷം
കണ്ണീരാലെ മോചനമാർജ്ജിച്ചാനന്ദിക്കൂ

ദേവാ ദേവാ ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ

**കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.**

**ബാറെക്മോർ, അത്യുന്നതൻെറ മറവിൽ** **പേജ് 12**

**വിശ്വാസ പ്രമാണം** **പേജ് 15**

**ധൂപ പ്രാർത്ഥന**

## ചൊവ്വാഴ്ച രാത്രി നമസ്ക്കാരം

**കൗമാ**

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എൻെറ കർത്താവേ-- പേജ് 17

**†ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

പാപി ഉണരുക നീ അനുതാപത്തിന്നായ് തരമുള്ളപ്പോൾ
കണ്ണീരാൽ നെടുവീർപ്പാൽ നീ മാലിന്യങ്ങളെ മായിക്ക.

**വേഗം** ക്ഷമനേടാ-നുണ്ടാഗ്രഹമെങ്കിൽ ദൈവസമക്ഷം
സങ്കടപൂർവ്വം കേഴുക നി-ന്നപരാധങ്ങളെ മായിക്കും.

**നരരെ**പ്പാപത്തിൻ ദാസ്യത്തെ നിക്കി, സംരക്ഷിച്ചോൻ-കർത്താ
വോർത്താൽ വീരൻ താൻ സർവ്വാധിപതേ സ്തോത്രം തേ

**മശിഹാ** രാജാവേ നിൻ മണവറവാതിൽ സകലാധിശാ
ഹന്തതുറക്കുമ്പോൾ ചിതമാം വസ്ത്രമെനിക്കേകീടേണം.

**ഒളിവിൽ**ചെയ്തോരെൻമലിനതകളെയോർത്ത്ഇളകീടുന്നെൻ
മനുജസ്നേഹീ സർവ്വേശാ കനിവെന്മേൽ തോന്നിടേണം

**മൃതിയും** യാതനയും വാഴാത്തൊരിടത്തിൽ പാർപ്പിക്കേണമെ
നിൻ പരിശുദ്ധന്മാരൊപ്പം മൃതരെ ശോഭന ശാലകളിൽ.

**ബാറെക്മോർ. † ശുബഹോ - മെന്ഓലാം--**

**നൂതനമാം**സ്തുതിയുംവിമലസ്തോത്രമതും
നൽകുന്നെങ്ങൾ സകലേശാസ്തുതിയെന്നേവം
ഞങ്ങളഹോ ഘോഷിക്കുന്നു

**കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ**

**ഒന്നാം കൗമാ**

(ഹോനാവ്യറഹോ)

**തന്നെ വർണ്ണി-ച്ചീടാനെന്നെ കന്യ വിളിച്ചാൾ**
**അത്ഭുത രൂപം ചിത്രിതമാക്കാൻ**
**നൽകുക നാഥാ അത്ഭുത ഭാവം**
**നിൻ വാഴ്വാലെൻ കിന്നരവാദ്യം നേടും മേന്മ.**

**കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.**

**കോലോ**

(ലോക്മൊറിയോ കോറേനാൻ)

പെത്ഗോമോ: **വാനിലുമൂഴിയിലേദനിലും ഹാലേലുയ്യാ**

**ഭാഗ്യവതി നിന്നോർമ്മദിനം പരമോൽകൃഷ്ടം**
**നിൻ പെരുന്നാൾ ദിനമതിരോടതിരോളം രമണീയം**
**പള്ളികളിൽ ദയറാകളിലും സ്തുതിയുയരുന്നു**
**ആഴിയുമൂഴിയുമുൾത്തെളിവാൽ സ്തോത്രം ചെയ്യുന്നു**
**നിൻ പെരുന്നാൾ തന്നിൽ സ്തുതി പാടാൻ**
**ഉണർവെങ്ങൾക്കേകിയൊരുണർവുള്ളോൻ**
**സ്വർഗ്ഗധരിത്രീവാസികളാ-ലധികം സ്തുത്യൻ താൻ**

**ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ-- ഹാ--**

**മൂശാനിബികന്യേ നിന്നെ മുൾത്തരുവായും**
**ഹസ്ക്കീയേൽ ബന്ധിച്ചൊരു കതകായും ദർശിച്ചു**
**സ്വേഷ്ടത്തൊടു വചനം ദൈവം കാലത്തികവിൽ**
**ജാതം ചെയ്തിടുമെന്നങ്ങറിയിച്ചാൻ ഗബ്രീയേൽ**
**സ്തുതിയേറ്റം വിനയപ്പെട്ടോനേ**
**സ്തുതി മനസാ മാനവനായോനേ**
**രക്ഷകനേ സ്തുതി നിൻപേർക്കായ് സ്തുതി പാടുന്നു സഭ**

**മൊറിയോറാഹേം --- ---**

## ബോവൂസൊ

ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളൊടൊന്നി-
ച്ചർത്ഥന കേട്ടിട്ടേകീടട്ടെ പുണ്യം നാഥൻ

ഈലോകത്തിൽ പുരുഷാന്തരമായ് നിൽക്കുന്നോളാർ
ആന്ധ്യത്തേയീസൃഷ്ടികളീന്നും രോധിച്ചോളാർ
മറിയാം തന്നെ തന്മുഖമോർത്താൽ ശോഭാപൂർണ്ണം
ഭാഷിക്കുമ്പോൾ ചുണ്ടുകളീന്നും സൂര്യനുദിപ്പൂ

പാരിൻ മാർഗ്ഗേ ജീവൻ ചൊരിയും ശോശപ്പായേ
പ്രാർത്ഥയെ നീ ദൈവസമക്ഷത്തർപ്പിച്ചാലും
തന്നുടയോനും തൻനന്ദനനും ദൈവവുമായോൻ
യാതനയേറ്റോൻ കൃപചെയ്യണമെന്നവളർത്ഥിക്കും

ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ
ദൈവാത്മജനേ കോപത്തിൻ ദണ്ഡൊഴിവാക്കേണം.

## രണ്ടാം കൗമാ

(ഹോനാവ്യറഹൊ)

വിര്യം ധന്യർ സഹദേർക്കേകിയ വീരൻ ധന്യൻ
ഓർമ്മ ദിനത്തെ മാനിച്ചെങ്ങും
മഹിമാവേറ്റം ചേർത്തോൻ ധന്യൻ
അവരിൽ പൂർണ്ണസ്നേഹം സംസ്ഥാപിച്ചോൻ ധന്യൻ

| |
|---|
| കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. |

## കോലോ

(ലോക്മൊറിയോ കോറേനാൻ)

കാരുണ്യനിധേ നാഥാ ധാർമ്മികരടിയാർ
യാതനയേൽപ്പതു കണ്ടിഹ നീ വെറുതെ നിൽക്കുകയോ
ഏശായാ യോഹന്നാന്മാർ ഹതരായ് ദാവീ-ദേറ്റാൻ
പീഢകൾ ദാനീയേലിനെ വീഴ്ത്തി കുഴിയിൽ

സഖറിയാ ആലയമതിൽ ബലിയായ്
വിധിനിലയേ ശ്മൂനിയുമാത്മജരും
പീഢിതർതൻ വിധിനാഥാ ഞങ്ങടെമേൽ കനിയണമെ.

**ബാറെക്മോർ. † ശുബഹോ - മെന്ഓലാം-- ഹാ --**

ന്യായാധിപമന്ദിരമാർന്നോരാ-സഹദേന്മാർ
ക്രൂശിതനിൽ നിന്നായുധമാത്മീയം പ്രാപിച്ചു
വിശ്വാസ സ്ഥൈര്യത്താലാ-ദൃഢചിത്തന്മാർ
ദണ്ഡനമമ്പേ കണ്ടിട്ടും നിന്നൂ നിർഭയരായ്
ഭൂവിജയവും ദിവി മഹിമയുമാർന്നാർ
നമ്മുടെയാത്മാക്കൾക്കവർ കോട്ട
അവർ തൻ ചിറകിൽ ചേർക്കുക
ഞങ്ങളെയീശോകൃപയാൽ

മൊറിയോറാഹേം--

ബോവൂസൊ

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ
കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

നിൻ വൃത്താന്തം റൂഹായാൽ
ചൊന്നോരാംനിബിശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കും കൃപ ചെയ്യേണം

കർത്താവിന്നിഷ്ടം ചെയ്തോർ
നിർമ്മലരെ പ്രാർത്ഥിച്ചിടുവിൻ
ഞങ്ങളിൽ നിന്നും നീങ്ങീടാൻ
കോപത്തിന്നടിയും ദണ്ണ്ഡും

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ
കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

മൂന്നാം കൗമാ

**നീതിപരന്മാർ മദ്ധ്യേ കഷ്ടം ഞാൻ തുണയറ്റോൻ**
**സന്മാർഗ്ഗം ഞാൻ ശീലിച്ചില്ല**
**ഹാ ഞാനന്യൻ തൽപ്പെരുന്നാളിൽ**
**എൻ ദുഷ്കൃത്യം പായിച്ചീടുന്നവരിന്നെന്നെ**

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. **ബാറെക്മോർ.**

കോലോ

(ലോക്മൊറിയോ കോറേനാൻ)

പെത്ഗോമോ: ***റൂഹാ തൻ കിന്നരമായോൻ ഹാലേലുയ്യാ***

**ദാവീദാശായി സുതൻ സ്തുതി ഗീതത്താൽ**
**എന്നെയുണർത്തിയെഴുന്നേൽപ്പിച്ചുരചെയ്താനേവം**
**മാനവനേ എന്തിനുറങ്ങുന്നെഴുന്നേൽക്കുക നീ**
**കാഴ്ചകൊടുപ്പതു വിധിനാഥനു രാവിൻ നടുവിൽ താൻ**
**പ്രാർത്ഥനയാൽ മോചനമർത്ഥിക്ക**
**നാഥനു കണ്ണീരിൽ പ്രീതിപരം**
**രാപ്പകൽ വാതിൽ തുറന്നേറ്റിടുമുടയോൻ ദു:ഖിതരെ**
**ബാറെക്മോർ. † ശുബഹോ - മെന്ഓലാം-- ഹാ--**

**എൻ ചിന്തയെ രാവിലുണർത്തുക ദൈവതനൂജാ**
**നിൻകരുണയ്ക്കും പ്രഭുതയ്ക്കുംസ്തോത്രംചെയ്തിടുവാൻ**
**പാപാബ്ദിയിലെന്നെയമർത്താൻ കരുതും ദുഷ്ടൻ**
**സ്തുതി പാടായ്വാൻ മുക്കുന്നെന്നെയഹോ നിദ്രയതിൽ**
**ഉത്ഥിതനായ് സ്തോത്രം ചെയ്തിടുവാൻ**
**നതിയൊടുനിൻ കരുണാ ശരണത്തിൽ**
**തെളിവൊടുനാഥാ സ്തുതിയെന്നാർത്തിടുവാൻ**
**തരികബലം മൊറിയോറാഹേം--**

ബോവൂസൊ

പാപം ചെയ്തോരോ - ടാദ്രതയുള്ളോനെ
അൻപുണ്ടാകണമേ - നിൻ വിധി ദിവസത്തിൽ

ആർത്തന്മാർ വാനിൽ - മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ - ക്കുത്തരമരുളണമെ

വാനവനാം താതാ - യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെയേ - റ്റാർദ്രത തോന്നേണം

വാനവർ തന്നീശാ - മാനവർ തൻ ഗതിയെ
ഈ ശുശ്രൂഷയെയേ - റ്റാർദ്രത തോന്നേണം

**ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ-- പേജ് 22 മുതൽ**

**ത്രിത്വത്തിനു സ്തുതി---- പേജ് 28.**

**കുക്കിലിയോൻ**

നീതിമാൻ പനപോലെ തളിർത്തിടുമെ - ഹാ-
വളരുമവൻ ലെബനോൻ കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമെ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. **ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

ഒരുപോലിങ്ങും മോർ തോമ്മാ
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്

**സ്തൗമെൻ കാലോസ് കൂറിയേലായിസ്സോൻ**

**കോലോ**

(ലോക്മൊറിയോ കോറേനാൻ)

***(മാർത്തോമ്മാ)*** പണ്ഡിതവൈദ്യാ രോഗാർത്തർക്കായ്
സൗഖ്യമിയറ്റിടുവാനധികാരം തേ നൽകി പരൻ
പാർത്താൽ നിന്നസ്ഥികളത്രെ ഞങ്ങൾക്കഭയം
ഞങ്ങടെ യാചന നിൻ പ്രാർത്ഥനയാൽ നൽകീടട്ടെ

ആരോഗ്യം വ്യാധിഗ്രസ്ഥർക്കും
വിശ്രാമം പീഡിത ജനതയ്ക്കും
ക്ഷമ ഞങ്ങൾക്കും പ്രത്യാഗമനം ദൂരസ്ഥർക്കും

**ബാറെക്മോർ. ശുബഹോ---- ഹാ---**

മായരുതെ കർത്താവേ നിൻ വരവുവരെ
സഭയുടെ മക്കളിൽ മാർത്തോമ്മാ ശ്ലീഹാ തന്നോർമ്മ
ദേവാലയ ദയറാകളിലന്നർപ്പിക്കേണം
ദേശം തോറും നാനാദിശകളിലും സ്തുതി മേന്മേൽ
വിണ്ണവരാം ഈറേന്മാരാലും
നരരാലും കീർത്തിതമാകട്ടെ
സ്വാരാധകരിൽ പെരുമ വളർത്തും നിന്തിരു നാമം.മൊറിയോ--

**ബോവൂസൊ**

ആർദ്രതതോന്നണമെ നാഥാ ഇക്കർമ്മം കൈക്കൊള്ളണമെ
മോചനവും കൃപയും വാഴ്വും നിന്നറയിന്നേകീടേണമെ

മേലുള്ളോരൊന്നിച്ചിരവിൽ കീഴുള്ളോർ സ്തുതി പാടട്ടെ
നിദ്രാഹീനതയോടുണർവങ്ങുള്ളോനെ കീർത്തിക്കട്ടെ

നിദ്രയിലെന്നോണം പ്രിയരെ പാപത്തിൽ മുങ്ങീടൊല്ലാ
കാന്തനുമായ് മണവറയേറാൻ നോക്കിപ്പാർക്കിൻവാതിൽക്കൽ

പ്രാർത്ഥനകേട്ടീടുന്നോനേ യാചന നൽകീടുന്നോനെ
പ്രാർത്ഥനയിൽ പ്രീത്യാ സദയം യാചനയെ നൽകീടണമെ.

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ-- പേജ് 30

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

**കൗമാ**

## ചൊവ്വാഴ്ച പ്രഭാത നമസ്ക്കാരം

**കൗമാ**

**പ്രാരംഭ പ്രാർത്ഥന --- പേജ്. 32**

**ദൈവമെ നിൻെറ കൃപയിൻ പ്രകാരം----- പേജ്. 34**

**കരുണയുള്ള ദൈവമെ ----- പേജ് 36**

**എൻെറ ദൈവമെ നീ എൻെറ ദൈവമാകുന്നു -- പേജ് 36**

**എനിയോനൊ**

**ജ**ഗതീ ദീപ്തി ദൈവതനൂജാ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം

**താതൻ** തൻ കതിരാം മശിഹായാം നാഥാ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം

**ഭീകര**മഹനീയാ അത്ഭുതകരദേവാ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം

**അജ്ഞത**യാലയ്യോ കല്പന ലംഘിച്ചേൻ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം

**പാപി**യിലലിവോനേ താപിജന പ്രീതാ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം

**വാന**വരുടയോനേ മനുജർക്കാശ്രയമേ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം

**പ്രാണ**പ്രദദേവാ മൃതരുടെ പ്രത്യാശേ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം

**ബാറെക്മോർ. † ശുബഹോ – മെന്ഓലാം--**

**ത്രിത്വ**പൂജിതനാം ഏകൻ സർവ്വേശാ
നിൻമുൻ വന്നേൻ കൃപ ചെയ്യേണം. **ആമ്മീൻ**

**113-ാ0 സങ്കീർത്തനം**

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. ---പേജ് **37**

## എക്ബോ

(ബ്ഹൌനൂഹറൊഗായൊ

ശുഭതേജസ്സിൽ മാലാഖമാർ നിന്നെശുശ്രൂഷിപ്പൂ
പുലരിയുദിക്കെ സൃഷ്ടികളെല്ലാം ആദ്യം നിന്നെ വന്ദിപ്പൂ

**സ്തൗമെൻ കാലോസ് --- ---**

## കോലൊ

*(ദഹത്തൊലോനെഹത്തെ)*

പേത്ഗോമോ: **കേൾക്കണമെ പുലരിയിലെൻ നാദം ഹാ--**

**പ്രാത**ക്കാലത്തിൽ ധൂപം വയ്ക്കുമ്പോൾ
ദൂതന്മാർ വാനിൽ സ്തോത്രം പാടുന്നു
പാപം പൂണ്ടോർക്കായ് മോചിപ്പിൻ ധൂപം
പട്ടക്കാരീശന്നർപ്പിച്ചീടുന്നു, ഹാലേലുയ്യാ ഉ ഹാലേലുയ്യാ
നാഥായാചിപ്പിൻ സാഫല്യം നൽക. **ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒലമീനാമീൻ**

**ഉറ്റു**ങ്കൽ ചെന്ന് നീരിന്നർത്ഥിച്ച്
ശമറായ സ്ത്രീയെ വീണ്ടോനെ സ്തോത്രം
നീരങ്ങർത്ഥിച്ചു സ്ത്രീ തന്നില്ലേതും
ദിവ്യം പാനീയം നീ ദാനം ചെയ്തു, ഹാലേ- ഉ ഹാലേ
നിൻ രക്തം മൂലം ലോകം നീ വീണ്ടു

**ധന്യേ** മാതാവേ നിന്നോടുള്ളൻപാൽ
പാപത്തിൻ ഭാരം നാഥൻ നീക്കട്ടെ
ന്യായത്തീർപ്പിങ്കൽ പായിക്കാതമ്മേ
പ്രാർത്ഥിക്കേണം നീ നിൻ പുത്രൻ മുമ്പിൽ, ഹാ- ഉ ഹാ-
നിൻ യാചിപ്പെന്നും ഞങ്ങൾക്കാലംബം

**കന്യാ**മേഘംഭൂ-ലോകേശൻ തന്നെ
എവ്വണ്ണം പൂണ്ടെന്നെന്നോടോതേണമെ
മാലാഖാമുമ്പൻ ഗബ്രിയേൽ ചൊന്നാൻ
ലോകേശൻ നാഥൻ വാഴ്‌വൂ നിന്നുള്ളിൽ, ഹാ- ഉ ഹാ-
താൻ തന്നെ സത്യം വിശ്വത്തെ വീണ്ടോൻ

**തന്നുള്ളം** കൈയ്യിൽ പള്ളിക്കുള്ളിൽനൽ
പീഠം നിർമ്മിച്ചോൻ മശിഹായെ സ്തോത്രം
നിബിയർ ശ്ലീഹന്മാർ സഹദേർ സിദ്ധന്മാർ
എന്നീ നിക്ഷേപം സൂക്ഷിച്ചാനുള്ളിൽ, ഹാ- ഉ ഹാ-
ഈ ദിവ്യാഗാരം സ്ഥാപിച്ചോൻ ധന്യൻ

**എന്നോടോതേണം** സഹദേന്മാരേ കേൾ
എന്തോർത്തിക്കഷ്ടപ്പാടെല്ലാമേറ്റു
ആ ഭാഗ്യം നേത്രം ദർശിച്ചിട്ടില്ല
കേട്ടിട്ടില്ലേ കാ-തുള്ളാർന്നിട്ടില്ല, ഹാലേ- ഉ ഹാലേ-
ഭക്തന്മാർക്കീശൻ നൽകീടും സ്ഥാനം

**മാർത്തോമ്മാ** ശ്ലീഹാ നിന്നെയോർമ്മിച്ചോ-
രാട്ടിൻ കൂട്ടത്തെ കർത്തൻ കാക്കുന്നു
കണ്ടാലും നിന്നെ കൊണ്ടാടും കൂട്ടം
നിന്നെ നന്ദിക്കും മശിഹായെ വാഴ്ത്തും, ഹാ- ഉ ഹാ-
നിൻ യാചിപ്പെന്നും ഞങ്ങൾക്കാലംബം

**വെട്ടം** വീണപ്പോൾ ദാവീദാമോദാൽ
ദേവാഗാരത്തിൽ പ്രാർത്ഥിപ്പാൻ പോയി
ലോകം വീണ്ടോനേ നാഥാ എൻ വാക്യം
ധ്യാനം കണ്ണീരെന്നിവ കൈക്കൊള്ളേണമേ ഹാ- ഉ ഹാ-
നീ നൽകീടേണം പാപത്തിൻ ശാന്തി

**പാപം** ചെയ്യായ്‌വാൻ വാതുക്കൽ നീതി
പേരേടും പേറി കാവൽ നിൽക്കുന്നു
തൻ കൈപ്പേനായാൽ ചേർക്കും ഗ്രന്ഥത്തിൽ
മർത്യന്മാർ കൃത്യം ഹാ നിർദ്ദാക്ഷിണ്യം ഹാ- ഉ ഹാ-
സർവ്വാന്തവേദീ കാരുണ്യം ചെയ്ക

**കർത്താവേ** ഞങ്ങൾ വാതിൽ മുട്ടുന്നു
നീയല്ലോ നൽകുന്നെല്ലാമെല്ലാർക്കും
ചോദിച്ചാൽ കിട്ടും തേടുമ്പോൾ കാണും
മുട്ടുമ്പോൾ പാതിൽ ബന്ധം നീങ്ങുന്നു, ഹാ- ഉ ഹാ-
വാതിൽ കേഴുന്നോർ-ക്കേകുന്നോൻ ധന്യൻ

**വിശ്വാസത്താലെ** വാങ്ങിപ്പോയോരെ
പ്രാർത്ഥിച്ചീടുമ്പോ-ളോർത്തീടേണം നാം
ആശ്വാസം നിത്യം പ്രാപിച്ചീടാനായ്
ത്രോണോസിന്മേൽ പേ-രോർത്തീടേണം നാം, ഹാ- ഉ ഹാ
ജീവിപ്പിക്കുന്നോൻ നാഥാ സ്തോത്രം തേ.

**മൊറായോറാഹേം----**

**(ശ്ലോമ്മേദാബോ)**

**പെത്ഗോമോ: ദൈവത്തിൻ തിരുവിഷ്ടം പോൽ**

**പ്രാർത്ഥനകൾക്കായ്** വാനത്തിൻ വാതിൽ തുറക്കും-
പുലർകാലെ, ശുശ്രൂകളേറ്റുടയോനേ,
യാചനകൾക്കു-ത്തരമരുളി, ആത്മാക്കൾക്കേകീടണമെ
ശരണമതും സംരക്ഷയതും. **ബാറെക്മോർ**

† **ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒലമീനാമീൻ**

**ഇരുൾ** മൃതി സാത്താനെന്നിവയെ കൽപ്പനയാൽ
പാടെനീക്കി, ക്ഷിതിയെ ദ്യോതിപ്പിച്ചോനേ,
വലഭാഗേമേവും തനയാ, പ്രാത:ക്കാലത്തിരുലോകർ
സ്തുതി നിൻ പേർക്കായർപ്പിപ്പൂ

**താതൻ** ശ്ലോമ്മോ ഗബ്രീയേൽ മൂലം മേലീന്നാധന്യ
മറിയാമിനു നൽകപ്പെട്ടു, തീ പൂണ്ടോർ വായിൽ തിങ്ങും
ശ്ലോമ്മോ ചൊന്നാൻ നാഥൻ നിൻ
കൂടെ തന്നുദയം നിന്നിൽ

**ദാസ്യത്തിൻ** നിബി ഹസ്ക്കീയേൽ ദർശക-
നയനത്താൽ കണ്ടാൻ, ദാവീദിൻ മകൾ കന്യകയെ
കർത്താവിന്നത്ഭുതകരമാം, ദൈവിക ദർശന നിരയാല-
മ്മഹിതം രൂപം വിരചിച്ചാൻ

**ശ്ലോമ്മോ** **മ്മായാന്നിബിയന്മാർക്കും,** ശ്ലോമ്മോയാശ്ലീ-
ഹന്മാർക്കും, ശ്ലോമ്മോ തൻ നാ-ഥൻ തന്നെ
സ്നേഹിച്ചോരാം സഹദേർക്കും, ശ്ലോമ്മോ തൻ സ-
ന്താനങ്ങൾ മരുവും സഭയാൾക്കും ശ്ലോമ്മോ.

**സഹദേന്മാരെ** സമരത്തിൽ സഹഭടനായ് നിന്നുത്സാഹം
നിങ്ങൾക്കരുളിയൊരാനാഥൻ സത്യ-സ്നേഹം തൃക്കൺ-
പാർത്താദര പൂർവ്വം വലുതാക്കി
നിങ്ങൾ തൻ പെരുന്നാളുകളെ.

**മാർത്തോമ്മാ** നീയാർജ്ജിച്ചു വേഗം കൂടും പക്ഷങ്ങൾ
വാനത്തിൽ പാറിപ്പൊങ്ങി, പ്രതിദാനം നീ കൈക്കൊള്ളും
നിൻ സുകൃതത്താലുടയോനെ
എതിരേൽപ്പാൻ നീ ചെന്നെത്തും

**നാഥാ** വരണം നിൻ രാജ്യം വാനതിലേപ്പോൽ തിരുവിഷ്ടം
ഭൂലോകത്തിലുമാകണമെ, കടപാപങ്ങൾ പോക്കണമെ
ദുഷ്ടപരീക്ഷകളെ നീക്കി രക്ഷിക്കണമേ ഞങ്ങളെ നീ.

**മോഷ്ടാവേ** നീ പറുദീസിൻ ശ്രേഷ്ടതമുറ്റും വെളിവാക്കി
കാട്ടിത്തരണേ ജീവതരു ജാഗരണം പ്രാർത്ഥനനോമ്പൊടു
നീതിയെഴും കാഴ്ചകളെന്നീ മുൻപാം ഫലമാർജ്ജിക്കട്ടെ

**ദൈവത്മജർ** നാമായീടാൻ നമ്മെ ശീലിപ്പിച്ചോരാം
താതന്മാരെയോർക്കേണം പുണ്യം ചെയ്തോരോടൊപ്പം
നൽകും ദൈവത്തിൻ തനയൻ സ്വർഗ്ഗത്തലവർക്കാശ്വാസം

**കൂക്കിലിയോൻ**

നീചന്മാരിലസൂയ നിനക്കുണ്ടാകരുതേ ഹാ ---
ദുഷ്ക്കർമ്മികളിൽ വൈരമതും

ദൈവത്തിൽ പ്രത്യാശയൊടെ ചെയ്യുക നന്മ ഹാ ---
ഊഴിയിൽ മരുവിത്തിരയുക നീ വിശ്വാസം. **ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒലമീനാമീൻ**

**എക്ബോ**

പ്രാത:ക്കാല-ത്താദ്യം സൃഷ്ടികളന്ധതയെ മായിച്ചോനെ
വന്ദിച്ചേവം കീർത്തിപ്പൂ സ്തോത്രം തേ ദേവേശാ.

**സ്തൗമെൻ കാലോസ്** --- ---- ---

## കോലൊ

പ്രാവിനെവിട്ടു പുലരിയില പ്രളയത്തിൻ നിലയറിയാനായ്
*നീതി പ്രിയനാകും നോഹ - പരമ സമാധാനകുറിയായ്*
സൈത്തിലപേറി കൊണ്ടു തിരിച്ചെത്തി പടവതിലപ്പറവ

**ബാറെക്മോർ** **† ശുബഹോ----**

പുലർവേളയതിൽപ്രാർത്ഥിച്ചാൻ മൂശാനിബിഗിരിശൃംഗത്തിൽ
*ദൈവം പ്രത്യുത്തരമരുളി മെസ്രേംകാരുടെ ദാസ്യത്തീ-*
ന്നിസ്രായേല്യരെ രക്ഷിപ്പാൻ വടിയും അധികാരവുമേകി

**മൊറിയോറാഹേം മേലൈൻ --- ---**

## ബോവൂസൊ

മാഞ്ഞിടുമീ പ്രാത:ക്കാല-ത്തെൻ നാഥാ കൃപചെയ്യണമെ
അക്ഷയമാം പ്രാത:ക്കാലേ-നിർത്തണമെ വലമായിവരെ

അൻപുടയോനേ നിന്നറയീ-ന്നൻപും മോചനവും നേടാൻ
ലോകം രാവിലെ നിൻ കൃപയിൻ-വാതിൽക്കൽ മുട്ടുന്നാദ്യം

നാൾമുഴുവൻനിൻരക്ഷയ്ക്കായ്-
മർത്യസ്നേഹീഞാൻപാർത്തു
നിൻവരവിൻവൻപുലരിയതിൽ
ഞങ്ങളെനിർത്തണമേവലമായ്

സൈത്തിലയുംപേറിത്തിരികെ നോഹിങ്കൽപ്രാവെത്തിയപോൽ
കാരുണ്യം നേടിത്തിരികെ ഞങ്ങടെ യാചന ചേരട്ടെ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ നിൻെറ തിരുനാമത്തിന് സ്തുതി പാടുന്നതും, പ്രഭാത സമയത്ത് നിൻെറ കൃപയേയും രാത്രി കാലങ്ങളിൽ നിൻെറ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതസമയത്ത് എൻെറ ശബ്ദം നി കേൾക്കേണമെ. പ്രഭാതസമയത്ത് ഞാൻ ഒരുക്കത്തോടെ നിനക്ക് കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ, ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ,

നിന്റെ വലതു കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

**കൗമാ**

## ചൊവ്വാഴ്ച മൂന്നാം മണി

**കൗമാ**

*(മ്ശീഹൊനാത്താറേഹ്)*

**സംസാരിച്ചാനുപകളാൽ ജഗതീ രക്ഷകനാം നാഥൻ**
**കാന്തൻ തന്നെക്കാന്തയൊട-ങ്ങെതിരേൽപ്പാൻ ദീപംപേറി**
**നിർഗ്ഗതരായോരു കന്യകളൊ-**
**ടൊപ്പംപാർത്താൽ സ്വർഗ്ഗ മഹാരാജ്യം**
**മുങ്ങി നിദ്രയിലെല്ലാരും പൊങ്ങീ അപ്പോഴാരാവം**
**വന്നൂ മണവാളൻ അറിവുള്ളോരറയിൽ കയറി**
**അറിവറ്റോരാവാതിൽക്കൽതേങ്ങിത്തേങ്ങിപ്രലപിച്ചയ്യയ്യോനിന്നു**

**ബാറെക്മോർ. † ശൂബഹോ-- മെന്ഓലാം വാദാമോ---**

**ഏകൻ പുത്രൻ പിതൃവചനം ദൃഷ്ടാന്തളെ നിർമ്മിച്ചാൻ**
**പാരം ധനമുള്ളോനേകൻ വാണാൻ മുഴുകിക്ഷേമത്തിൽ**
**കൊറ്റു കഴിപ്പാൻ കൊതി പൂണ്ടോൻ**
**പരമ ദരിദ്രൻ മറ്റൊരുവൻ ലാസർ**
**മൃതിയിൽവാനവരബ്രാഹാംതാതൻ തൻമടിയിൽചേർത്താൻ**
**ജീവൻവിട്ടപ്പോൾ ദണ്ഡനമേൽപ്പാൻപോയ്ധനവാൻ**
**അന്യരിലാദ്രത കാട്ടാത്തോൻ-നരകം തന്നിൽ**
**യാതനയേറ്റാനെന്നേയ്ക്കും. മൊറിയോറാഹേം --**

**ബോവൂസോ**

**ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു**
**പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപചെയ്യേണം**

**മാലോടാത്മം ചൊല്ലുന്നേവം പാപം ചെയ്യും**
**മുമ്പുള്ളോരാസൌന്ദര്യമെനിക്കാരിന്നേകി**
**അൻപുടയോനാമുടയോനെന്നെ തള്ളുന്നാകിൽ**
**എൻ സൌന്ദര്യം തിരികെത്തരുവാനാരുണ്ടുകും**

രാജ്ഞീരൂപം പൊയ്പ്പോയാളാമാത്മാവേ വാ
നിൻ സൌന്ദര്യം രക്ഷിതമല്ലോ നിൻ നാഥങ്കൽ
നീയെത്തുമ്പോൾ വാഗ്ദത്തം പോൽ നൽകും നാഥൻ
വീണ്ടും നിന്നെ ഭരമേൽപ്പിപ്പാൻ കാക്കുന്നീശൻ
ദേവാ ദേവാ ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം ന്തി

കൗമാ

---

## ചൊവ്വാഴ്ച ആറാം മണി

### കൗമാ

### കോലൊകൾ

(ശ്ലോമേദാബോ)

കടുമിന്നൽപിണരിന്നൊപ്പം കണ്ടാൾ മാലാഖയെ മറിയാം
*ചൊന്നാൻമൃദുവായ്മറിയാമേ ശ്ലോംനാഥൻനിന്നൊടുകൂടെ*
അത്യുന്നതനമരും നിന്നിൽ-വാഴും നിന്നിൽ റൂഹ്ക്കുദിശാ

**ബാറെക്മോർ.** **† ശുബഹോ---**

ദുഷ്ടപ്പടയിന്നും കാക്കും കോട്ടകളാകട്ടെ നിങ്ങൾ
*നിബിശ്ലീഹാ സഹദേന്മാരേ അസ്ഥികളെ ബഹുമാനിച്ചോർ*
പ്രാർത്ഥനമൂലമനുഗ്രഹമേ-റ്റവകാശിക്കണമെ രാജ്യം

**മെന്ഓലാം വാദാമോ---**

വിഗതർക്കോർമ്മ ഭവിക്കട്ടെ ശരണം ജീവിതജനതയ്ക്കും
*കനിവേറും താതൻദൈവം സംസ്തുത്യൻബഹുമാനാർഹൻ*
കർത്താവാം നമ്മുടെയുടയോൻ ശരണം രണ്ടുലകങ്ങൾക്കും

**മൊറിയൊറാഹേം----**

ജനനീ പരിശുദ്ധ പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും വിഗതർക്കും നൽക

മറിയാമ്മിൻ സ്മരണം വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട

പരിശുദ്ധ ശ്ലീഹാ നിബി സഹദേന്മാരെ

യാചിപ്പിൻ കൃപയെ ഞങ്ങൾക്കായ് നിങ്ങൾ

നിൻ ശരണേ മൃതരാം താത സഹോദരരിൽ
ചൊരിയണമേ മോദപ്പനിനീരെൻ നാഥാ

സുസ്മൃതി ജനനിക്കും വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും ചേർപ്പോനെ സ്തോത്രം

ജനനീ പരിശുദ്ധ പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും വിഗതർക്കും നൽക

*(വിശുദ്ധകുർബാനയുള്ള ദിവസങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ ചൊല്ലേണ്ടതില്ല)*

**നിന്നെ പ്രസവിച്ച മാതാവിൻേറയും----- പേജ് 45**

**കൗമാ**

*****വിശ്വാസപ്രമാണം*** ധൂപ പ്രാർത്ഥന**

---

## മാവുർബോ I

(ലേക് ദീസൈക്ക് ശുബഹോറൊ)

ദൈ-വത്തിൻ മാതാവേ, ഭൂലോകത്തിൻ
സ്തുതിതൻ ഭാജനമാം
നിന്നിൽ നിന്നും വചനമതാം
ദൈവം ഹിതമൊടു ജഡമേറ്റു
പരമ വിശുദ്ധിയെഴും കന്യേ
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ.

ഞാ-ൻ മേവുന്നേടത്തെൻ ശുശ്രൂഷകരും
മേവിടുമെ-ന്നുള്ളോരാനിൻ മൊഴിയാൽ ശാശ്വതമാം
ജീവിതമാർജ്ജിപ്പാൻ സഹദേർ
നശ്വരമായതു കൈവിട്ടാർ
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ

കർത്താവേ പാവനമാം നിന്തിരുമെയ്യും
പുണ്യതമാം നിണവും
കൈക്കൊണ്ട പരേതർക്കെല്ലാം

കനിവൊടു ശരണം നൽകണമെ
നിൻെറ മഹത്വമുദിക്കും നാൾ
വലഭാഗത്തവർ നിൽക്കേണമെ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

**ക്നൂമ്മാ മൂന്നായീടും സത്യൈകേശൻ**
**താതൻ തന്നെ നാം**
**വാഴ്ത്തേണം സുതനെ വണങ്ങി**
**കീർത്തിക്കേണം റൂഹായെ**
**ദൈവത്തിൻ കൃപ നമ്മുടെ മേൽ**
**ഉണ്ടാകട്ടെന്നന്നേയ്ക്കും. ആമ്മീൻ**

---

**II** (ഹൊയ്ദ്മെൻ ശ്മായോനെ)

വാനവ ദൂതർ മാനിക്കുന്നോളെ - വാനവരനിശം
വാഴ്ത്തീടുന്നോളെ - ദൈവ ജനിത്രി ശ്ലോമ്മോ തേ

**മശിഹാതൻപ്രിയരാം പരിശുദ്ധന്മാരെ-ശ്ലോമ്മോ ക്ലേശം**
**പൂണ്ടോരെ ഭാഗ്യം - പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്**

ഈറയ സഹിതം പുനരുത്ഥാനത്തി-ന്നെത്തുമ്പോൾ വി-
ശ്വാസികളാം മൃതരിൽ - കൃപ ചെയ്യണമെ കർത്താവേ.

**ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

**ആദ്യന്ത വിഹീനൻ താതനെ വാഴ്ത്തീടാം † കുരിശാൽ**
**വീണ്ടോൻ സുതനെ വന്ദിക്കാം റൂഹ്കൂദിശായെ**
**കീർത്തിക്കാം. ആമ്മീൻ.**

---

**III** (ലെക്ദ്ക്കിസോ ഉസഹിയസ്)

**അളവറ്റോനാം ദൈവത്തെ ഗർഭാശയമാം മണിയറയിൽ**
**വിസ്മകരമുൾ കൊണ്ടോളാം പാവനകന്യേ ദൈവത്തിൻ**
**മാതാവേ നിന്നെ ഞങ്ങൾ സതതം വാഴ്ത്തുന്നു.**

അത്യവശതയൊടു മാർതോമ്മാ
നിന്നെവിളിക്കുന്നുഞങ്ങൾ
യാചനകളെ നിറവേറ്റണമെ സർവ്വോപരി നിന്നെ നാഥൻ
സ്നേഹിപ്പൂ നിൻ പ്രാർത്ഥനയീ-ഞങ്ങൾക്കാലംബം

തിരുമെയ്യുംതിരുരക്തമതുംകൈക്കൊണ്ടൊരുവിശ്വാസികളെ
ജീവിപ്പിച്ചിടുമെന്നേവം നൂതന ജീവിത വാഗ്ദത്തം
നേടിയ വിഗതന്മാർ ധന്യർ പ്രാണദനാണീശൻ

**ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

സത്യൈകേശൻ ജനകന്നും സുതനും വിമലാത്മാവിന്നും
ശ്രുതി മധുരം മോദപ്രദമാം വിമലസ്തുതിയർപ്പിക്കുന്നു
ത്രിത്വാത്മജനെ ഞങ്ങളുമ-ങ്ങനിശം കീർത്തിപ്പൂ **ആമ്മീൻ.**

---

IV (ലെക്പായോ ദൻകാലോസ്)

ദൈവത്തിൻ-മാതാവേ, കന്യേ നീ മൂലം ദൈവം
മാനവ വർഗ്ഗത്തൊടു യോജിച്ചതിനാലെന്നേക്കും
നീ കീർത്തിതയാകാൻ യോഗ്യ.

സർവ്വാ-ധീശാ നാഥാ നിന്നൊടെഴും സ്നേഹം മൂലം
യാതനയേറ്റോരാപ്പരിശുദ്ധന്മാരർത്ഥിക്കും
പാപികളാകും-ഞങ്ങൾക്കായ്

ഉടയോനാം മശിഹായെ-ഉത്ഥാനത്താലാശ്വാസം
നേടാൻ നിൻ വരവിന്നായ് മൃതരേറ്റം കാംക്ഷിപ്പൂ
അവർ നിന്നെ-ക്കീർത്തി-ക്കട്ടെ. **ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

സ്വർഗ്ഗമതിൽ വാഴ്വോനെ, തിരുസഭതന്നിൽ പുണ്യത്തിൻ
തിരുബലി പീഠത്തെ സ്ഥാപിച്ചോനെ, എന്നേക്കും
ഉന്നതനേ പരിശുദ്ധൻ നീ. **ആമ്മീൻ.**

**V** (ഏശാനെ ദുസ്കദ്ഹോദെ)

**കന്യക ഗർഭിണിയായതിനാൽ**
**ആനന്ദിക്കുക നിബിയാമേശായാ**
**അമ്മനുവേലാമാദ്യജനെപ്പെറ്റു കന്യകയാൾ**
**ഉദയം ദൈവിക ദൈവം, കതിരെന്നിവ**
**നിബി ചൊല്ലിയ തൻ നാമങ്ങൾ**
**അവനെക്കീർത്തിച്ചാ ജനനിക്കനിശം**
**ഭാഗ്യം നേരുന്നീ ഞങ്ങൾ.**

താതന്മാരെ പണ്ഡിതരാം
മൽപ്പാന്മാരെ പാരം മോദിപ്പിൻ
വചനമതാകും വിത്തുവളർന്നേവൻഗേല്യോനിൽ
നാഥൻ നേരായരുളിയപോൽ
മുപ്പതുമറുപതുമൊരുനൂറും മേനി
വിശ്വാസമതാകുന്ന ഫലം
ലോകർക്കരുളിയതോർത്താലാശ്ചര്യം.

**സർവ്വേശാ മശിഹാ വിശ്രാന്തിയു-**
**മാനന്ദമതും ദാസർക്കരുൾക**
**മരണം കൈക്കൊണ്ടോനാം നീ-പാതാളസ്ഥിതരെ**
**നാശം തീർത്തെഴുന്നേൽപ്പിപ്പാൻ**
**സാക്ഷാത്താം ജീവോത്ഥാനങ്ങൾ**
**വാഗ്ദത്തം ചെയ്തോതിയപോൽ**
**ആശ്വാസമവർക്കുത്ഥാനേ നൽക. ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

വീണുവണങ്ങിക്കീർത്തിക്കുക
പാവന സഭയെ നിന്നാത്മജരൊപ്പം
ത്രിത്വരഹസ്യമതാം താതാ-ത്മജ റൂഹ്ക്കുദിശായെ
ജനകൻ സത്യ പ്രഭ തനയൻ
നിത്യമതാകും കിരണത്തിന്നുദയം
റൂഹായാശ്വാസ പ്രദനാം
ഏകൻ ദൈവത്തെ വാഴ്ത്തുന്നെങ്ങൾ. **ആമ്മീൻ.**

## VI (കാദ് മ്കദ്മീനാൻ)

ദൈവത്തിൻ മാ-താവേ കന്യേ-വാഴ്ത്തുന്നു നിന്നെ ഞങ്ങൾ
ഞങ്ങൾ വണങ്ങിക്കീർത്തിപ്പൂ-നിന്നിൽ നിന്നു പിറന്നോനെ

നിബിശ്ലീഹാസഹദേരെ ഞങ്ങൾനിങ്ങളെയേറ്റംവാഴ്ത്തുന്നു
ആർക്കായ് പാടേറ്റു നിങ്ങൾ-അവനെ നമിച്ചു പുകഴ്ത്തുന്നു

വിശ്വാസികളാംവിഗതന്മാരെ നിങ്ങളെയോർക്കുന്നു ഞങ്ങൾ
പ്രാണപ്രദനൊടു യാചിപ്പൂപുണ്യം നിങ്ങൾക്കേകീടാൻ.

**ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമേ---**

ദേവാധിപനാം മശിഹാ നാഥാ-വാഴ്ത്തുന്നു നിന്നെ ഞങ്ങൾ
താതനെയും വിമലാത്മത്തേയും
ഞങ്ങൾ നമിച്ചു പുകഴ്ത്തുന്നു. **ആമ്മീൻ.**

---

## VII (ല്ഹൗ ദേസീലേദ് ഗല്യോയീസ്)

പരിണയമെന്യേ കന്യകയീന്നുദയം
ചെയ്തോനെ വാഴ്ത്താൻ വന്നീടുവിൻ
കന്യാഗർഭത്തീന്നുദയം-ചെയ്തോരു
നീതിമഹാർക്കനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

വീര്യം തൻ പോരാട്ടക്കാ-ർക്കേകി-
യൊരുടയോനെ വാഴ്ത്താൻ വന്നീടുവിൻ
സമരത്തിൽ ജയമാർന്നോർക്കായ്-മകുടം
നൽകിയ നാഥനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

പ്രിയനാം ലാസറിനെ കബറീ-ന്നെഴുന്നേൽ-
പ്പിച്ചോനെ വാഴ്ത്താൻ വന്നീടുവിൻ
മൃതി പാശത്തീന്നും വിധവാ-സുതനെ
വിടുവിച്ചോനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

**ബാറെക്മോർ. † ശുബഹോ-- മെന്ഓലാം വാദാമോ---**

താതനെയും തൽ സുതനേയും-റൂഹ്കുദി-
ശായെയും വാഴ്ത്താൻ വന്നിടുവിൻ
പാവന ത്രിത്വ രഹസ്യത്തെ-സംഘം-ചേർ-
ന്നങ്ങൊന്നായ് നാമെന്നേരത്തും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം. **ആമ്മീൻ**

---

**VIII** (ല്ഹൌയൽദൊഗ്നീസൊ)

വിശ്വാസികൾ നമ്മെ രക്ഷിപ്പാൻ
ഗിരി ഹോരേബിൻ ജ്വാലയതിൽ
ദർശിപ്പിച്ചൊരഗോചരനാം-പൈതലിനെക്കീർത്തിച്ചീടാം
അതു പാർത്താൽ-അത്ഭുത കന്യാ സൂചനയാം
തന്മൂലം സ്തുതി സതതം നമ്മൾക്കർപ്പിക്കാം

ലോകത്യാഗികളാം ശ്ലീഹന്മാർ
വിജയായുധമായ് മശിഹായെ
നിത്യമണിഞ്ഞങ്കം വെട്ടി - കണ്ടാലും നമ്മൾക്കെല്ലാം
അവരിപ്പോൾ-അതുന്നതമാം കോട്ടകളാം
തന്മൂലം സ്തുതി സതതം നമ്മൾക്കർപ്പിക്കാം

കാരുണ്യ കടലാം കർത്താവേ,നിൻ ശരണമതിൽ
നിദ്രിതരാം
ദാസന്മാരെയനവരതം-മോദിക്കും,
ശുദ്ധന്മാർ തൻ ഭവനത്തിൽ, ശോഭനമാം കൂടാരത്തിൽ
പാർപ്പിച്ചേകീടണമേ മേന്മേലാശ്വാസം. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

പാവന പുത്രൻ തൻ പ്രേഷകനാം
താതൻ താൻ സ്തുത്യൻ വിശ്വാസം
പൂണ്ടോർ നാം രക്ഷിതരാവാൻ
നിർമ്മലമാമൂദരം തന്നിൽ
നിർമ്മലമായ്-വന്നധിവാസം ചെയ്തതിനാൽ
ആത്മജനെയനിശം നാം കീർത്തിച്ചീടേണം. **ആമ്മീൻ**

## സ്ലീബാ - കുക്കിലിയോൻ

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ - ഹാ---
ദ്വേഷികളെ മെതിച്ചീടും നിൻ നാമത്തിൽ
വൈരികളിൽ നിന്നും കാത്തെങ്ങളെ നീ - ഹാ---
ശത്രുക്കളെ ലജ്ജിപ്പിച്ചു. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

സ്ലീബാ വെന്നു വെല്ലുന്നു
സ്ലീബാ വിദ്വേഷിയെ വെന്നു
സ്ലീബായെ സാക്ഷിച്ചോർക്കായ്
സ്ലീബായാകട്ടെ കോട്ട. **സ്തൗമെൻ കാലോസ്---**

**കോലോ**

നാഥൻ കൂട്ടായുള്ളതിനാൽ - ദുഷ്ടനെ നാം പേടിക്കില്ല
തൻദിവ്യായുധ ധാരികളാം - നമ്മൾക്കുന്നതിയുണ്ടാകും.

**ബാറെക്മോർ † ശുബഹോ---**

സ്ലീബായെ തോളിൽ താങ്ങി
സീയോനിൽ നിന്നും പോയോൻ
മൃതർ തൻ അസ്ഥികളിൻ മീതെ
ചൊരിയട്ടെ കരുണ പനിനീർ

**മൊറിയോറാഹേം മേലൈൻ ഊവാദാറേൻ**

**ബോവൂസൊ**

സ്ലീബാവാഴുക സ്വർഗ്ഗത്തിൽ-സ്ലീബാ വാഴുക ഭൂമിയിലും
സ്ലീബാ പള്ളികൾ ദയറാകൾ-ക്കെല്ലാമാകട്ടെ കോട്ട.

**or**

യേറുശലേം ഗോഗുൽത്തായിൽ
ക്രൂശിതനാമീശോ സ്തോത്രം
പാറ പിളർന്നു തൻ ധ്വനിയാൽ
മൃതരേറി സ്തോത്രം പാടി.

## ചൊവ്വാഴ്ച ഒമ്പതാം മണി

† പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ആദിമുതൽ എന്നെന്നേക്കും തന്നെ ആമ്മീൻ.

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

ഞങ്ങളുടെ കർത്താവെ ഞങ്ങളോട് കരുണ ചെയ്യണമെ

ഞങ്ങളുടെ കർത്താവെ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ

ദൈവമെ നിനക്ക് സ്തുതി,

സ്രുഷ്ടാവെ നിനക്ക് സ്തുതി

പാപികളായ നിൻെറ അടിയാരോടു കരുണ ചെയ്യുന്ന മശിഹാ രാജാവേ നിനക്കു സ്തുതി. **ബാറെക്മോർ.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരു നാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവ നിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തു കൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമെ നിനക്കു സമാധാനം, ഞങ്ങളുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെ ട്ടവളാകുന്നു, നിൻെറ വയറ്റിലെ ഫലമായ ഞങ്ങളുടെ കർത്താവേശുമശിഹായും വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മർത്തമറിയമെ, (തമ്പുരാൻെറ അമ്മെ), പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവം തമ്പുരാനോടപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

## കോലോ

*ലോക് മൊറിയോകോറേനാൻ*

ഖേദം വേണ്ടാ മശിഹായിൽ മൃതി പൂണ്ടോരേ
ആസന്നം പ്രതിഫലമേകും പുനരുത്ഥാനദിനം
കേടെന്യേ കബറുകളിന്നും നിങ്ങളെഴുന്നേ-
റ്റതിവേഗം രാജാത്ജനെയെതിരേൽപാനെത്തും
മഹിമാവിൻ നിരാളം ചാർത്തി
തിരുമുമ്പിൽ സ്തുതിപാടും നിങ്ങൾ
കനിവാലാദാം സുതജീവപ്രദനേ കൃപ ചെയ്ക

**ബാറെക്മോർ**

**†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

മൂന്നാം നാൾ മൃതിഗതരെ പ്രതി ധൂപം വെയ്ക്കും
പതിവുണ്ടായതു നീതിപരന്മാർക്കങ്ങാതിമുതൽ
മോറാനാമീശോതൻ ശവസംസ്ക്കാരത്തിൽ
റൂഹ്ക്കുദിശായാലീറയരും നരരും കബറിങ്കൽ
ആദമിനെ മണ്ണാൽ നിർമ്മിച്ച
ജീവമയന്നർപ്പിച്ചു ധൂപം
ധൂപിത ദാസർക്കരുളണമെ കനിവാലാശ്വാസം

**മൊറിയോറാഹേം മേലൈൻ ---- ---**

## ബോവൂസൊ

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ
നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം
നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക
വന്നവനാം വരുവോൻ - മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

കൗമാ

## ബുധനാഴ്ച സന്ധ്യ

**† ശുബഹോ ----**

**ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ, അനുഗ്രഹങ്ങളും, കരുണയും രണ്ടു ലോകങ്ങളിലും, എന്നും എന്നെന്നേയ്ക്കും ചൊരിയപ്പെടുമാറാകണമെ. ആമ്മീൻ.**

പ്രാരംഭ പ്രാർത്ഥന

**ദൈവമായ കർത്താവേ, പകൽ സമയത്തെ അദ്ധ്വാനങ്ങളിൽ നിന്ന് ഞങ്ങളുടെ ശരീരം വിരമിക്കുകയും, ലൗകിക ചിന്തകളിൽ നിന്ന് ഞങ്ങളുടെ മനസ്സ് പിൻവാങ്ങുകയും ചെയ്തുകൊണ്ട്, ഈ സന്ധ്യാ സമയത്ത് ശാന്തമായി തിരുസന്നിധിയിൽ നിലകൊണ്ട്, നിത്യ സ്തുതികളും തുടർച്ചയായ സ്തോത്രങ്ങളും നിനക്കർപ്പിക്കുവാനും, ഞങ്ങളുടെ ജീവനെ സംരക്ഷിച്ച് നയിക്കുന്നവനും, ഞങ്ങളുടെ ആത്മാക്കളുടെ സഹായിയും രക്ഷിതാവുമായ നിൻെറ കൃപയ്ക്ക് സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ ----- ആമ്മീൻ**

**141, 142, 119, 117 സങ്കീർത്തനങ്ങൾ**

**കുറിയേലായിസ്സോൻ: കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ. എന്നോടു നീ ഉത്തരമരുളി ചെയ്യണമെ. എൻെറ വചനങ്ങളെ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളുകയും ചെയ്യണമെ.**

**എൻെറ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എൻെറ കൈകളിൽ നിന്നുള്ള കാഴ്ച, സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ. എൻെറ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും, ഞാൻ അന്യായക്രിയകളെ പ്രവൃത്തിക്കാതെയും ഇരിക്കത്തക്കവണ്ണം, എൻെറ വായ്ക്ക് ഒരു കാവൽക്കാരനെയും, എൻെറ അധരങ്ങൾക്ക് ഒരു സൂക്ഷിപ്പുകാരനേയും നിയമിക്കണമെ.**

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധി കർത്താക്കൾ പാറയിൻ മുനയാൽ തടുക്കപ്പെട്ടു ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതു പോലെ, ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്ക് ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികളെ മറച്ചുവെച്ചിട്ടുള്ള, പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എന്റെ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ അറിയിക്കയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികളെ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി,, എന്നെ അറിയുന്നവൻ ഇല്ലെന്ന് ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എന്റെ ദേഹിക്കു വേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ, ജീവിച്ചിരിക്കുന്നവരുടെ ദേശത്ത്, എന്റെ ആശ്രയവും, എന്റെ ഓഹരിയും, നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട്, എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതു കൊണ്ട്, അവരിൽ നിന്ന് എന്നെ വിടുവിക്കണമെ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട്, എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമെ. നീ എന്നോടുത്തരമരുളി ചെയ്യുമ്പോൾ, നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട്, ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ, നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെ. നിന്റെ ന്യായപ്രമാണങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമെ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായി കെണികളെ വെച്ചു. എന്നാലും ഞാൻ നിന്റെ കൽപ്പനകളിൽ നിന്നു മാറിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേയ്ക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അതു എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു. നിന്റെ കൽപ്പനകളെ എന്നേയ്ക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് /ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. **ബാറെക്മോർ.**

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

**എക്ബോ**

യാചിക്കുന്നു, ഞങ്ങളൊടൊപ്പം ഞങ്ങൾക്കായ്
പ്രാർത്ഥിക്കുക നീ, നൃപപതി സവിധം
ശമവും ശാന്തിയുമുലകെങ്ങും വാഴ-ട്ടതിനായ്
സദയം നീ-ക്കീടട്ടെ, സകല നിവാസങ്ങളിൽ
നി-ന്നരിശത്തിൻ ദണ്ഡം. **സ്തൗമെൻ കാലോസ്----**

**കോലോ**

**പെത്ഗോമോ: നാഥനെ വാഴ്ത്തുവിനുത്തമരെ**

പരിമള ധൂപയുതം ദൈവത്തിൻ ജനനി
കന്യകമറിയാമി-ന്നോർമ്മ ഭവിക്കട്ടെ. **ബാറെക്മോർ.**

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

പരിമള ധൂപയുതം വൈദിക മല്പ്പാന്മാർ
നീതിപ്രിയർ സിദ്ധർക്കോർമ്മ ഭവിക്കട്ടെ.

മറിയാമിൻ സ്മരണം വരദായകമാക
തൽ പ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട

ദൈവപ്രസവിത്രി കന്യക മറിയാമി-
ന്നുയരുന്നോയാറിൽ സുഖ പരിമള ധൂപം

ഭാഗ്യം നിബിയർക്കും ഭാഗ്യം ശ്ലീഹന്മാർക്കും
ഭാഗ്യം സഹദേന്മാർക്കും പുനരുത്ഥാനദിനെ

മശിഹായെ കാണ്മാൻ കാംക്ഷിച്ചൊരു സഹദേർ
വാളാൽ ചിറകുകൾ പൂ-ണ്ടുന്നത പദമേറി

നീതിയിൽ വിധി ചെയ്യും ന്യായാധിപതെ നീ
ഏറ്ററുതെ വിധിയിൽ കടമോർത്തീടരുതെ

ബലഹീനത നീക്കി തുണചെയ്യുക നാഥാ
രാപ്പകലടിയങ്ങൾക്ക് ആശ്രയമങ്ങല്ലൊ

മേലൂറിശിലേമിൽ മശിഹാസന സവിധെ
സ്മൃതി വിശ്വാസികളാം മൃതരാർജ്ജിക്കട്ടെ.

**മൊറിയോറാഹേം ---**

**പെത്ഗോമോ: വാനിലുമൂഴിയിലേദനിലും ഹാലേലൂയ്യാ**

ദയറാദേവാഗാരങ്ങളിലെല്ലാടത്തും
കന്യക മറിയാമ്മിന്നുണ്ടാകട്ടെ നല്ലോർമ്മ
നിർമ്മലമാം കന്യാത്വത്തിൽ തിരുവുളമാർന്നു
രാജാധീശനിറങ്ങി വസിച്ചവൾ തന്നുദരത്തിൽ
ഭുവിസ്വർഗ്ഗേ തൽസ്മൃതി വളരട്ടെ
കോട്ടയതായ് പ്രാർത്ഥന തീരട്ടെ
നാഥാ ചേർക്കുക ഞങ്ങളെ നിൻ മാതൃ സ്മരണത്തിൽ

**ബാറെക്മോർ: † ശൂബഹോ: മെനഓലം---- ----**

വാഴ്വേറും നിർമ്മല കന്യക തന്നുദരത്തിൽ
ഹിതമോടുദയംചെയ്തൊരു ദൈവസുതാസ്തോത്രംതേ
കർണ്ണത്താലവനെകൈക്കൊണ്ടുദരെ പേറി
ഗർഭാശയകന്യാ മുദ്രകളീന്നും നിർഗതനായ്
ജാതികളെ ലജ്ജാകുലരാക്കി
സ്തുതിയധികം താഴ്മ വരിച്ചോനെ
നരനായ് രക്ഷ കൊടുത്തവനെ സഭ കീർത്തിക്കുന്നു

പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരെ കർത്താവോടായ്
ഭിന്നത സഭതൻ സന്താനങ്ങളിലില്ലാതാവാൻ
നിങ്ങളതിൽ ചൊല്ലിയതാകും വിശ്വാസത്തെ
മായിച്ചിടുവാൻ ദുസ്താർക്കികരതിനെ ചുറ്റുന്നു
സത്യമതാം മൂശയിലാ വചനം
കനകം പോൽ ശോധിച്ചീടട്ടെ
വൈദികർ വാഴ്ത്തും ശുദ്ധസഭയ്ക്കുദയം ചേർത്തോനെ

† ക്രൂശിന്മേൽ തലചായിച്ചോൻ വലഭാഗത്തായ്
മുടി മുടയുന്നതു കണ്ടപ്പോൾ സഹദേന്മാർ നിങ്ങൾ
നാനാ വിധ യാതനയേയും കൂസീടാതെ
ഗളരുധിരത്താൽ ധവളിമയംഗങ്ങൾക്കുളവാക്കി
പീഢകളെ വെന്നിഹ മശിഹായെ
സ്നേഹിച്ചോർ ധന്യന്മാർ നിങ്ങൾ
ഭൂസ്വർഗ്ഗങ്ങളിലേറുന്നു സ്മരണം നിങ്ങൾക്കായ്

*(മാർത്തോമ്മാ)* പണ്ഡിതവൈദ്യാ രോഗാർത്തർക്കായ്
സൗഖ്യമിയറ്റിടുവാനധികാരം തേ നൽകി പരൻ
പാർത്താൽ നിന്നസ്ഥികളത്രെ ഞങ്ങൾക്കഭയം
ഞങ്ങടെ യാചന നിൻ പ്രാർത്ഥനയാൽ നൽകീടട്ടെ
ആരോഗ്യം വ്യാധിഗ്രസ്ഥർക്കും
വിശ്രാമം പീഡിത ജനതയ്ക്കും
ക്ഷമ ഞങ്ങൾക്കും പ്രത്യാഗമനം ദൂരസ്ഥർക്കും

ആഹ്വാനം ചെയ്യുന്നുതവിക്കെത്തുക നാഥാ
കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ വഞ്ചനയാൽ
ഭിന്നത നൃപവിധി കർത്താക്കളിലവനുളവാക്കി
ധാർമ്മികരെയും വീഴിപ്പാൻ വഴി നോക്കീടുന്നു
കർത്താവേ നിൻ കരുണയിലെന്യേ
സങ്കേതം ഞങ്ങൾക്കെങ്ങുള്ളൂ
ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക നിൻ † സ്ലീബായാൽ

ന്യായാധിപ ന്യായാധിപതേയങ്ങേക്കരിശം
ചേർത്തകടത്താലെൻ തലതാഴ്ത്തരുതെ വിധിഗേഹേ
മോചന യോഗ്യതയില്ലെങ്കിലുമെന്നിലിരിക്കും
നിന്തിരുമെയ്യും രക്തവുമോർത്തെന്മേൽ കൃപചെയ്ക
നിൻ സ്നേഹാൽ † സ്ലീബാ ഞാൻ കൂപ്പി
പിഴപോക്കി നിൻ മെയ് രുധിരങ്ങൾ
ഹിതമൊടു കരുണാമയനീശോ മമ നൽകുക മുക്തി.

ഖേദം വേണ്ടാ മശിഹായിൽ മൃതി പൂണ്ടോരെ
ആസന്നം പ്രതിഫലമേകും പുനരുത്ഥാനദിനം
കേടെന്യേ കബറുകളീന്നും നിങ്ങളെഴുന്നേ-
റ്റതിവേഗം രാജാത്മജനെയെതിരേൽപ്പാനെത്തും
മഹിമാവിൻ നീരാളം ചാർത്തി
തിരുമുമ്പിൽ സ്തുതി പാടും നിങ്ങൾ
കനിവാലാദാം സുതജീവപ്രദനെ കൃപ ചെയ്ക

<u>കുക്കിലിയോൻ</u>

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ- ഹാ- -
നിൻ വലമായ് രാജഭാമിനിയും

നിന്നഴകരചൻ മോഹിപ്പാൻ ഹാ-- ഹാ- -
നിൻ ജനമോർക്കായ്ക പിതൃഗൃഹവും. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

<u>എക്ബോ</u>

ആർദ്രതയാൽ ദാസി വിനയം തൃക്കൺപാർത്തോ-
രമലൻ ദൈവം തൻ ജനനി-യ്ക്കേകീടുന്നാനൌന്നത്യം

**സ്തൗമെൻ കാലോസ്-- --**

<u>കോലോ</u>

*<u>ലോക് മൊറിയോകോറേനാൻ</u>*

ചൊന്നാൾ മറിയാം നിൻ ശക്ത്യാ നിന്നെ വഹിച്ചേൻ
ജനനേ ഗുഹയിൽ നിൻ മഹിമാവെന്നെ നീ കാട്ടി
കാളുന്നച്ചെറുപുൽക്കൂടിനു ചുറ്റിലുമെരിതീ
പാറുന്നുപരിതലേ ചിറകാറുള്ളോർ സ്രോപ്പേന്മാർ
കർത്താവേ പക്ഷമുയർത്തിടുവാ-
നവരൊടു നീ കൽപ്പിച്ചീടണമെ
വന്നു വണങ്ങിത്തിരുഹിതമാം സ്തന്യം ഞാൻ നൽകാൻ

**ബാറെക്മോർ. † ശുബഹോ--- ഹാലേ---**

മന്നാച്ചെപ്പൊടുനിയമത്തിൻ പെട്ടിയൊടതിശു-
ദ്ധാകാരെ തളിരേകിയൊരഹറോൻ തൻ ദണ്ഡോടും
ഗിദയോൻ ഗൃഹ കമ്പിളിമഞ്ഞോടേലീശാ തൻ
നവകുംഭത്തൊടു തേജോമയനാമേ-ശായാതൻ
ത്വരയേറും മുകിലോടും മൂശാ
നിബി മുഖ്യൻ വാഴ്വെഴുമമ്മയെ നൽ
പ്രവചനനിയമ സ്ഥാനങ്ങളിലമ്പോ-ടുപമിച്ചു

**മൊറിയോറാഹേം-----**

ബോവൂസൊ

മാതൃ വിശുദ്ധ സ്മൃതി സംബന്ധം നൽകുക നാഥാ
തൽ പ്രാർത്ഥനയാൽ പുണ്യമിവർക്കും മൃതരായോർക്കും

ദാവിദുപുത്രി ഭൂപാലരെ നീക്കും ഭൂപങ്കൽ
സ്വാതന്ത്ര്യം തേ കാണ്മതിനാലെ യാചിക്കുന്നു
നിർമ്മല മാണിക്യക്കല്ലേ നീ നിന്നിലുദിച്ച
ഫലമായോനോടർത്ഥിക്കണമെ ഞങ്ങൾക്കായി

കല്ലറ വാസം ചെയ്യും മൃതരെ നേടുക ധൈര്യം
തൽ സന്ദേശം കേൾപ്പിൻ സവിധം പുനരുത്ഥാനം
ദാമ്പത്യത്തിൻ ജഠരേ രൂപം നൽകിയൊരാഗ്യം
ആഹ്വാനത്താലഴിവെന്യേ മെയ്യെഴുന്നേൽപ്പിക്കും

ഭാഗ്യവതിക്കും സിദ്ധർക്കും മൃതരാം ഭക്തർക്കും
സ്മൃതിയുയരത്തിലുമീ സഭയിലുമുണ്ടായീടട്ടെ

മോറാനേശു മശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കി ക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

കൗമാ

## ബുധനാഴ്ച സൂത്താറാ

കൗമാ

### കോലോ

അഖിലം ഞാനാരാഞ്ഞിട്ടും ദൈവഭയത്തെ മികച്ചൊന്നും
ഞാൻ ദർശിച്ചില്ല. തൻ സ്നേഹത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു മെസ്രേം രാജത്വം
മഹിതൻ മോശ വിഭാഗിച്ചാൻ വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരതിനാൽ-അഗ്നിയിൽ നിന്നും രക്ഷിതരായ്
തങ്കത്തേക്കാളതു കാമ്യം, മധുവിലുമതുമധുരം പാരം
ദൈവാരാധനയെ സ്നേഹിപ്പോൻ ധന്യൻ. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

കടലോരം വഴി പോകുമ്പോൾ, അന്യോന്യം വെട്ടിത്തിന്നും
മൽസ്യത്തെ ദർശി-ച്ചാർന്നേനാശ്ചര്യം
വിസ്മയ സഹിതം നിൽക്കുമ്പോൾ ചിന്തിച്ചേവം ഞാൻ
ഭുവനേ തമ്മിൽ വിഴുങ്ങുന്നോരുണ്ടീ മർതൃരിലും
ന്യായവിധിക്കെത്തീടാത്ത-ജീവിയെയെന്തിനു നിന്ദിപ്പൂ
കൺമുമ്പിൽ വിധികണ്ടാലും, പരനെവിഴുങ്ങും മർത്യന്മാർ
കുറ്റക്കാരവരെ-യേൽക്കുന്നോൻ ധന്യൻ

മൊറിയോറാഹേം മേലൈൻ ഊവാദാറേൻ

ബോവൂസൊ

ആർദ്രതതോന്നണമെ നാഥാ
ഇക്കർമ്മം കൈക്കൊള്ളണമെ
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകീടണമെ

വൃത്തികളാൽ കർത്താവേ ഞാൻ
നിൻ കോപത്തിനു പാത്രമതായ്
കരുണാബ്ധേ നീ കോപിക്കാ
സുസ്ഥിരമെ നിൻ നിർമ്മലത

നിബിവാക്യം പോൽ ജനമെല്ലാം
ജലബിന്ദുക്കൾക്കൊപ്പമതാം
നൈർമ്മല്യത്തെ ഭജ്ഞിപ്പാൻ
തിന്മയ്ക്കെങ്ങനെ സാധിക്കും

പ്രാർത്ഥന കേട്ടീടുന്നോനെ
യാചന നൽകീടുന്നോനെ
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമെ.

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

**ബാറെക്മോർ**, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ,

**ബാറെക്മോർ**, നീ കർത്താവിനോട് എന്റെ ശരണവും, എന്റെ സങ്കേതസ്ഥാനവും, ഞാൻ ആശ്രയിച്ചിരിക്കുന്ന എന്റെ ദൈവവും നീയാകുന്നു എന്നു പറക.

എന്തെന്നാൽ അവൻ വിരുദ്ധതയുടെ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും രക്ഷിക്കും

അവൻ തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും തന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്തു നിന്ന് ആയിരങ്ങളും, നിന്റെ വലത്തുഭാഗത്തുനിന്ന് പതിനായിരങ്ങളും വീഴും

അവർ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നീ നിന്റെ കണ്ണുകൾകൊണ്ട് തന്നെ കാണും, ദുഷ്ടന്മാർക്കുള്ള പ്രതിപകരവും നീ കാണും

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ, എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിനായിട്ട്, അവൻ തന്റെ മാലാഖമാരോട് നിന്നെക്കുറിച്ച് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട്, അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെവഹിക്കും

ഗൊർസൊ സർപ്പത്തേയും ഹർമ്മോനോ സർപ്പത്തേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, അവൻ എൻെറ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എൻെറ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എൻെറ കണ്ണുകൾ ഉയർത്തും, എൻെറ സഹായക്കാരൻ എവിടെ നിന്നു വരും

എൻെറ സഹായം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച, കർത്താവിൻെറ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻെറ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിൻെറ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തൻെറ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിൻെറ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻെറ ഗമനത്തേയും നിൻെറ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ – മെന്ഓലാം--

മഹോന്നതൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ കരുണയാൽ, നിൻെറ അടിയാരുടെ അപേക്ഷയെ നീ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരേണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹവും പരവുമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ കരുണ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളോട് കരുണ ചെയ്യണമെ.

<u>കൗമാ</u>

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. *(കുമ്പിടണം)*

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. *(കുമ്പിടണം)*

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. *(കുമ്പിടണം)*

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനും നിൻെറ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി

എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. **ബാറെക്മോർ**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ -- --- --**

**കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം -- ---**

<u>വിശ്വാസ പ്രമാണം</u>

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻേറയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്ത വയുമായ സകലത്തിൻേറയും സൃഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിൻെറ ഏകപുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരു വിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി † വിശുദ്ധ റൂഹാ യാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്നു, മനുഷ്യനായി പൊന്തിയോസ് പിലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗ ത്തിലേക്കു † കരേറി തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തൻെറ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻെറ രാജ്യത്തിന് അവസാന മില്ലാത്തവനുമായി യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന് മാമോദീസ ഒന്നുമാത്രമെ ഉള്ളു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. **ആമ്മീൻ**

**ബാറെക്മോർ. സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ.**

**ധൂപ പ്രാർത്ഥന----**

# ബുധനാഴ്ച രാത്രി

## കൗമാ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എൻെറ കർത്താവേ, നിൻെറ ഉണർച്ചയെ സ്തോത്രം ചെയ്‌വാനായിട്ട് പാപ മുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനെ, നിൻെറ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിൻേറയും നാശത്തിൻേറയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധ റൂഹായുമെ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധിയോടു കൂടി ഇപ്പോഴും എല്ലായ്പ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് പുകഴ്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ

## 113, 119 117 സങ്കീർത്തനങ്ങൾ

ബാറെക്മോർ: രാത്രി കാലങ്ങളിൽ കർത്താവിൻെറ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിൻെറ സകല ദാസന്മാരുമെ, കർത്താവിനെ സ്തുതിപ്പിൻ.

**ബാറെക്മോർ**: നിങ്ങൾ ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എൻെറ സ്തുതി നിൻെറ മുമ്പാകെ പ്രവേശിക്കട്ടെ, നിൻെറ വചനത്താൽ എന്നെ രക്ഷിക്കണമെ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും, എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിന്റെ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എന്റെ അധരങ്ങൾ നിന്റെ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ, നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിന്റെ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിന്റെ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. **ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എനിയോനൊ**

ഉണർവ്വേറും നാഥാ – ഉണർവരുൾകനുതാപത്തിന്നായ്

കന്യേ വിമലേ നിൻ - പ്രാർത്ഥന കോട്ടയതാകേണം

നിബി ശ്ലീഹന്മാരെ - പ്രാർത്ഥന കോട്ടയതാകേണം

ഗുരു താതന്മാരെ - പ്രാർത്ഥന കോട്ടയതാകേണം

കരുണാസാഗരമെ - സത്തമതനയാ കനിയേണം

വിശ്വാസികളാകും - മൃതരാർജ്ജിക്കണമാശ്വാസം **ബാറെക്മോർ**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**സ്തുതിയും സ്തോത്രമതും - ത്രിത്വത്തിനുനാം നൽകേണം**

**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**

## ഒന്നാം കൗമാ

**(ആബോക് സബ്വോ)**

**ലോകം രക്ഷിപ്പാനേകൻ സുതനവതാരം ചെയ്യുമ്പോൾ**
**മാതാവായ് കന്യാ മറിയാമിനെയേറ്റെന്ന്**
**ഒരു ലേഖനമെഴുതിത്താതൻ വിട്ടാൻ**
**ദൂതനെനസ്രേത്തിൽ**

| |
|---|
| കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. |

## കോലോ

**(ബ്കുൽമേദെം)**

**കന്യകപെറ്റാളൽഭുതനെ അവനെ വരിൻ പരിശോധിക്കാം**
**തലമുറകൾക്കാദ്യൻ കീറത്തുണി ചുറ്റി**
**പൗരാണികനാം വൃദ്ധനെയാ-ക്കന്യക പ്രസവിച്ചു**
**മലകളെയേന്തും ബലവാനെ ബാലിക ലാളിച്ചു**
**അപ്പം ദീനർക്കേകുന്നോൻ സ്തന്യംശിശുപോൽ നുകരുന്നു**
**ആദിയെഴാത്തോനാം സൂനു ആദിയെഴാനിഷ്ടം പൂണ്ടു**
**അവസാന വിഹീനൻ ജനനത്തിന്നെത്തി. ബാറെക്മോർ**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**മോഹനസുന്ദരനാമങ്ങൾ നൽകി പൂർവ്വിക നീതിജ്ഞർ**
**കന്യക ദാവീദിൻ മകൾ മറിയാമിന്നായ്**
**പൂട്ടിയവാതിലിതെന്നേവം ഹസ്ക്കീയേലോതി**
**പൂട്ടിയതോട്ടമടച്ചോരുറ്റെന്നേവം ശ്ലേമൂൻ**

പുരിയെന്നേവം ദാവീദും ജാതികളെപ്പോഷിപ്പിപ്പാൻ
വിത്തില്ലാതെ മുളച്ചൊരുനൽ സസ്യം താൻ മശിഹാനാഥൻ
തൽ സ്മൃതിമാനിച്ചാൻ ഊഴിയിലും മേലും

**മൊറിയോറാഹേം മേലെൻ ഊവാദാറേൻ**

**ബോവൂസൊ**

ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളൊടൊന്നി-
ച്ചർത്ഥന കേട്ടിട്ടേകീടട്ടെ പുണ്യം നാഥൻ

കന്യകമറിയാം പ്രാർത്ഥിക്കുമ്പോളീറയനെത്തി
ദൈവത്താലെ പ്രേഷിതമാകും ശ്ലോമ്മോ നൽകി
ശ്ലോമ്മോചൊന്നിട്ടെരിതീമയനാം ദൂതൻ ചൊന്നാൻ
കന്യാത്വത്തിൽ നീയാത്മജനെ പ്രസവിച്ചീടും

ശോഭാപൂർണ്ണേ പേടിക്കേണ്ടാ താതൻ നിന്നിൽ
പ്രീതിപ്പെട്ടാനേകസുതൻ തൻ മാതാവാകാൻ
ഇന്നേരം നീ വിസ്മയമേറും ഗർഭം പേറി
ശാശ്വതരാജ്യം വാഴും പ്രജയെ പ്രസവിച്ചീടും

ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ
ദൈവാത്മജനെ കോപത്തിൻ ദണ്ഡൊഴിവാക്കേണം.

**കർത്താവിൻെറ ബഹുമാനം--- ---- പേജ് 16**

**രണ്ടാം കൗമാ**

**എക്ബോ**

സഹദാ കാദീശന്മാരെ ലോക സഹായത്തിന്നുറവായ്
വിര്യം നിങ്ങൾ തൻ അസ്ഥിക്കായ് തന്നോൻ
ധന്യൻ നാഥങ്കൽനിങ്ങൾ ഞങ്ങൾക്കായ്പ്രാർത്ഥിക്കേണം

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

**കോലോ (ബ്കുൽമേദെം)**

സത്യത്തെ സ്നേഹിച്ചോരെ പുത്രനുവേണ്ടി മരിച്ചോരെ
സത്തമരെ വാഴ്വാം നിങ്ങൾ തന്നോർമ്മ
അനുതാപമെഴും പാപികൾതൻ തുറമുഖമായ് നിങ്ങൾ
നിങ്ങളിലമരും മശിഹായാം നാഥനോടർത്ഥിപ്പിൻ
തന്നാഗമനദിനേ കൃപയും വാഴ്വും ഞങ്ങൾക്കരുളീടാൻ
ദൈവികപീഠത്തിൻ മുമ്പിൽ മുഖതേജസ്സോടി ഞങ്ങൾ
രാപ്പകലെന്നെന്നും സ്തോത്രം പാടിടും.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

ഹാ ബഹുമോഹന നാദത്താൽ ഏവൻഗേല്യോനിൽ നാഥൻ
കൽപ്പിച്ചാൻ പ്രിയരാം ഉത്സാഹികളോടായ്
ആത്മദരിദ്രന്മാർ ധന്യർ സ്വർപ്പുരമാർജ്ജിക്കും
വിലപിച്ചമരുന്നോർ ധന്യർ നേടിടുമാശ്വാസം
പീഡാർദ്ദിതരും ധന്യന്മാർ ഹതരാം സഹദേരും ധന്യർ
പീഡയ്ക്കും യാതനകൾക്കും
പ്രതിഫലമായിവരാർജ്ജിക്കും
സ്വർഗ്ഗത്തോടൊപ്പം ശാശ്വതമാം ജീവൻ. **മൊറിയോ---**

**ബോവൂസൊ**

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ
കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

നിൻ വൃത്താന്തം റൂഹായാൽ
ചൊന്നോരാംനിബിശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കും കൃപ ചെയ്യേണം

കർത്താവിന്നിഷ്ടം ചെയ്തോർ
നിർമ്മലരെ പ്രാർത്ഥിച്ചിടുവിൻ
ഞങ്ങളിൽ നിന്നും നീങ്ങീടാൻ
കോപത്തിന്നടിയും ദണ്ണ്ഡും

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ
കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

**കർത്താവിൻെറ ബഹുമാനം--- ---- പേജ് 16**

**മൂന്നാം കൗമാ**

**എക്ബോ**

നാഥാ വിഗതർക്കേകേണമെ നിൻശോഭനഭവനാശ്വാസം
തെറ്റുകളെ നീക്കി മോചനമേകേണമെ
ഞങ്ങൾക്കും വിഗതന്മാർക്കും കർത്താവേ കരുണാ പൂർവ്വം

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളി ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

**കോലോ**

(ബ്കുൽമേദെം)

**പെത്ഗോമൊ: കർത്താവേ നൽകാശ്വാസം**

ഉത്ഥാനത്തിൻ നാളോളം താൽക്കാലികമാമീജ്ജീവൻ
വിട്ടപിതാക്കൾക്കും ഭ്രാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ നൽകീടാശ്വാസം
അവരെയോർക്കുന്നാൾ കബറുള്ളസ്ഥികളറിയേണം
നിൻകൽപ്പനമൺമയരാമാ-ദാമ്യർക്കുയിരേകിടുമ്പോൾ
കാന്തിയണിഞ്ഞിട്ടവർ നിന്നോ-ടൊപ്പം മണവറയിൽപ്പൂകി
ഉയിരേകും നിന്നെ സ്തോത്രം ചെയ്യേണം.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

ആർക്കായ് കാഴ്ചകളിവിടെയണയ്ക്കുന്നോ ഭാഗ്യമവന്നേറ്റം മേൽസ്വർഗ്ഗത്തിലവന്നോർമ്മയതുണ്ടാകും
ഗോത്രപ്പേരുകളോർമ്മയ്ക്കായ് കർത്താവിൻ മുമ്പിൽ കാണ്മാൻ കല്ലുകളിൽ മോശ കൊത്തിയതോർക്കുമ്പോൾ നിങ്ങൾതൻ മൃതർപേരുകളെ ഓർക്കാനും പള്ളിയിലിവിടെ എഴുതാനും മേൽസ്വർഗ്ഗത്തിൽ മശിഹാതൻവരവിൽ തന്നോ-ടവർ മോദിപ്പാനും ചേർപ്പിൻ പ്രിസ്തായിൽ. **മൊറിയോ-**

<u>ബോവൂസൊ</u>

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ

നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ - മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി,

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ,

നാം ദൈവത്തിൻെറ മക്കളായിത്തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ, നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും, പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നിതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ, ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.

(ലൂക്കോസ് 1: 46-55)

മറിയാം പറഞ്ഞതെന്തെന്നാൽ, എൻെറ ദേഹി കർത്താവിനെ പുകഴ്ത്തുന്നു, എൻെറ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു, എന്തെന്നാൽ അവൻ തൻെറ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധനും ആയവൻ, വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവൻെറ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തൻെറ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ഛിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും, താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നൻമകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു, അവൻ തൻെറ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും, അവൻെറ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തൻെറ കരുണയെ ഓർക്കുകയും ചെയ്തു.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

*(അനന്തരം അവസാനം നൽകിയിരിക്കുന്ന മാവുർബോകളിൽ നിന്ന് അതാതു ദിവസത്തേയ്ക്കുള്ളത് ചൊല്ലണം)*

***മാവുർബോ***

**133-ാം സങ്കീർത്തനം**

സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത്, എത്ര നന്മയും, എത്ര സൗന്ദര്യവുമാകുന്നു.

അത് അഹരോൻെറ തലയിന്മേലും, അവൻെറ അങ്കിയുടെ നെഞ്ചിൻമേൽ വീണു കിടക്കുന്ന താടിയായ അവൻെറ താടിയിന്മേലും, ഒലിക്കുന്ന തൈലം പോലെയും, സെഹിയോൻ മലമേൽ പൊഴിയുന്ന, ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു

എന്തെന്നാൽ അവിടെ കർത്താവ് എന്നേയ്ക്കും അനുഗ്രഹത്തേയും ജീവനെയും കല്പ്പിച്ചു.

**ദൈവമെ നിനക്ക് സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എനിയോനോ**

ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നിതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനകളാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടേയും, ശ്ലീഹന്മാരുടേയും, സഹദേന്മാരുടേയും, പ്രാർത്ഥന, നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ, നിൻെറ സഹദേന്മാരുടെ തുറമുഖത്തിനും, നിൻെറ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും, ഞങ്ങളെ യോഗ്യരാക്കണമെ..

ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ, നിൻെറ ന്യായ വിസ്താരദിവസത്തിൽ, ഞങ്ങളോടു കരുണ ചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികളിൽനിന്ന് തൻെറ കരുണയെ വിരോധിക്കാത്തവൻ, വാഴ്തപ്പെട്ടവനാകുന്നു.

**ബാറെക്മോർ † ശൂബഹോ---**

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്ക്, നല്ല ഓർമ്മ ഉണ്ടാക്കണമെ,

**മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

നിന്റെ ശ്രേഷ്ടത ഉദിക്കുന്ന ദിവസത്തിൽ, അവർ നിന്റെ വലത്തു ഭാഗത്തു നിൽക്കുമാറാകണമെ.

<u>മറ്റൊരു എനിയോനൊ</u>

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും, എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ.

കർത്താവേ, എല്ലാനാഴികയിലും, ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ, നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ, ഞങ്ങളിൽ നിന്ന് മായിച്ചു കളയണമെ.

ഞങ്ങളുടെ കർത്താവായ യേശു മശിഹാ, നിന്റെ സ്ലീബാ † ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമെ.

വചനമായ യേശു തമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിന്റെ † സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചു പോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനേയും, പുത്രനേയും, വിശുദ്ധ റൂഹായേയും സ്തുതിച്ചു വന്ദിച്ചു മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന ദിവസത്തിൽ നിന്റെ വലത്തു ഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ, ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട്, നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഞങ്ങളുടെ മരണത്തിന്റേയും, ജീവന്റേയും നാഥനായ കർത്താവേ, നിന്റെ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും, ഞങ്ങളുടെ മരിച്ചു പോയവരുടേയും ആത്മാക്കളിൻമേൽ കരുണ ചെയ്യണമെ.

## കർത്താവേ കൃപ ചെയ്തു സഹായിക്കണമെ

### 148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഹിമവും, ഉറച്ച വെള്ളവും, അവൻെറ വചന പ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യുവാക്കളും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്.

അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നിതിമാന്മാർക്കും, തനിക്കടുത്ത സ്വന്തം ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോൻെറ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ

സ്തുതിപ്പിൻ. തംബുരുകളാലും വിണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദ മുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദ ത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്ക പ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്ത തുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

## കൂക്കിലിയോൻ

നീതിമാൻ പനപോലെ തളിർത്തിടുമെ - ഹാ-
വളരുമവൻ ലെബനോൻ കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമെ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ഒരുപോലിങ്ങും മോർ തോമ്മാ
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോക്കായ്

**സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ**

### കോലോ

(ഏനോനോ നൂഹറോ ശാറീറോ)

മാർത്തോമ്മാ നിൻസ്മൃതിഭൂമിയിലും
വാനിലുമാഘോഷിക്കുന്നു
ഭൂമിതലേ മർത്യരുമാകാശേ വനവരും മോദിക്കുന്നു
നിൻപോരാട്ടത്തെ നോക്കി
കർത്താവാഹ്ളാദിക്കുന്നു
സദ്ഭടനേ ശാശ്വതരാജ്യം
വന്നവകാശിക്കെന്നേവം നിന്നോടീശൻ കല്പിക്കും

**ബാറെക്മോർ † ശുബഹോ---**

മാർത്തോമ്മാ മകുടമണിഞ്ഞപ്പോൾ വാനീന്നീറേന്മാരെത്തി
ചുറ്റുംനിന്നേവംഘോഷിച്ചാർ പോർനിറവേറ്റിയ നീ-ധന്യൻ
ആമോദത്തോടീറേന്മാർ
നിന്നെ നോക്കിപ്പാർക്കുന്നു
താതസുതന്മാർ കൈക്കൊള്ളും
നിൻ പാവനമാംശീർഷത്തിൽ അണിയിക്കും മകുടം റൂഹാ

**മൊറിയോറാഹേം----**

### ബോവൂസൊ

മാതൃ വിശുദ്ധ സ്മൃതി സംബന്ധം നൽകുക നാഥാ
തൽ പ്രാർത്ഥനയാൽ പുണ്യമിവർക്കും മൃതരായോർക്കും

തൻ രാജ്യത്തിന്നന്തമതില്ലെന്നാ വിധി നാഥൻ
ദൂതൻ മാർഗ്ഗം കന്യക മറിയാമിനു വെളിവാക്കി
ദൂതൻ മറിയാമെന്നിവിരുടെയിദ്ദിവ്യ രഹസ്യം
തൂക്കിയിരിപ്പൂ വിസ്മയ കരമായ് തരുവിൻമീതെ

മശിഹാരാജൻ കുരിശിൽ കയറി രക്ഷയുദിച്ചു
ബന്ധിതമായോരടിമത്വത്തിന്നുണർവുണ്ടായി
ചൊന്നാനേവം വരുവിൻ മൃതരെ രക്ഷയെ നേടിൻ
നിങ്ങളുയിർക്കാൻ ഞാൻ മൃതനായെന്നുണ്ടൊരു വാർത്ത

ഭാഗ്യവതിക്കും സിദ്ധർക്കും മൃതരാം ഭക്തർക്കും
സ്തുതിയുയരത്തിലുമീ സഭയിലുമുണ്ടായീടട്ടെ

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

എല്ലാക്കാലത്തും, എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യ മക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ നിന്നേയും, യേശുമശിഹായായ ഏകപുത്രനാകുന്ന ദൈവമായ കർത്താവേ, വിശുദ്ധറൂഹായോടു കൂടെ നിന്നെയും, നിൻെറ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, വിശുദ്ധറൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, പിതാവായ ദൈവത്തിൻെറ മഹത്വത്തിന്, നിത്യമായി കർത്തവ്യമുള്ളവനുമാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിന്റെ തിരുനാമം മഹത്വമുള്ളതും, നീ എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിന്റേയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ച ചേർച്ചയാകുന്നു. **ആമ്മീൻ**

മോറാനേശു മശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

**കൗമാ**

# ബുധനാഴ്ച പ്രഭാത നമസ്ക്കാരം

**കൗമാ**

**പ്രാരംഭ പ്രാർത്ഥന**

പ്രഭാതത്തിൻെറ സ്രൃഷ്ടാവും അന്ധകാരത്തെ മായിച്ചു കളഞ്ഞ് സ്രൃഷ്ടികൾക്ക് പ്രകാശം നൽകി സന്തോഷിപ്പിക്കുന്നവനുമായ കർത്താവേ, ഞങ്ങളിൽ പരിപാകതയുള്ള നടപടികൾ സൃഷ്ടിച്ച് പാപാന്ധകാരത്തെ ഞങ്ങളിൽ നിന്ന് പൂർണ്ണമായി നീക്കിക്കളയണമെ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ, നിൻെറ കൃപയുടെ മഹനീയ കിരണങ്ങളാൽ ഞങ്ങളെ പ്രശോഭിപ്പിച്ച് സന്തോഷിപ്പിക്കുകയും ചെയ്യണമെ. **മോറാൻ വാലോ--**

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുക്കണമെ. നിൻെറ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങു മാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതി ബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

*കരുണയുള്ള ദൈവമെ നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ മൊറിയോറാഹേം ---*

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെ പ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കന്നു എൻെറ ജഡവും നിനക്കുവേണ്ടി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതു കൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെ കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

കന്യകയായ് വിമലതയിൽ നിന്നെപ്പെറ്റവളോടൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

മുന്നംനിന്നാഗമനം ചൊല്ലിയ നൽനിബിയരൊടൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

ദണ്ഡനപീഡകളേറ്റ സഹദാമൌദ്യാനരുമൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

മഹിതൻ മാർ ബസ്സേലിയോസ്-ഗ്രീഗോറിയോസ്സിവരൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

പരുമലമാർ ഗ്രീഗോറിയോസ് ദിവന്നാസ്യോസ്സിവരൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

ഉജ്ജ്വല ദീപമെടുത്തോര-ഞ്ചറിവേറിയ നാരികളൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

വിശ്വാസത്താൽ പറുദീസ നീയരുളിയ മോഷ്ടാവൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

നമ്പിജലാത്മ സ്നാനത്താൽ നിന്നെയണിഞ്ഞൊരു
മൃതരൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

**ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

അനവരതസ്തുതി തൽപ്പരരാം അംബരദൂതന്മാരൊപ്പം
നാഥാദേവാ നൽകുക യോഗ്യത നിൻ സ്തുതിപാടാൻ

**ആമ്മീൻ**

## 113-ാം സങ്കീർത്തനം

പ്രകാശത്തിൻെറ സ്രുഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**എക്ബോ**

നിൻ ജനനി മറിയാം സ്നാപകനാം യൂഹാനോ-
നെന്നിവരർത്ഥിക്കും നിന്നൊടു ഞങ്ങൾക്കായ്
കൃപചെയ്തീടേണമെ **സ്തൗമെൻ---**

**കോലോ**

**(എത്രൊദ്ബെസ്മെ)**

**പെത്ഗോമൊ: കൃപചെയ്യണമെ, നാഥാ കൃപചെയ്യണമെ**

ദേവാധീശാ - നാഥാ തിരുമുമ്പിൽ, ഞങ്ങണച്ചോരീ -
പരിമളധൂപത്താൽ പാപം നീക്കണമെ പിഴ പോക്കണമെ,
സ്ലീബായാൽ രക്ഷിച്ചവനാം, ജീവസുതാ കരുണാദിവസേ,
നിൻ വലമായ് ഞങ്ങളെ നിർത്തണമെ.... **ബാറെക്മോർ**

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

നയനാഗോചരമാ – മുയരത്തിൽ നിന്നും
നിന്മാഹാത്മ്യത്തെ-ത്താഴ്ത്തി സ്വഹിതത്താൽ നരനായ്
ദുർബ്ബലരാമാദാമ്യരുടെ, ആധിവ്യാധികളെ തീർത്തോൻ
താതജനേ സ്വയമുൽഭൂതാ,
സ്തുതിനാഥാ തവമാനം ധന്യം

സീനായ്ഗിരിനിൻ - സവിധേ വിറപൂണ്ടു
നാഥാ ദേവേശാ, ഗിരിവാരിധിധരനാം നിന്നെ
കന്യകയാം മറിയാമേന്തി,
വേഴ്ചപ്പെടാതവൾ ഗർഭിണിയായ്
വചനാതീതം പ്രസവിച്ചു
തൽസ്മൃതിയെ വിശ്രുതമാക്കണമെ

കന്യകമറിയാമേ, ശ്ലോമ്മോ നിന്നൊടു ചൊ-
ന്നത്യുന്നത ദൂതൻ - നീ പേറും രാജേശ്വരനെ
പ്രസവിച്ചീടും വേഴ്ചവിനാ
സ്രൃഷ്ടികൾ തൻ പ്രഭയാം രവിയെ
വാഴ്വെഴുമമ്മേ കന്യകയായ്
പ്രസവിച്ചോൾ നീ സൗഭാഗ്യവതി

ഉന്നതരാജ്യമതും - ശാശ്വതജീവിതവും
നിർമ്മലരാർജ്ജിക്കും, സത്തമ മശിഹാഭക്തന്മാ-
രർഹിക്കുന്ന മഹാ ഭാഗ്യം, ജഢനേത്രം ദർശിക്കുകയോ
ശ്രവണം കേൾക്കുകയോ ഹൃദയം
തേറുകയോ ചെയ്തിട്ടില്ലേതും

സഹദേരോതുന്നു - സുപ്രിയ ശുദ്ധസുതൻ
സ്വകരാജ്യേ ഞങ്ങൾ-ക്കേകീടും മുടി ശാശ്വതവും
പ്രതിദാനം സംരക്ഷിതവും എരിതീവാൾ മർദ്ദിതർ ഞങ്ങൾ-
ക്കാശ്വാസം മശിഹായിഷ്ടർ-
ക്കരുളിയതാം പറുദീസയിലേകും

മന്നവനേ മശിഹാ – സതതം തവ കരുണാ
വാതിലിൽ മുട്ടുന്നേൻ, ധനികാ നിൻനിധി നിലയത്തി-
ന്നേകണമേ കൃപയും വാഴ്‌വും
നീയെൻ ഗതി തുണ ചെയ്യുക നിൻ
സാക്ഷിയെ ലജ്ജിതനാക്കരുതെ
ശരണവുമെന്നാശ്രയവും നീയേ

രാജ്യത്തിൻ വാതിൽ - ചെറിയതുമാ മാർഗ്ഗം
വീതികുറഞ്ഞതുമാ-ണാവഴി ഗമനം കാംക്ഷിപ്പോ-
നത്യുൽസാഹമവശ്യം താൻ
അലസതലേശം ബാധിച്ചാ-ലശുഭവഴിക്കു വശംവദനായ്
സ്വാത്മത്തെ സ്വയമെ നിഹനിക്കും

മശിഹായുടെ റൂശ്മാ - മാമോദീസായാൽ
സംപ്രാപിച്ചോരായ്, തൃപ്പാവന തനു ഭക്ഷിച്ച്
പുണ്യനിണം പാനം ചെയ്തോർ
പൂഴിയിൽ നിന്നും താൻമൂലം, പ്രാണനോടേറി ധൂളികൂട-
ഞ്ഞതി തേജോ വസ്ത്രം ചാർത്തീടും. **മൊറിയോ----**

---

<u>കോലോ</u>

(ഏനോനോ നുഹറോ ശാറീറോ)

**പെത്ഗോമൊ: ഋജുമതികൾക്കിരുളിൽ ദ്യുതിയുളവായി**

ദ്യുതിയുദയം ചെയ്തെൻ കർത്താവേ
കൂരിരുൾ നീങ്ങുമ്പോൾ നിന്നെ
കൂപ്പുന്നു ഗഗനം ധരയെന്നീ
ദ്രുതമുണ്ടായൊരു സോദരിമാർ
നീരിന്മീതെ വാനിടമൊ-ന്നപരം നീരിന്നാധാരം
നിമിഷമുയർന്നൊരു മണവറയാ-
മോയാറായതമായ് മദ്ധ്യേ-
സ്തുത്യം സൃഷ്ടിവിധാനം തേ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

നിർമ്മലമാമുദരെ നിർമ്മലമായ്
വന്നു വസിച്ചൊരു നിർമ്മലനാം
ആത്മജനെ പ്രേഷിപ്പിച്ചവനാം
നിർമ്മല താതൻ സംസ്തുത്യൻ
തൻസാമ്യം നാം പൂണ്ടിടുവാൻ
നമ്മുടെ സാമ്യമവൻ പൂണ്ടു-നമ്മെത്തൻ പിതൃസുതരാക്കി
പാവനറൂഹായൊടു ചേർക്കാൻ
മാനവ രൂപം സ്വയമേറ്റാൻ

പ്രാർത്ഥിപ്പാൻ ദൈവത്തിൻ മുമ്പിൽ
മറിയാം നിന്നീടുന്നേര-ന്നഗ്നിജ്വാലാവൃതനാം ദൂതൻ
സവിധേ ചെന്നുര ചെയ്തേവം
രാജതനൂജൻ മേവുമതാം
മണിമന്ദിരമെ ശ്ലോമ്മോ തേ
നിന്നിലമർന്നീടും ധനവാൻ
ക്ഷാമം ജനതയ്ക്കാറ്റിടുവാൻ-നിന്നഗതിത്വം മായിച്ചാൻ

ഭാഗ്യനിധീ മറിയാമേ ദൈവ-പ്രാണാത്മജനെ
പെറ്റോളെ
ഭാഗ്യനിധീ വാണിജനാവാസം
ചെയ്തൊരു ഭൂഷിതമാം നൗകേ
അംബരശിൽപ്പിയെയേറ്റേന്തി വ്രതശുദ്ധ്യാ പെറ്റോരമലേ
നിസ്തുലമാം മണി മന്ദിരമേ-ഭാഗ്യം തേ നിന്നിൽ
ജാതം
ചെയ്തോനാം നാഥൻ ധന്യൻ

ഞാൻ സത്യ പ്രഭയെന്നുടയോൻ തൻ
അന്തേവാസികളോടോതി-ഇപ്രഭയിൽ-
ചേർന്നുനടപ്പോനെ
ഇരുൾ പിടികൂടാ മശിഹാ ധന്യൻ
പ്രഭയിൽ ചേർന്നു നടന്നോരാം
ശ്ലീഹന്മാർക്കതി സൗഭാഗ്യം
കണ്ടാലും തൽ സ്മൃതിയെങ്ങും
കൊണ്ടാടീടുന്നതിഘോഷം
തൽ പ്രാർത്ഥന ഞങ്ങൾക്കഭയം

ജീവകരം മൃതികരമെന്നേവം
കണ്ടിരു സരണികൾ സഹദേന്മാർ
നൂതനമാം ജീവിതമാർജ്ജിപ്പാൻ
ദുർഘടമാർഗ്ഗം കാംക്ഷിച്ചാർ
ദുഷ്ടാത്മാവൊടു പടവെട്ടി-ജയമോടേറിപ്പറയുന്നു
ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം-കർത്താവിൻനാമം ധന്യം

ക്ഷേമമൊടങ്ങെഴുന്നെള്ളുക സാക്ഷാ-
ലിടയാ പണ്ഡിത നായകനെ
കീപ്പാപോൽ സഭ തന്നാധാരം-മുറ്റും പൗലോസിനു സമനേ
നിബിനിവഹത്തിൻ പ്രിയ സഹജാ
അപ്പോസ്തോല സമൂഹസ്ഥാ-ഏലീയാ പോലുജ്ജ്വലനെ
യൂഹാനോൻ പോൽ വ്രതപരനെ
നിന്നെ വരിച്ചൊരു സഭ ധന്യ

പെത്ഗോമൊ: **അലിവൊടു കൃപ ചെയ്യുക നാഥാ**

ആഹ്വാനം ചെയ്യും പാപികളിൽ
കൃപയെ വിലക്കാത്തോൻ ദേവാ
ആർദ്രതയാൽ കോപത്തിൻ വടിയും
താഡനവും നീക്കീടണമെ-ആനന്ദൈശ്വര്യങ്ങളെഴും
മാസാബ്ദങ്ങളെ നൽകണമെ
† സ്ലീബായുടെ വൻ റൂശ്മായാൽ
വിദ്ധ്വംസിക്കുക ദുഷ്ടനെ നി-
ന്നാർദ്രതയെ വാഴ്ത്തും ഞങ്ങൾ

നിൻ സ്തുതിയും ഹാലേലുയ്യായും
കർത്താവേ ഞാൻ നിർത്തരുതെ
വിധി നീതിക്കയ്യോ ചെയ്യരുതെ
ഞാൻ പാതകിയെന്നറിയുന്നെൻ
സർവ്വ കടങ്ങളുമാരാഞ്ഞാൽ - നരകം താനെന്നവകാശം
നിന്നെ വിളിപ്പാൻ കഴിവെന്യേ
മൗനംമൃതിയാൽഞാൻപുകും-നീക്കുക കൃപയാലെൻ പാപം

ആശ്വാസം സ്മൃതിയൊടു മൃതതാത
ഭ്രാതാക്കൾക്കേകീടണമെ
നിർത്തണമെ താവക പൂജകരെ
പരിശുദ്ധന്മാരുടെ നിരയിൽ
സിംഹാസനസംസ്ഥിതനായ് നീ
സത്തമരെത്തിരയുന്നേരം-വിധി നിലയെ ദയ കണ്ടെത്തി
താവക മഹിമോദയ ദിവസെ
നിൻ വലമായവർ നിൽക്കണമെ

ധനികജനംകാഴ്ചയുമായർത്ഥിക്കും
നിൻസംപ്രീതി, ഹാ- - ഹാ --
അന്ത:പ്പുരമമരും നൃപതനയമഹാ മഹിമാവും
അനുഗതരാകും കന്യകളാം സഖിമാർ, ഹാ – ഹാ --
പോയിടുമവരത്യാനന്ദ സമേതം. **ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

ശ്ലോമ്മോ പാവന കന്യേ പരിശുദ്ധേ
ശ്ലോമ്മോ നിർമ്മലമായൊരു മാണിക്യ-ക്കല്ലേ
ശ്ലോമ്മോ സർവ്വചരാചരധാരി
പരാക്രമനെ പ്രസവി-ച്ചോളേ
സകലകുലങ്ങളുമിനിമേലനിശം
പുരു സൗഭാഗ്യം തേ നൽകും. **സ്തൗമെൻ -- --**

**കോലോ**

**പേത്മോമോ: കർത്താവിനെ വാഴ്ത്തും ഞാനെല്ലായ്പ്പോഴും**

ദാവീദുസുതേ മറിയാമേ നരവംശത്തിൽ
സ്വീകൃതയായൊരു നിന്നിൽനി-
ന്നുടലേറ്റാതുര നരനെപ്പോൽ-പരനായ് വാഴ്കെ
ഭൂജാതം
ചെയ്തോനാം മശിഹാ ധന്യൻ
ഞങ്ങൾക്കായ്ത്തൻ മാഹാത്മ്യംതാഴ്ത്തി ഭൂതലമെങ്ങുംതൻ
മാതാവിൻ സ്മൃതിയത്യന്തം-വർദ്ധിപ്പിച്ചോനായ് സ്തോത്രം

ബാറെക്മോർ † ശുബഹോ---

സ്വേഷ്ടത്താലെ ഭാഗ്യമെഴും മറിയാമിൽ നി-
ന്നുടലേന്തിയ ദൈവികമാകും
ജീവന വചനം സംസ്തുത്യം-മെയ്യിലുമാത്മാവിലുമൊപ്പം
പാരം നിർമ്മലമായ് വാണാൾ
അവിവാഹിതയായ് നരബീജംകൂടാതെ റൂഹ്ക്കുദിശായാൽ
ഗർഭം പൂണ്ടു വചസിന്ന-ങ്ങപ്പുറമായ് പെറ്റാൾ നിന്നെ
മൊറിയോറാഹേം----

ബോവൂസൊ

മാതൃ വിശുദ്ധ സ്മൃതി സംബന്ധം നൽകുക നാഥാ
തൽ പ്രാർത്ഥനയാൽ പുണ്യമിവർക്കും മൃതരായോർക്കും

ഭാഗ്യവതീ മറിയാമേ, നിഴലായ് മൂശ പണിഞ്ഞ
പെട്ടിയതാൽ നീ ചിത്രീകൃതയായ് ഗൂഢാർത്ഥത്തിൽ
പെട്ടിക്കുള്ളിൽ ദൈവികമായോരേടുകൾ പോലെ
ന്യസ്തം നിന്നിൽ സത്യം മറിയാം ജീവനപൂപം

മൃതരായ് മോദാൽ ശാന്ത്യാമേവുന്നോരേ ഭാഗ്യം
അച്ചാരം പോലവരിൽ ഗുപ്തം നന്ദനഗാത്രം
പാതാളപ്രാകാരം ശക്ത്യാ ധൂളിപ്പോൻ തൻ
നാദം കേട്ടിട്ടെതിരേറ്റീടാനവരാഞ്ഞെത്തും

ദാവീദിൻ പുത്രിയിൽ നിന്നും മെയ് പൂണ്ടൊരു പുത്രാ
നിൻ കൃപ പാരം വർഷിക്കണമീയിടവകയിന്മേൽ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ നിൻെറ തിരുനാമത്തിന് സ്തുതി പാടുന്നതും, പ്രഭാത സമയത്ത് നിൻെറ കൃപയും രാത്രി കാലങ്ങളിൽ നിൻെറ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതസമയത്ത് എൻെറ ശബ്ദം നി കേൾക്കേണമെ. പ്രഭാതസമയത്ത് ഞാൻ ഒരുക്കത്തോടെ നിനക്ക് കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ, ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ, നിൻെറ വലതു കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

## കൗമാ

## ബുധനാഴ്ച മൂന്നാം മണി

### കൗമാ

(ഏനോനോ നൂഹറോ ശാറീറോ)

ദൈവത്തെപ്പെറ്റൊരുമാതാവാം മറിയാമേറ്റം വാഴ്‌വേറ്റോൾ
ദൈവികകുഞ്ഞാടിനെയാശ്ചര്യം
തൻമടിയിൽ താലോലിച്ചാൾ
ഘോരാഗ്നി പ്രഭയും തീഷ്ണ
ജ്വാലയുമേശായ്‌വാനീശൻ
വീര്യത്താലവളെ താങ്ങി
ക്രോബേദൂതരഥത്തിൻമേ-ലേറീടുന്നോനെ-യേറ്റാൾ

**ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോല്ഓലാം ഒൽമീനാമീൻ**

അത്ഭുതമാം ഫലമേകും വൃക്ഷം
കർക്കശമാം ശില മീനേവം
പാഷണ്ഡർക്കെതിരെ ദൃഷ്ടാന്തം മൂന്നെണ്ണം സഭകാട്ടുന്നു
കുഞ്ഞാടിനെ വൃക്ഷം നൽകി
തീക്കൽപാറ ജലം നൽകി
എസ്തീറാ മൽസ്യവുമേകി
കന്യാക്ഷേപകരെ മൂന്നും പരിഹാസത്തൊടു വീക്ഷിപ്പൂ

**മൊറിയോറാഹേം----**

**(ബോവൂസൊ)**

ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളൊടൊന്നി-
ച്ചർത്ഥന കേട്ടിട്ടേകീടട്ടെ പുണ്യം നാഥൻ

എന്തൌന്നത്യം ഭൗമിക പുത്രിക്കുണ്ടായെന്ന്
ചൊന്നീടും ഞാൻ സംഭ്രമമാർന്നിട്ടത്ഭുതപൂർവ്വം
തൃക്കാരുണ്യം സുതനെ താഴ്ത്തി സവിധേ ചേർത്തു
ദൈവസുതൻ തൻ മാതാവായി തിരുഹിതമാർന്നാൾ

സൗമ്യരിലല്ലാതെങ്ങമരും ഞാനെന്നുര ചെയ്തോൻ
ജാതരിലേറ്റം താഴ്ത്തപ്പെട്ടുവളിൽ പാർത്താൻ

ആരുമുയർത്തപ്പെട്ടില്ലിതുപോലതിനാൽ സ്പഷ്ടം
മറിയാമെപ്പോലാരും താഴ്ത്തപ്പെട്ടിട്ടില്ല
ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ
ദൈവാത്മജനെ കോപത്തിൻ ദണ്ഡൊഴിവാക്കേണം.

കൗമാ

---

## ബുധനാഴ്ച ആറാംമണി

### കൗമാ

മോശ ചമച്ചോരാ-പേടക ദൃഷ്ടാന്തം
മറിയാമേ ശ്ലോമ്മോ-ജീവജലത്തിൻ മുൻകുറിയാം
റൂഹാതൻ ശോശപ്പാ ശ്ലോം-ഐശായൻ ദാവീദുക്തം
സ്ഥിരമാം പുരമേ ശ്ലോമ്മോ നി-
ന്നുദരത്തി-ന്നുദയം ചെയ്തീശൻ. **ബാറെക്മോർ**

**† ശുബഹോ----**

† സ്ലീബായേന്തി-സാത്താനോടേൽപ്പാൻ
സഹദേന്മാർ ചെന്നു-ഖഡ്ഗത്താൽ മൃതിയേറ്റോരും
തീയാൽ വെണ്ണീറായോരും-പോരിൽ കാട്ടിയ വീര്യത്താൽ
സാത്താൻ കോപാകുലനായി
നൽകുക തൽ-പ്രാർത്ഥനയാൽ പുണ്യം-

**മെന്ഓലാം വാദാമോ ല്ഓലം ഒൽമീനാമ്മീൻ**

നാഥാനിൻ മെയ്യും - രക്തവുമേറ്റോരാം
മൃതരെ സിദ്ധർക്കായ്-പണ്ടേ സജ്ജീകൃതമാകും
പന്തിക്കൻപോടിരുത്തണമെ-നിൻശരണേ മരണം പൂണ്ടോർ
നിന്നെയേറ്റോരാമവരെ-ഏൽക്കണമെ താതങ്കൽ നീയും

**മൊറിയോറാഹേം ---**

ജനനീ പരിശുദ്ധ-പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും-വിഗതർക്കും നൽക

മറിയാമ്മിൻ സ്മരണം-വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനുകോട്ട

പരിശുദ്ധ ശ്ലീഹ-നിബി സഹദേന്മാരെ
യാചിപ്പിൻ കൃപയെ-ഞങ്ങൾക്കായ് നിങ്ങൾ
നിൻ ശരണെ മൃതരാം-താത സഹോദരരിൽ
ചൊരിയണമെ മോദ-പനിനീരെൻ നാഥാ

സുസ്മൃതി ജനനിക്കും-വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും ചേർപ്പോനെ സ്തോത്രം

ജനനീ പരിശുദ്ധ-പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും-വിഗതർക്കും നൽക

**നിന്മാതാവു വിശുദ്ധന്മാർ---**

*(മോർ സേവേറിയോസിൻെറ മാനിസാ)*

നിന്നെ പ്രസവിച്ച മാതാവിൻേറയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, സ്വഭാവ പ്രകാരം മരണമില്ലാത്തവനും, തൻെറ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവൻേറയും ജീവനും രക്ഷയ്ക്കും വേണ്ടി, വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവിൽ നിന്നു ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും, ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി, സ്വർഗ്ഗീയ പിതാവിൻെറ ഏക പുത്രനും വചനവുമായിരിക്കുന്ന രാജാവായ എൻെറ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും. തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനായി വിശുദ്ധ ത്രിത്വത്തിൽ ഒരുവനും തൻെറ പിതാവിനോടും ജീവനും വിശുദ്ധിയുമുള്ള റൂഹായോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുവനുമായ ഞങ്ങളുടെ മശിഹാ തമ്പുരാനെ, ഞങ്ങളെല്ലാവരുടേയുംമേൽ കരുണ ചെയ്യണമെ.

**കൗമാ**

**വിശ്വാസ പ്രമാണം**

**ധൂപ പ്രാർത്ഥന**

**ബുധനാഴ്ച ഒമ്പതാം മണി**

**കോലോ**

രക്ഷകനാം നാഥാ നിൻ മെയ് ഭക്ഷിച്ച്
രക്തം പാനം ചെയ്തങ്ങയെ നോക്കിപ്പാർക്കും
മൃതരെക്കബറുകളീന്നഴിവില്ലാതുയിരോ-
ടെഴുന്നേൽപ്പിച്ചണിയിക്കണമെ ശോഭന വസനം.

**ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

മേഘവിഭൂഷിതനായ് രാജകുമാരനഹോ
ജീവൻ വിഗതർക്കേകിടുവാൻ ഘോഷമൊടെത്തും
കൊമ്പൊലിയന്നണിയിൽ കേൾക്കും ശിഷ്ടജനം
മഹിമാംബരമാർന്നെതിരേൽപ്പാ-നുഴറിച്ചെല്ലും

**മൊറിയോറാഹേം മേലൈൻ ഊവാദാറേൻ**

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ

നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ - മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

**കൗമാ**

## വ്യാഴാഴ്ച സന്ധ്യ

കൗമാ

പ്രാരംഭ പ്രാർത്ഥന

**കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ.-------(പേജ് 4)**

**എക്ബോ**

വാഴ്ത്തുന്നു വാനവർവാനിൽ കൂപ്പുന്നു മാനവർ മന്നിൽ
സ്രൃഷ്ടാവേകൻ ദൈവത്തെ നിത്യനനാന്ത്യൻ തന്നെ.

**സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ**

പെത്ഗോമൊ: ***നാഥനൊടുന്നതനാദത്തിൽ പ്രാർത്ഥിച്ചേൻ ഞാൻ***

**സ്തുതിനാദ**ത്താൽ മോദിപ്പിക്കുന്നേൻ-ഞാൻ നിന്നെ
എൻ പാപങ്ങളെയോർത്തിപ്പോൾ സങ്കടപൂർവ്വം
യാചിക്കുന്നേൻ-എന്നെ തള്ളിക്കളയരുതെ-അപരാധത്തിൻ
ബഹുലതയാലഴലും വ്യഥയും-ഞാനർപ്പിക്കുന്നു-മ്ശീഹാ
രാജാവേ തോന്നീടണമെ കരളലിവെന്മേൽ

**ബാറെക്മോർ † ശൂബഹോ--- മെന്ഓലം ---- --**

**അൻപു**ടയോനാമുടയോനെ അൻപാ-ലെൻെറ കടം
വീട്ടണമെ പിഴപോക്കണമെ ശത്രുജനത്തിൻ വലയിൽ
ചാടി - പരിചിതരുടെ പരിഹാസത്തിന് പാത്രമതാവാൻ
ഈയുള്ളോനെ പകയനു നീ വിട്ടു കൊടുക്കരുതെ
മ്ശീഹാ, നാഥാ വാതിലിൽ മുട്ടുന്നേൻ കൃപ ചെയ്യേണം

**സ്വർഗ്ഗപുര**ത്തിന്നീറേനാം ദൂതൻ-പ്രേഷിതനായ്
നസറയപുരിയിൽ ദാവീദിൻ-സുത വാഴ്വെഴുവോൾ തൻ
സവിധത്തിൽ-ശാന്തി പ്രദമാം സന്ദേശം ചൊന്നാനേവം
നാഥൻ നിന്നിൽ പ്രഥമ സുതൻ നിന്നിലുദിച്ചീടും-മ്ശീഹാ
അവളിലുദിച്ചൊരു ദേവേശാ കൃപ ചെയ്യേണം

**സ്വർഗ്ഗാദൃശ്യ** പ്രോന്നതഗേഹത്തിൽ നിവസിക്കും
വഹ്നിമയാത്മമയന്മാർതൻ വദനങ്ങളുമീ ഭൂജാതികളും
വാഴ്വേറ്റോളെത്തൻമൊഴി പോൽ ശ്ലാഘിച്ചീടും
തൻപെരുന്നാളാഘോഷിച്ചോ-ർക്കെല്ലാം സർവ്വേശാ
തൽ പ്രാർത്ഥനയാൽ പാപവിമോചനമങ്ങേകീടേണമെ.

**നാഥനുവേണ്ടി** യാതനയേറ്റോരെ നിർമ്മലയാംസഭയുടെ
തൂണുകളായോരെ വിശ്വാസത്തിൻ വരശില്പികളെ
നിബിശ്ലീഹാ സഹദേന്മാരെ ശ്ലോമ്മോ സ്വയമെ
ദാവീദിൻമൊഴി പോലവനെപ്പിൻചെന്നോർ നിങ്ങൾ
മ്ശീഹാ,ദേവേശാ തൽപ്രാർത്ഥനയാൽ കൃപ ചെയ്യണമെ

**പൂർണ്ണമനസ്സാൽ** മശിഹായെ സ്നേഹിച്ചൈഹികമാം
നശ്വരബഹുമാനത്തെ വെടിഞ്ഞാത്മാർത്ഥതയാൽ ദൈവി-
കമാകും ഭക്തിയെയിഷ്ടപ്പെട്ടോരാം സഹദേന്മാർ തൻ
അപദാനങ്ങളെ വർണ്ണിപ്പാൻ വൈഭവമാർക്കുണ്ടാം
മ്ശീഹാ,ദേവേശാ തൽപ്രാർത്ഥനയാൽ കൃപതോന്നണമെ

**കൃപ തന്നറയിൽ** ഞങ്ങളെയേറ്റണമെ ചോരൻപോൽ
ചുങ്കക്കാരൻ പാപിനിയെന്നിവർപോൽ താപംകൈക്കൊ-
ള്ളണമെ തള്ളിയ ശീമോനെന്നോണം പോക്കുക പാപം
കരുണാനിധിയാം കർത്താവേ പശ്ചാത്താപയുതം
നിന്നെ പ്രാപിച്ചിടുമനുതാപികളിൽ പ്രിയമുള്ളോൻ നീ.

**നിനുവയർ** വെമ്പി നിബിയാം യൗനാൻതൻ നാദത്താൽ
ജാഗരണം നോമ്പനുതാപം പ്രാർത്ഥനയിവയിൽ ശരണ-
പ്പെട്ടോർ തിന്മയെ വിട്ടോർ നന്മയ്ക്കായ് തൂകിയകണ്ണീർ
യൗനാൻ നിബിചൊന്ന വിധിത്തീർപ്പെല്ലാംമായിച്ചു-ധന്യൻ
പശ്ചാത്താപമവർക്കേകിയ കരുണാ സിന്ധു

**കർത്താവേ** നിൻ പരിപാവന തനുവും രക്തമതും
കൈക്കൊണ്ട മൃതന്മാർക്കെല്ലാം നൽകീടണമെ മഹിത-
സ്മരണ ദൂതസമേതം സാഘോഷം നീയെത്തുമ്പോൾ
നിൻെറ വലത്തായ് നിലകൊണ്ടിട്ടവർ മുഖകാന്തിയെഴും
മ്ശീഹാ,ദേവേശാ വാഴ്ത്തണമെ നിൻ ദൈവത്വത്തെ.

**മൊറിയോ—**

പെത്ഗോമോ: **സാദരമെത്തും നിൻ ഭവനെ എൻ നേർച്ച**
**നിനക്കു കഴിക്കും ഞാൻ ഹാലേലൂയ്യാ.**

അൻപും മുക്തിയുമങ്ങന്തിയിലർത്ഥിപ്പാൻ
നാഥാ വന്നു ഞങ്ങളിതാ നിൻ ഭവനത്തിൽ
നിന്നെപ്പൂലരിയിലും പ്രണമിക്കും ഞങ്ങൾ
പാപികളെപ്പാപത്തീന്നും രക്ഷിപ്പോൻ നീ. **ബാറെക്മോർ.**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

സ്തുതിയുണർവ്വുള്ളോനെ ഈറയ സേവിതനേ
നീ മാനവ ശുശ്രൂഷകളിൽ പ്രിയമുള്ളോനാം
ആഴത്തീന്നടിയാർ നിന്നെ വിളിക്കുന്നു
യോനയ്ക്കെന്നതുപോൽ ഞങ്ങൾക്കുത്തരമരുൾക

പുരുഷനെയറിയാതെ പരമ പവിത്രതയിൽ
ദൈവത്തിനു മാതാവായൊരു ധന്യചരിത്രേ
ഈ നിൻ പെരുന്നാളിൽ മൃതരാശ്വാസമതും
ജീവിതരാശയുമാർജ്ജിപ്പാൻ പ്രാർത്ഥിക്കണമെ

മശിഹായെ മറിയാം മുട്ടിന്മേലേന്തി
സ്തന്യം വിമലം സകലജഗത്-പോഷകനേകി
ദൈവത്തൊടു നരനെ യോജിപ്പിച്ചോനെ
വച്ചു കീറത്തുണിചുറ്റി പാഴ്പുൽക്കൂട്ടിൽ

മാനവരാശിക്കായ് ജീവനെയേന്തുന്ന
വ്യാപാരികളാം പരിശുദ്ധ-ന്മാരെ ശ്ലോമ്മോ
അർത്ഥിജനങ്ങൾക്കായ് പ്രാർത്ഥനയാം നിധിതൻ
വാതിൽ തുറന്നൊഴിവാക്കണമെ ബാധകളെല്ലാം

പ്രളയത്തിൻ നാളിൽ നീതിപരൻ നോഹ
പെട്ടകമതിലജ്ജീവികളെ പാലിച്ചതുപോൽ
ഹേ സഹദേന്മാരെ മാനവ ലോകത്തെ
ചൂഴും തിരമാലകളീന്നും രക്ഷിക്കണമെ.

മാർത്തോമ്മാ വാനോർ നിൻ പ്രഭ കണ്ടഞ്ചി
മാനവർ നിൻ മഹിതം നാമം കീർത്തിക്കുന്നു

സൽക്രിയ കണ്ടുടയോൻ നിൻ സ്മൃതി വലുതാക്കി
ഞങ്ങളൊടൊപ്പം നിൻ പ്രാർത്ഥനയുണ്ടാകട്ടെ

നിർമ്മലരിൽ കനിയും നിർമ്മലനാം ദേവാ
ഞങ്ങൾക്കെന്നും നൽകണമെ നിർമ്മല ഹൃദയം
നിൻ പ്രീതിക്കെതിരാം പാഴാം ചിന്തകളും
ദുഷ്ടവികാരവുമെങ്ങളിൽ നിന്നൊഴിവാക്കണമെ

നിനുവയിലെന്നോണം ഞങ്ങളിലലിയണമെ
വിമുഖത പാപികളാമിവരിൽ കാട്ടീടരുതെ
അൻപുടയോനെ നിൻ വാതിലടച്ചെന്നാൽ
മുട്ടി വിളിപ്പാനില്ലയ്യോ മറ്റൊരു വാതിൽ

രക്ഷക തിരുമെയ്യും രക്തവുമുൾകൊണ്ട
മൃതിഗത ജനതയ്ക്കരുളണമെ മോദവുമുയിരും
നിൻ വരവിൽ വിധിയിൽ നിൻ കൃപ കണ്ടെത്തി
നിൻ ദൈവികമാം വലഭാഗ-ത്തവർ നിൽക്കണമെ

കുക്കിലിയോൻ

എൻ പ്രാർത്ഥന നാഥാ കേൾക്കണമെ, ഹാ --
എന്റെ വിലാപം പൂകണമെ നിൻ സന്നിധിയിൽ

പുകപോലെൻ നാളുകളില്ലാതായ്, ഹാ --
എന്നസ്ഥികൾ വെണ്മയണിഞ്ഞു വെണ്ണീർ പോലെ.

ബാറെക്മോർ

† **ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ഞങ്ങളെ നൽ നിലമാക്കണമെ-നാഥാ നിൻ കൃപയാൽ
തിരുവചനത്തിൻ വിത്തുകളാത്മാവിൽ-വളരണമെ.

സ്തൗമെൻ കാലോസ്

## കോലോ

പെത്ഗോമോ: **ബഹുമോഹനമതി കമനീയം**

മായുന്നു പകലിൻ ദീപ്തി-നിൻ കൃപ നിറവേറ്റീടണമെ
ഞങ്ങൾക്കായി കെണിവെയ്ക്കും ദുഷ്ടനെയാട്ടിപ്പായിക്ക

ഞങ്ങൾക്കനിശം നിൻ † സ്ലീബാ
ജാഗ്രതയേറും രക്ഷയതാകട്ടെ

**ബാറെക്മോർ.** † **ശുബഹോ---**

വാനിലെയീറേ ദൂതന്മാർ മാനവനാദം കേൾക്കുന്നു
ചൊല്ലീടുന്നുണ്ടവരേവം ആത്മാവിൻ നന്ദിയാലെ
സ്തോത്രം പാടു-ന്നാദാമ്യർ നാദം പാർത്താൽ
മോദകരം പാരം. **മൊറിയോറാഹേം--**

**ബോവൂസോ**

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

നിൻ വലമാകും കൈയ്യാൽ നാഥാ ഞാനുയിരേൽക്ക-
ട്ടാധനവാൻപോൽ ഞാൻ നരകത്തിൽ വ്യഥയേൽക്കല്ലെ
തീക്കടൽ താണ്ടാൻ നീരിൻ പടവിൽ ഞാനേറട്ടെ
ഘോരജ്വാലാവിഷമതയെന്നെ ബാധിക്കല്ലെ

നീരബ്രാഹാത്തോടർത്ഥിപ്പാനിടയാകല്ലെ
ചോദിച്ചെന്നാൽ കിട്ടുകയില്ലെന്നറിയാമാർക്കും
തിന്മകളാലെ തീയിൽ വീണാൽ കാണണമെ ഞാൻ
ഹാനനിയാദ്യന്മാർ പോൽ നിന്നെ നാലാമാളായ്

രാജ്യത്തിനും നരകത്തിനും നാഥൻ മശിഹാ
ഞങ്ങളെയൻപാൽ നരകത്തീന്നും രക്ഷിക്കേണം

മോറാനേശു മശിഹാ നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

**കൗമാ**

## വ്യാഴാഴ്ച സൂത്താറാ നമസ്ക്കാരം

എൻ കർത്താവെ കോപത്താൽ ശാസിക്കരുതെ
ശിക്ഷിക്കയുമരുതെന്നേവം കീർത്തിച്ചാൻ ദാവിദ്
തൻകൈയ്യാൽ നിർമ്മിതരൂപം പാഴായ് പോകാൻ
കൈവെടിയാതെ കനിവെന്നും ദൈവം കാണിക്കും.

**ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

പ്രാർത്ഥിപ്പാൻ ആലയമാർന്നോൻ ദോഷം നിക്കി
തൻ ദേഹത്തൊടു ദേഹിയെയും സംരക്ഷിച്ചെന്നാൽ
തൽപ്രാർത്ഥനയും യാചനയും നാഥൻ കേൾക്കും
ന്യായത്തിർപ്പിൻ നാളിങ്കൽ ചെയ്യും കാരുണ്യം. **മൊറിയോ-**

**ബോവൂസൊ**

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം

ദൈവസുതൻ ശീലിപ്പിച്ചോരാ പ്രാർത്ഥന രമ്യം
ഉള്ളിലതേറ്റി ധ്യാനിക്കുന്നോൻ ധന്യൻ തന്നെ
താൽപ്പര്യത്തോടാ പ്രാർത്ഥനയിൽ മുഴുകീടുന്നോൻ
കണ്ടെത്തീടും സമ്പൂർണ്ണത തൻ ഭംഗികളെല്ലാം

പാപമശേഷം പോക്കണമെന്നാ താതനൊടോതാൻ
ദിവ്യ രഹസ്യത്തിൻ സുതരെത്താൻ ശീലിപ്പിച്ചു
തൻെറ കടക്കാരോട് പൊറുക്കാൻ ധൈര്യം നൽകി
മുക്തിക്കായിട്ടർത്ഥിച്ചീടാനുപദേശിച്ചു

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനെ
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചേയ്യേണം

**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**

**ബാറെക്മോർ, അത്യുന്നതൻെറ മറവിൽ** **പേജ് 13**

**കർത്താവിൻെറ ബഹുമാനം** **പേജ് 16**

**വിശ്വാസ പ്രമാണം**

**ധൂപ പ്രാർത്ഥന**

# വ്യാഴാഴ്ച രാത്രി നമസ്ക്കാരം

## കൗമാ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ-- പേജ് 18

ബാറെക്മോർ രാത്രികാലങ്ങളിൽ----- പേജ് 18

**†ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**ആത്മാവേ** നീ സ്തുതിയേക്കാൾ നിദ്രയെയെന്തേ
സ്നേഹിപ്പു - വ്യർത്ഥത നിറയും മോഹങ്ങളിലെന്തിനു
കഷ്ടം മുഴുകുന്നു - ഉണരുകെണീൽക്കുക പാടുക നീ
സർവ്വാധീശാ തേ സ്തോത്രം

**അനുതാപ**വസരമിതുതന്നെ കാലവിളംബം കൂടാതെ
നീതിവിഹീനതനിശ്ശേഷം നിഖിലരുമൊരുപോൽ വെടിയട്ടെ
പിഴപോൽ പകരംവീട്ടരുതെ സർവ്വാധീശാ തേ സ്തോത്രം

**നാഥൻ** നോക്കവെ വിറകൊണ്ടു ധരമാനവർതൻ ദുഷ്ട-
തയാൽ, ധർമ്മക്ഷയമേറീടുകയാലിളകി ധരതന്നാധാരം
പിഴപോൽ പകരംവീട്ടരുതെ സർവ്വാധീശാ തേ സ്തോത്രം

**പാപി** നശിക്കണമെന്നോതിയ ദാവീദുപാപം ചെയ്തപ്പോൾ
എൻ കർത്താവാമുടയോനെ കനിയണമെന്നോടെന്നോതി
പിഴപോൽ പകരംവീട്ടരുതെ സർവ്വാധീശാ തേ സ്തോത്രം

**എബ്രായ**ന്റെയെഴുത്തും പടി മൃതി ഞങ്ങൾക്കെന്നേരത്തെ
ന്നാനിനുവയിലെ ശിശുവൃന്ദം ജനകജനത്തോടാരാഞ്ഞു
പിഴപോൽ പകരംവീട്ടരുതെ സർവ്വാധീശാ തേ സ്തോത്രം

**മൃതരാം** താതസഹോദരർതൻ പിഴകളശേഷംപോക്കണമെ
അവരുടെ പേരെഴുതണമെ നിൻ രാജ്യ സജീവഗ്രന്ഥത്തിൽ
നിൻമഹിമോദയദിവസത്തിൽ നിൻവലമായവർനിൽക്കേണം

**ബാറെക്മോർ. † ശുബഹോ - മെന്ഓലാം--**

**ഏകത്വത്തിൽ** ത്രിത്വവുമങ്ങേകത്വം ത്രിത്വത്തിലുമായ്

പിതൃസുതപരിശുദ്ധാത്മാവാം
സത്യൈകേശന്നായ്സ്തോത്രം
സതതം തൻകൃപ നമ്മുടെമേൽ ഉണ്ടാകട്ടെന്നന്നേക്കും

**കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ,**

## ഒന്നാം കൗമാ

(പർദൈസൊ)

മറിയാമിൻ ചിഹ്നം സാക്ഷ്യത്തിൻ പെട്ടി
നിൻ മോഹന രൂപം നിബിയന്മാരെഴുതി
ഊടുള്ളോരറിയാനേടായ് സൂക്ഷിച്ചു
ആ നൂതനകലശം നിൻ സാദൃശ്യം താൻ
സ്വാദേകും ലവണം പോലായ് നിൻ സൂനു
മുടിവാർന്നൊരു ലോകം അവനാലുയിർ നേടി

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

## കോലോ

(മോറിയോ മോറാൻ)

ഉടയോൻ നാഥാ, മർത്യതയെ നിൻ ദൈവത്വം
പ്രാപിച്ചീടാൻ ഘോഷമിറങ്ങുമ്പോൾ, ശ്‌ലോമ്മോ നൽകി
ഗബ്രീയേൽ സന്ദേശത്തിൻ വിത്തുവിതച്ചാൻ മറിയാമിൻ-
കാതിൽ, ചൊന്നാൻ ശ്‌ലോമ്മോ-നാഥൻ നിൻ കൂടെ
ഉദയം ചെയ്യും നിന്നിൽ രക്ഷകനാമീശോ, ഹാലേലുയ്യാ
ആ രാജാവിൻ രാജ്യത്തിന്നില്ലവകാശം
പാർത്താലൊരുനാളും

**ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ-- --**

ചൊന്നാൾ മറിയാം മശിഹായെ പ്രസവിച്ചപ്പോൾ
പേരേതേകി, നിന്നെ വിളിക്കേണ്ടു, ശിശുവെന്നാകാ,

നീയേറ്റം പൗരാണികനാം ആയുഷ്മാനെ-ന്നാകാ നീ-
പൈതൽ, താതോദിതമായ് ലോകത്തിന്നൊളി നൽകിയതാം
കതിരെന്നേവം നിന്നെ വിളിക്കും ഞാൻ, ഹാലേലുയ്യാ
നിൻ കതിരിന്നുദയം ധന്യം നിൻ പ്രേഷകനാമ-
ത്താതൻ വന്ദ്യൻ. **മൊറിയോ---**

ബോവൂസൊ

ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളൊടൊന്നി-
ച്ചർത്ഥന കേട്ടിട്ടേകീടട്ടെ പുണ്യം നാഥൻ

നവ്യമതാകും ജീവൻ പേറും നൗകേ ശ്ലോമ്മോ
വാനവരാജൻ മേവിയ രാജാലയമേ ശ്ലോമ്മോ
നീട്ടിയചെങ്കോൽ പാണിയിലേന്തും തോപ്പേശ്ലോമ്മോ
ഹന്തരഹസ്യം കാത്തൊരു വാസസ്ഥലമേ ശ്ലോമ്മോ

യോഗ്യതകൂടും സുമുഖിമണിയാം ബാലേ ശ്ലോമ്മോ
പുരുഷബന്ധം തീണ്ടാത്തോളേ കന്യേ ശ്ലോമ്മോ
ലോകർക്കെല്ലാം വിശ്രമമേകും തുറയെ ശ്ലോമ്മോ
വൻകഴുകൻതൻ ധാത്രി മാടപ്രാവേ ശ്ലോമ്മോ

ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ
ദൈവാത്മജനേ കോപത്തിൻ ദണ്ഡൊഴിവാക്കേണം.

രണ്ടാം കൗമാ

(പർദൈസൊ)

പന്തിരു തൂണുകളി - ധരയെ താങ്ങുന്നു
പന്തിരു മാസങ്ങൾ - ആണ്ടിൻ മകുടങ്ങൾ
പന്ത്രണ്ടുറവുളമായ് - ആ ശീമോൻ ദേശേ
പന്തിരു ശ്ലീഹന്മാർ വചനം ഘോഷിച്ചു
വാനിലുമൂഴിയിലും - നാനാ ദിശകളിലും
തൽ പ്രാർത്ഥന ഞങ്ങൾ-ക്കഭയം സങ്കേതം

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ

ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

### കോലോ

(മോറിയോ മോറാൻ)

ഉടയോൻ നാഥാ ദീപ്തിയെഴും ദീപം പോലെ ലോകർ-
ക്കിടയിൽ ശ്ലീഹന്മാർ ചെന്നു, ആകെൽക്കറുസാ-
യ്ക്കടിമപ്പെട്ടൊരു ജാതികളെ സന്മാർഗ്ഗത്തിൻ
ശിഷ്യന്മാരാക്കി, വിശ്വാസത്താൽ ത്രിത്വത്തിൻ തിരുനാ-
മത്തിൽ സ്നാനം പൂണ്ടോർ നൈർമ്മല്യം നേടി.

**ബാറെക്മോർ. † ശുബഹോ - മെന്ഓലാം--**

ആ സഹദേന്മാർ എങ്ങനെ വിധിയെ നേരിട്ടെന്നാരണ-
ഭൂവിൽ ചെന്നു നിരീക്ഷിച്ചേൻ, മെയ്യെരിയുമ്പോൾ അംഗം
ഛേദിച്ചെറിയുമ്പോൾ അകമെ മോദം മനമതിലാഹ്ളാദം
ഉൽഘോഷിച്ചാർ - നിൻ പേർക്കായ് മൃതിയേൽക്കുന്നു
ഈശോ നാഥാ രക്ഷിച്ചീടണമെ. **മൊറിയോറാഹേം--**

### ബോവൂസൊ

നാഥാ നിൻ ശ്ലീഹന്മാർ തൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

നേരേറും കുഞ്ഞാടുകളാം
ശ്ലീഹന്മാർ മേടയിലെത്തി
ത്രാതാവിൻ വാഗ്ദാനമതാ-
മാത്മീയം വരമാർജ്ജിപ്പാൻ

പ്രേക്ഷിതരോടോതി സഭയാൾ
ദീപ്തിയെനിക്കേകി നിങ്ങൾ
രാജകുമാരിക്കൊപ്പം ഞാൻ
മാന്യസ്ഥാനം പ്രാപിച്ചു

നാഥാ നിൻ ശ്ലീഹന്മാർ തൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമെ
തോന്നണമെ തൻ പ്രാർത്ഥനയാൽ
അൻപാത്മാക്കളിലെൻ നാഥാ.

മൂന്നാം കൗമാ

(പർദൈസൊ)

യേശു താത സുതാ - താങ്ങായ് നിൽക്കണമെ
യേശു മറിയസുതാ ശരണം നൽകണമെ
യേശു ബലമേകി പാലിച്ചീടണമെ
യേശു സാത്താനെ മായിച്ചീടണമെ
യേശു പോക്കണമേ കടവും പാപമതും
യേശു വിധിനാളിൽ കനിവുണ്ടാകണമെ.

| |
|---|
| കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. **ബാറെക്മോർ.** |

കോലോ

*അക്പിർമൊ*

പെത്ഗോമോ: ***നാഥനഴിക്കും ബന്ധിതരെ ഹാലേലൂയ്യാ***

രാവിൽ കീപ്പാ തടവീന്നും വിടുതൽ പ്രാപിച്ചു
രാവിൽ പൗലോസ് ശ്ലീഹായുടെ കൈച്ച-ങ്ങല വീണു
രാവിൽത്തന്നെ പാപത്തിൻ ബന്ധനവും ഛേദിക്കേണം

**ബാറെക്മോർ. † ശുബഹോ - മെന്ഓലാം--**

രാവിൽ വനത്തിൽ യാക്കോബിനു താരം ദ്യുതി ചിതറി
രാവിൽ തീത്തൂണിസ്രായേലിന്നായ് - പ്രഭ ചിന്തി
നിന്നെയാരാധിപ്പോരിൽ രാവിൽ താൻ പ്രഭ ചിന്തേണം.

**മൊറിയോറാഹേം--**

ബോവൂസൊ

പാപം ചെയ്തോരോ - ടാദ്രതയുള്ളോനെ
**അൻപുണ്ടാകണമേ - നിൻ വിധി ദിവസത്തിൽ**

**ആർത്തന്മാർ വാനിൽ - മുട്ടുന്നു കൃപാലോ**
**കനിവോടർത്ഥനകൾ - ക്കുത്തരമരുളണമെ**

വാനവനാം താതാ - യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെയേ - റ്റാർദ്രത തോന്നേണം

വാനവർ തന്നീശാ - മാനവർ തൻ ഗതിയെ
ഈ ശുശ്രൂഷയെയേ - റ്റാർദ്രത തോന്നേണം

**ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ-- പേജ് 24 മുതൽ**

**ത്രിത്വത്തിനു സ്തുതി---- പേജ് 30.**

**(കൂക്കിലിയോൻ)**

**നീതിമാൻ പനപോലെ തളിർത്തിടുമെ - ഹാ-**
**വളരുമവൻ ലെബനോൻ കാരകിൽപോൽ**
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമെ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

**ഒരുപോലിങ്ങും മോർ തോമ്മാ**
**ഉണ്ടേമേലും നിന്നോർമ്മ**
**ഉതകണമേ നിൻ പ്രാർത്ഥന നിൻ**
**ഓർമ്മയെ ബഹുമാനിച്ചോർക്കായ്**

**സ്തൗമെൻ കാലോസ് കൂറിയേലായിസ്സോൻ**

**കോലൊ**

**ഹാ മാർത്തോമ്മാ നിൻ ദൂഖറോനോ ഹൃദ്യം**
**കുസുമ വിഭൂഷിത നീസോനാം മാസം പോലെ**
**നീസാൻ മലരുകൾ പോൽ നിൻ സ്മൃതി മോദകരം**
**ഞങ്ങൾക്കെന്നും നിൻ പ്രാർത്ഥന തുണയാകട്ടെ**

**ബാറെക്മോർ.**

ശൂബഹോ----

മാർത്തോമ്മാ നിന്നെ പ്രസവിച്ചോൾ ധന്യ
ഏദനിൽ നട്ട മനോഹരമാം തരുവല്ലോ നീ
ദീനന്മാർക്കുതകും ഫലമേകുന്നോരീ
തരുവിൻ വേരുകളീ ധരയിൽ തല സ്വർഗ്ഗത്തിൽ

മൊറിയോ---

ബോവൂസൊ

എപ്പിസ്ക്കോപ്പൻമാരെ ഞങ്ങൾക്കായ് പ്രാർത്ഥിപ്പിൻ
നാഥൻ ഞങ്ങൾക്കേകിടട്ടെ പാപ വിമുക്തി

മേൽപ്പട്ടക്കാർ ശീമോൻകീപ്പാ ചൊന്നതുപോലെ
വിശ്വാസത്തെ തർക്കം കൂടാതുപദേശിച്ചു
ആചാര്യന്മാർ ഗുരുനാഥന്മാരെപ്പിൻ ചെന്നോർ
ശ്ലീഹന്മാർ തൻ മാർഗ്ഗം തന്നിൽ സ്ഥിരമായ് നീങ്ങി

ആർക്കുന്നേവം സഭ ഞാനേറ്റം മർദ്ദനമേൽപ്പൂ
പുത്രശ്ലീഹന്മാരെ എൻ പേർക്കായ് പ്രാർത്ഥിപ്പിൻ
ദൈവതനൂജൻ പ്രേഷക സവിധം പ്രാപിച്ചപ്പോൾ
ശേഷിപ്പിച്ചാൻ വൻകോട്ടകളായ് നിങ്ങളെയെന്നിൽ

നിങ്ങളുയർത്തും പ്രാർത്ഥനയാലങ്ങുടയോൻ നാഥൻ
ആശ്രിതരിന്നും കോപത്തിൻ ദണ്ഡാഴിവാക്കട്ടെ

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ-- പേജ് 32

മോറാനേശു മശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

കൗമ

## <u>വ്യാഴാഴ്ച പ്രഭാത നമസ്ക്കാരം</u>

### <u>കൗമാ</u>

<u>പ്രാരംഭ പ്രാർത്ഥന --- പേജ്. 34</u>

**ദൈവമെ നിൻെറ കൃപയിൻ പ്രകാരം----- പേജ്. 34**

**കരുണയുള്ള ദൈവമെ ----- പേജ് 36**

**എൻെറ ദൈവമെ നീ എൻെറ ദൈവമാകുന്നു -- പേജ് 36**

### <u>എനിയോനൊ</u>

**മൂമ്പേറായ്** തിരുമുമ്പിൽ യാചനയൊടു പ്രാർത്ഥിക്കുന്നേൻ
ഉടയോനെ നീയൻപുടയോൻ ക്ഷമയെൻ പിഴകൾക്കരുള-
ണമെ പാതകിയാമെന്നൊടു കൃപ തോന്നണമെ

**ആഴിയിലെന്നോണം** ഞാൻ പാപത്തിൻ ബാഹുല്യത്തിൽ
സർവ്വേശാ മുഴുകിപ്പോയി എന്നെക്കരകേറ്റീടണമെ
പാതകിയാമെന്നൊടു കൃപ തോന്നണമെ

**താലന്താൽ** വ്യാപാരം ചെയ്യാഞ്ഞോനു സമാനൻ ഞാൻ
താലന്തൈരണ്ടേറ്റോൻതൻ ചേരിയിലെന്നെ ചേർക്കണമെ
പാതകിയാമെന്നൊടു കൃപ തോന്നണമെ

**ചുങ്കക്കാരൻ** ചോരൻ പാപിനിയെന്നിവർ വിളികൂട്ടി
നാഥാ നീയുത്തരമരുളി, ഞാനും നിന്നെ വിളിക്കുന്നു
പാതകിയാമെന്നൊടു കൃപ തോന്നണമെ

**എൻെറ** കടം വർദ്ധിച്ചു പാപം പെരുകി തലയ്ക്കുപരി
കരുണാകടലേ നൽകണമെ എൻ പാപത്തിന് പരിഹാരം
പാതകിയാമെന്നൊടു കൃപ തോന്നണമെ

**അൻപുട**യോനെമുമ്പായ് സൃഷ്ടികൾ നിന്നെ വണങ്ങുന്നു
നിൻ വാതിൽക്കൽ മുട്ടുന്നു, കൃപയോടുത്തരമരുളണമെ
പാതകിയാമെന്നൊടു കൃപ തോന്നണമെ

**ജീവപ്രദനാം** നിന്നെ മൃതിഗതർ നോക്കിപ്പാർക്കുന്നു
നിൻ നാദത്താലവരെ വിളിച്ചേറ്റണമെ പറുദീസയതിൽ
പാതകിയാമെന്നൊടു കൃപ തോന്നണമെ

**ബാറെക്മോർ. † ശുബഹോ – മെന്ഓലാം--**

**സ്വർഗ്ഗീയം സൈന്യഗണം നിൻ സ്തുതിഗീതം പാടുന്നു ഭൗമികർ ഞങ്ങളുമന്നിരയിൽ നിൻ പ്രഭുതയെ സംസ്തുതി- ചെയ്‌വൂ - പാതകിയാമെന്നൊടു കൃപ തോന്നണമെ**

**ആമ്മീൻ**

**113-ാം സങ്കീർത്തനം**

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. ---പേജ് 38

**എക്ബോ**

**ആലോഹോ ആദാറൈൻ**

ഉടയോനെ തുണചെയ്ക, പാപത്തിൻ വീചികളും ചുഴലികളും ചൂഴുന്നീ-യെന്നെ, ശാന്തിത്തുറമുഖമാവുക നീ മുങ്ങായ്‌വാൻ ഞാനീ വാ-രിധിയിൽ, കാത്തീടുന്നേനനുതാ-പത്തിന്നായ്, പത്രോസി-ന്നെന്നോണം തൃക്കൈ നീട്ടി ചെയ്യുക കാരുണ്യം. **സ്തൗമെൻ കാലോസ്** --- ---

**കോലൊ**

*(ബ്തറഖ് മോറാൻ)*

പേത്ഗോമോ: **തൽ പ്രാർത്ഥന ഞങ്ങൾക്കഭയം**

**പൗരാണിക ധർമ്മിഷ്ടന്മാർ നിൻ കരുണയ്ക്കായ് അർപ്പിച്ചു ധൂപം, ഫിനഹാസിൻ പ്രാർത്ഥനയാലെ ബാധയൊഴിഞ്ഞു, ധൂപത്താൽ ജനപാപമൊഴിച്ചഹരോൻ** നേടി ദൈവത്തിൻ പ്രീതി **ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒലമീനാമീൻ**

സ്തുതിയാംഗൃത്താൽ സൃഷ്ടികളെ ഹന്ത നയിപ്പോനെല്ലാ-
പുലരിയിലും, പാരും വാനും നിറയുന്നോനവ നിസ്സാരം സജ്ജന ഹൃദയം നിസ്സിമം നാഥനെയനിശം വന്ദിപ്പോൻ ധന്യൻ

സുന്ദര തരുണൻ ശ്ലേമ്മോനെ വേലിക്കുള്ളിൽ കന്യാമുദ്രയെഴും, തോപ്പെന്നാരെ നീ വാഴ്ത്തി

മറിയാമിനെയാ വന്നുദയം ചെയ്താനവളിൽ
തോട്ടക്കാരൻ പറുദീസാ നട്ടോൻ

**ഈറേ** ദൂതൻ കന്യകയോടേവം ചൊന്നാൻ കൃപ-
നിറയുന്നോളെ, ശ്ലോമ്മോ നാഥൻ നിന്നൊടു
കൂടെന്നെന്നേക്കും രാജാവായി വിരാജിപ്പോൻ
നിന്നിലുദിക്കും പരമ പവിത്രതയിൽ

**താതൻ** തൻ തോപ്പിൽ പണിയാൻ തനയൻ വിട്ടു
പുലരിയിലാളുകളെ, നിബിയരെ മുന്നം പിന്നാലെ
ശ്ലീഹന്മാരെ, മണി പതിനൊന്നിൽ പറുദീസിൻ
താക്കോലേകി പരിചൊട് ചോരനെയും

**നാഥൻ** ഭാഗ്യം നേർന്നോരേ വിമലന്മാരെ ധന്യന്മാർ
നിങ്ങൾ, ഇഹലോകത്തിൻ മോഹങ്ങളെ നിങ്ങൾ
വെടിഞ്ഞു, വാനിലിതാ നന്മണവറയും
ദിവ്യ വിരുന്നും നിങ്ങൾക്കായ് സജ്ജം

**റാഹേൽ** തനയൻ യൗസേപ്പാം ബാലനെയന്നാൾ
പുലരി വിടർന്നപ്പോൾ, മിദിയാൻ വർത്തകർ കുഴിയിന്നും
കരയതിലേറ്റി, വാങ്ങിവിലയ്ക്കാ-മിസ്രേമിൽ ചെന്നഥ
ചേർന്നോൻ രാജാവായ് വാണു.

**നാഥാ** വാതിലിൽ മുട്ടുന്നേൻ നിധിനിലയത്തിന്നൻപർത്ഥി-
ക്കുന്നേൻ, നെടുനാളായ് ഞാൻ നിൻ വഴി
കൈവിട്ടൊരു പാപി, പാപമുപേക്ഷിച്ചങ്ങത്തെ
കൃപയിൽ വാഴാൻ കൃപ ചെയ്തീടണമെ

**ജനകാത്മജ** വിമലാത്മാവേ ഞങ്ങളൊടേൽക്കും
ദുഷ്ടാത്മപ്പടയിൽ ഞങ്ങൾക്കാവുക വൻമതിലും
ശരണമതും നീ, സത്തമരെത്തിരയുന്നേരം
കരുണാച്ചിറകിൽ - ചേർക്കുക ഞങ്ങളെ നീ

**നാഥാ** സുസ്മൃതി നൽകണമെ നിന്നിടവകയെ
കാത്തോരിടയർക്കും, നിബിശ്ലീഹാ സഹദാ സത്തമ
കഹനേന്മാർക്കും, തലമുറ തലമുറയെന്നുമെഴും
നിർമ്മല സഭതൻ സന്താനങ്ങൾക്കും

മൊറായോറാഹേം----

പെത്ഗോമോ: *മോറാൻ യേശുമശിഹാ*

**ഉദയേ** കടലിന്നൂടയോനെ കരയിൽ കണ്ടു ശിഷ്യന്മാർ ഉദയേ പടകിലുറങ്ങിപ്പോയ് നിദ്രയ്ക്കമെരാത്തു-ണർവ്വുള്ളോൻ, ഉദയേ കൂലി വിളിച്ചേകും ധർമ്മിഷ്ടന്മാർക്കായ് നാഥൻ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒലമീനാമീൻ**

**ഉദയേ** സ്തോത്രം പള്ളികളിൽ ദയറാകളിലോ സ്തുതിനാദം, ഉദയേ മൃഗതതി പക്ഷികളും മധുരം നാദമുയർത്തുന്നു ഉദയേ കടലും ദ്വീപുകളും ജനവും നിന്നെ വന്ദിപ്പൂ.

**മുകിലാൽ** വെള്ളമൊഴുക്കുന്നോൻ മഴയാൽ ധരയെ നനയ്ക്കുന്നോൻ, പാനം ചെയ്താനാശ്ചര്യം മാതാ-മറിയാമിൻ സ്തന്യം, മാതാവത്യത്ഭുത പൂർവ്വം സുതനെ പാരം ലാളിച്ചു.

**ലാളിക്കുന്നു** ചിരന്തനനാം പൗരാണികനെ പൈതൽ-പോൽ, യോഹാൻ നൃത്തമൊടെതിരേറ്റാൻ ശിശുവെ-ന്നോണം തുള്ളുന്നു, പൂർവ്വികനായ വയോധികനെ കൈത്തണ്ടിലിതാ ലാളിപ്പൂ

**ശ്ലോമ്മായാ** നിബിയന്മാർക്കും ശ്ലോമ്മോയാ ശ്ലീഹന്മാർക്കും, ശ്ലോമ്മോയാ നാഥൻ തന്നെ സ്നേഹി-ച്ചോരാം സഹദേർക്കും, ശ്ലോമ്മോതൻ സന്താനങ്ങൾ മരുവും സഭയാൾക്കും ശ്ലോമ്മോ.

**സഹദേന്മാരെ** സമരത്തിൽ സഹഭടനായ് നിന്നുത്സാഹം നിങ്ങൾക്കരുളിയൊരാനാഥൻ സത്യ-സ്നേഹം തൃക്കൺ-പാർത്താദര പൂർവ്വം വലുതാക്കി നിങ്ങൾ തൻ പെരുന്നാളുകളെ.

**താതാ** മാർത്തോമ്മാശ്ലീഹാ വേഗം കൂടും തൂവലിനാൽ പ്രതിദാനം നേടിച്ചിറകാൽ പാറി-പ്പൊങ്ങും നീ വാനിൽ നിൻ സുകൃതത്താലുടയോനെ എതിരേൽപ്പാൻ നീ ചെന്നെത്തും.

ഉദയെ പ്രാർത്ഥിച്ചാളേവം വിശ്വാസിനിയാകും ശ്മൂനി
സിംഹത്തെപ്പോൽഗർജ്ജിച്ചെൻ പുത്ര-ന്മാരെക്കൊലചെയ്യും
രാജാവാമന്ത്യോഖസ്സി-ന്നെന്നെ രക്ഷിച്ചീടണമെ.

**ദേവാ കൃപ** ചെയ്തീടണമെ നിൻ കൃപയിൻ പതി-
വിന്നൊപ്പം കെണിയനവരതം ഞങ്ങൾക്കായ്
വയ്ക്കും കുടിലനെയോടിക്ക, നിൻ † സ്ലീബാ
കാവൽ ഞങ്ങൾ-ക്കതിയാലാവൃതരാം ഞങ്ങൾ.

**പാപംചെയ്ത**തിനാൽനാഥാ പീഢകളാൽ ശിക്ഷിക്കരുതെ
താതനു സമനാമാത്മജനെ നിബിശ്ലീ-ഹന്മാർ
നിർമ്മലരാം സഹദേന്മാരെന്നിവരെയോ-ർത്തലിയണമെ
നിന്നിടവക മേൽ

**രക്ഷക** നിൻമെയ് രക്തങ്ങൾ കൈക്കൊണ്ടോരായ്
ഹാശായെ സാക്ഷിച്ചോർക്കുണ്ടാകണമെ
എങ്ങും സുസ്മൃതി മദ്ബഹായിൽ † സ്ലീബായാൽ
ജീവിതരെക്കാത്തൻപാൽ മുക്തി മൃതർക്കരുളുക.

## കുക്കിലിയോൻ

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ നാഥാ ഹാ- ഹാ
നിയെൻ ശരണം ലജ്ജിക്കരുതെ ഞാൻ

ദോഷികൾ നാണിക്കും പാഴ്പ്പണിയിൽ ഹാ - ഹാ –
നാഥാ നിൻ പാതകളെന്നെക്കാട്ടിടുക

**ബാറെക്മോർ. † ശുബഹോ - - മെന്ഓലാം വാദാമോ—**

പ്രഭ നിന്നെവ-ന്ദിക്കുന്നു നാഥാ വാനോർ വാഴ്ത്തുന്നു
നിൻ പ്രഭതന്നുദയ-ത്തിങ്കൽ സൃഷ്ടികൾ നിന്നെ വന്ദിപ്പൂ

**സ്തൗമെൻ കാലോസ്-**

ഉദയത്തിങ്കലുണ-ർന്നപ്പോൾ യാക്കോബത്ഭുതമീക്ഷിച്ചു
ധരമേൽ നാട്ടിയ ഗോവണിതന്നഗ്രം വാനിലുരുമ്മുന്നു
വാനോരീറേ ദൂതന്മാ-രതിലൂടേറിപ്പോകുന്നു.

**ബാറെക്മോർ † ശുബഹോ----**

ചൊന്നാൻ ശീമോനുദയത്തിൽ കർത്താവേ ഞാൻ
നിന്നരികിൽ എത്താ-നരുളണമെന്നേവം ചൊല്ലീ
നാഥൻ തിരയിന്മേൽ, നടകൊൾകെന്നെ
നമ്പുന്നോൻ പേടിച്ചീടേണ്ടൊന്നിനെയും. **മൊറിയോ**

**<u>ബോവൂസൊ</u>**

കർത്താവേ, നിന്നാദ്രത നിറയും വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം

ഗൂഢം വീട്ടിൽ പ്രാർത്ഥിപ്പതിലാണുടയോനിഷ്ടം
ശബ്ദത്താലല്ലാർന്നതു ഭാഗ്യം ധർമ്മിഷ്ടന്മാർ
സൗമ്യൻ മോശ പ്രാർത്ഥനമൂലം ഭാഗിച്ചാഴി-
ക്കൂട്ടം നീങ്ങി ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയി

ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകീ വിണ്ടും പ്രവചന ശക്തി
ചൂളയ്ക്കുള്ളിൽ ഹാനനിയന്മാർ പ്രാർത്ഥിച്ചപ്പോൾ
തീക്കുണ്ടത്തീന്നവരെ ദൈവം സംരക്ഷിച്ചു

നിര്യാണം ന്യായത്തിൻ പീഠം നരകം മൂന്നും
ഭീയേറ്റീടുന്നെൻ കർത്താവേ എന്നുള്ളത്തിൽ

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ നിൻെറ തിരുനാമത്തിന് സ്തുതി പാടുന്നതും, പ്രഭാത സമയത്ത് നിൻെറ കൃപയേയും രാത്രി കാലങ്ങളിൽ നിൻെറ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതസമയത്ത് എൻെറ ശബ്ദം നി കേൾക്കേണമെ. പ്രഭാതസമയത്ത് ഞാൻ ഒരുക്കത്തോടെ നിനക്ക് കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ, ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ, നിൻെറ വലതു കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

**<u>കൗമാ</u>**

## വ്യാഴം മൂന്നാം മണി

### കൗമാ

*(മൊറിയൊ മോറാൻ)*

ഉടയോൻ നാഥാ, നിന്നെ വിട്ടെങ്ങെത്തും ഞാൻ നിൻ-
മഹിമയിൽ ഞാ-നെങ്ങമരും ഗൂഢം, വാനിൽ ചെന്നാൽ
നീയങ്ങുണ്ടാദ്യന്തം ഞാൻ ശീയോളാർന്നാ-ലങ്ങും നിൻ
കോയ്മ, നിന്തിരുമുമ്പിൽ കുറ്റം തീർന്നോനില്ലല്ലോ
കൃപയാലെന്നെ വലമായ് നിർത്തണമെ.

**ബാറെക്മോർ. † ശുബഹോ-- മെന്ഓലാം വാദാമോ---**

അയ്യോ നാശം, ദുഷ്ക്കർമ്മങ്ങളിലുൽസുകനാം ഞാൻ
മരണത്തിൻ കാര്യമതോർത്തില്ല, ഞാൻ ന്യായത്തിൻ
സംഹിതയെനിന്ദിച്ചയ്യോ തന്നിഷ്ടത്തെ
ന്യായാവലിയാക്കി
സൽക്രിയയാമെൻ മേൽക്കുപ്പായം നിങ്ങിപ്പോയ് തേജോ-
മയമാം വസ്ത്രവുമില്ലാതായ് - അൻപാലെന്നെ കാക്കുക
തിനരകത്തിന്നും നാഥാനിൻ ഹാശാമൃതി കബറിവയാൽ
മൊറിയോ-

**ബോവൂസോ**

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപചെയ്യേണം

കാംക്ഷിക്കുന്നേൻ കന്മഷമുക്തിക്കെൻ കർത്താവേ
കാലത്തിന്നൊത്തൻപർത്ഥിപ്പാൻ നൽകുക കണ്ണീർ
ദാഹിക്കുന്നേനേകാശ്രയമാം നിൻ കരുണയ്ക്കായ്
വർഷിക്കെന്മേൽ കരുണാക്കടലേ കരുണാപൂരം

കാലം പോക്കിപ്പാഴായവയെ സേവിച്ചീ ഞാൻ
ജീവാന്ത്യത്തിൽ കൈക്കൊൾകെന്നെ ഞാൻ നിൻേറതാം
മായാരാജാവെന്നെ വധിപ്പാനെയ്തു ബാണം
സേനാധിശാ സൗഖ്യം നേടാനൗഷധമേകൂ

ദേവാ ദേവാ ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ

## വ്യാഴം ആറാം മണി

### കൗമാ

(ബ്സാപ്പറൊ ഹസാവൂയ്)

ദൈവത്തിൻ മാതാവായോൾ പാവന കന്യക മറിയാമ്മി-
ന്നുണ്ടാകട്ടെ ലോകത്തിൽ-ദിശകളിലെങ്ങും നല്ലോർമ്മ
ദൈവംതൽസ്മൃതിവലുതാക്കി
തൽപ്രാർത്ഥനങ്ങൾക്കഭയം

ബാറെക്മോർ. † ശുബഹോ---

ദർശക നിവഹം ശ്ലീഹഗണം-നിൻശരണേമൃതിയേറ്റോരാം
സഹദേന്മാർ പരിശുദ്ധന്മാർ-വിശ്വാസികളാം മൽപ്പാന്മാർ
എന്നിവർ തൽപ്രാർത്ഥനയാലെ പാരിൽശാന്തിപുലർത്തണമെ
മെന്ഓലാം വാദാമോ---

കർത്താവേ നിൻ ജീവരവം മണ്ണായ്ത്തീർന്ന മൃതന്മാരെ
കബറിന്നും പറുദീസയിലേ-യ്ക്കാഹ്വാനം ചെയ്തേറ്റണമെ
സജ്ജന സഹിതം നേടണമെ ശാശ്വത ജീവൻ മൃതലോകം

മൊറിയൊറാഹേം----

ജനനീ പരിശുദ്ധ പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും വിഗതർക്കും നൽക

മറിയാമ്മിൻ സ്മരണം വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട

പരിശുദ്ധ ശ്ലീഹാ നിബി സഹദേന്മാരെ
യാചിപ്പിൻ കൃപയെ ഞങ്ങൾക്കായ് നിങ്ങൾ

നിൻ ശരണേ മൃതരാം താത സഹോദരരിൽ
ചൊരിയണമേ മോദപ്പനിനീരെൻ നാഥാ

സുസ്മൃതി ജനനിക്കും വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും ചേർപ്പോനെ സ്തോത്രം

ജനനീ പരിശുദ്ധ പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും വിഗതർക്കും നൽക

*(വിശുദ്ധകുർബാനയുള്ള ദിവസങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ ചൊല്ലേണ്ടതില്ല)*

**നിന്നെ പ്രസവിച്ച മാതാവിൻേറയും----- പേജ് 47**

**കൗമാ**

********വിശ്വാസപ്രമാണം********

**ധൂപ പ്രാർത്ഥന**

---

## മാവുർബോ

## I

(ലേക് ദീസൈക്ക് ശുബഹോറൊ)

**ദൈ-വത്തിൻ മാതാവേ, ഭൂലോകത്തിൻ**
**സ്തുതിതൻ ഭാജനമാം**
**നിന്നിൽ നിന്നും വചനമതാം**
**ദൈവം ഹിതമൊടു ജഡമേറ്റു**
**പരമ വിശുദ്ധിയെഴും കന്യേ**
**വാഴ്ത്തുന്നു നിന്നെ ഞങ്ങൾ.**

**ഞാ-ൻ മേവുന്നേടത്തെൻ ശുശ്രൂഷകരും**
**മേവിടുമെ-ന്നുള്ളോരാനിൻ മൊഴിയാൽ ശാശ്വതമാം**
**ജീവിതമാർജ്ജിപ്പാൻ സഹദേർ**
**നശ്വരമായതു കൈവിട്ടാർ**
**വാഴ്ത്തുന്നു നിന്നെ ഞങ്ങൾ**

**കർത്താവേ പാവനമാം നിന്തിരുമെയ്യും**
**പുണ്യതമാം നിണവും**
**കൈക്കൊണ്ട പരേതർക്കെല്ലാം**
**കനിവൊടു ശരണം നൽകണമെ**
**നിൻെറ മഹത്വമുദിക്കും നാൾ**
**വലഭാഗത്തവർ നിൽക്കേണമെ. ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

ക്നൂമ്മാ മൂന്നായിടും സത്യൈകേശൻ
താതൻ തന്നെ നാം
വാഴ്ത്തേണം സുതനെ വണങ്ങി
കീർത്തിക്കേണം റൂഹായെ
ദൈവത്തിൻ കൃപ നമ്മുടെ മേൽ
ഉണ്ടാകട്ടെന്നന്നേയ്ക്കും. **ആമ്മീൻ**

---

## II

(ഹൊയ്ദ്മെൻ ശ്മായോനെ)

വാനവ ദൂതർ മാനിക്കുന്നോളെ - വാനവരനിശം
വാഴ്ത്തീടുന്നോളെ - ദൈവ ജനിത്രി ശ്ലോമ്മോ തേ

മശിഹാതൻപ്രിയരാം പരിശുദ്ധന്മാരെ-ശ്ലോമ്മോ ക്ലേശം
പൂണ്ടോരെ ഭാഗ്യം - പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

ഈറയ സഹിതം പുനരുത്ഥാനത്തി-ന്നെത്തുമ്പോൾ വി-
ശ്വാസികളാം മൃതരിൽ - കൃപ ചെയ്യണമെ കർത്താവേ.

**ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

ആദ്യന്ത വിഹീനൻ താതനെ വാഴ്ത്തീടാം † കൂരിശാൽ
വീണ്ടോൻ സുതനെ വന്ദിക്കാം റൂഹ്കുദിശായെ
കീർത്തിക്കാം. **ആമ്മീൻ.**

## III

(ലെക്ദ്ക്കിസോ ഉസഹിയസ്)

അളവറ്റോനാം ദൈവത്തെ ഗർഭാശയമാം മണിയറയിൽ
വിസ്മകരമുൾ കൊണ്ടോളാം പാവനകന്യേ ദൈവത്തിൻ
മാതാവേ നിന്നെ ഞങ്ങൾ സതതം വാഴ്ത്തുന്നു.

അത്യവശതയൊടു മാർതോമ്മാ
നിന്നെവിളിക്കുന്നുഞങ്ങൾ
യാചനകളെ നിറവേറ്റണമെ സർവ്വോപരി നിന്നെ നാഥൻ
സ്നേഹിപ്പൂ നിൻ പ്രാർത്ഥനയീ-ഞങ്ങൾക്കാലംബം

തിരുമെയ്യുംതിരുരക്തമതുംകൈക്കൊണ്ടൊരുവിശ്വാസികളെ
ജീവിപ്പിച്ചിടുമെന്നേവം നൂതന ജീവിത വാഗ്ദത്തം
നേടിയ വിഗതന്മാർ ധന്യർ പ്രാണദനാണീശൻ

**ബാറെക്മോർ.**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

**സത്യൈകേശൻ ജനകന്നും സുതനും വിമലാത്മാവിന്നും**
**ശ്രുതി മധുരം മോദപ്രദമാം വിമലസ്തുതിയർപ്പിക്കുന്നു**
**ത്രിത്വാത്മജനെ ഞങ്ങളുമ-ങ്ങനിശം കീർത്തിപ്പൂ ആമ്മീൻ.**

---

## IV

(ലെക്പായോ ദൻകാലോസ്)

**ദൈവത്തിൻ-മാതാവേ, കന്യേ നീ മൂലം ദൈവം**
**മാനവ വർഗ്ഗത്തൊടു യോജിച്ചതിനാലെന്നേക്കും**
**നീ കീർത്തിതയാകാൻ യോഗ്യ.**

**സർവ്വാ-ധീശാ നാഥാ നിന്നൊടെഴും സ്നേഹം മൂലം**
**യാതനയേറ്റോരാപ്പരിശുദ്ധന്മാരർത്ഥിക്കും**
**പാപികളാകും-ഞങ്ങൾക്കായ്**

**ഉടയോനാം മശിഹായെ-ഉത്ഥാനത്താലാശ്വാസം**
**നേടാൻ നിൻ വരവിന്നായ് മൃതരേറ്റം കാംക്ഷിപ്പൂ**
**അവർ നിന്നെ-ക്കീർത്തി-ക്കട്ടെ. ബാറെക്മോർ.**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

**സ്വർഗ്ഗമതിൽ വാഴ്വോനെ, തിരുസഭതന്നിൽ പുണ്യത്തിൻ**
**തിരുബലി പീഠത്തെ സ്ഥാപിച്ചോനെ, എന്നേക്കും**
**ഉന്നതനേ പരിശുദ്ധൻ നീ. ആമ്മീൻ.**

## V

(ഏശാനെ ദുസ്കദ്ഹോദെ)

കന്യക ഗർഭിണിയായതിനാൽ
ആനന്ദിക്കുക നിബിയാമേശായാ
അമ്മനുവേലാമാദ്യജനെപ്പെറ്റു കന്യകയാൾ
ഉദയം ദൈവിക ദൈവം, കതിരെന്നിവ
നിബി ചൊല്ലിയ തൻ നാമങ്ങൾ
അവനെക്കീർത്തിച്ചാ ജനനിക്കനിശം
ഭാഗ്യം നേരുന്നീ ഞങ്ങൾ.

താതന്മാരെ പണ്ഡിതരാം
മൽപ്പാന്മാരെ പാരം മോദിപ്പിൻ
വചനമതാകും വിത്തുവളർന്നേവൻഗേല്യോനിൽ
നാഥൻ നേരായരുളിയപോൽ
മുപ്പതുമറുപതുമൊരുനൂറും മേനി
വിശ്വാസമതാകുന്ന ഫലം
ലോകർക്കരുളിയതോർത്താലാശ്ചര്യം.

സർവ്വേശാ മശിഹാ വിശ്രാന്തിയു-
മാനന്ദമതും ദാസർക്കരുൾക
മരണം കൈക്കൊണ്ടോനാം നീ-പാതാളസ്ഥിതരെ
നാശം തീർത്തെഴുന്നേൽപ്പിപ്പാൻ
സാക്ഷാത്താം ജീവോത്ഥാനങ്ങൾ
വാഗ്ദത്തം ചെയ്തോതിയപോൽ
ആശ്വാസമവർക്കുത്ഥാനേ നൽക. **ബാറെക്മോർ.**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

വീണുവണങ്ങിക്കീർത്തിക്കുക
പാവന സഭയെ നിന്നാത്മജരൊപ്പം
ത്രിത്വരഹസ്യമതാം താതാ-ത്മജ റൂഹ്ക്കുദിശായെ
ജനകൻ സത്യ പ്രഭ തനയൻ
നിത്യമതാകും കിരണത്തിന്നുദയം
റൂഹായാശ്വാസ പ്രദനാം
ഏകൻ ദൈവത്തെ വാഴ്ത്തുന്നെങ്ങൾ. **ആമ്മീൻ.**

VI (കാദ് മ്കദ്മീനാൻ)

ദൈവത്തിൻ മാ-താവേ കന്യേ-വാഴ്ത്തുന്നു നിന്നെ ഞങ്ങൾ
ഞങ്ങൾ വണങ്ങിക്കീർത്തിപ്പൂ-നിന്നിൽ നിന്നു പിറന്നോനെ

നിബിശ്ലീഹാസഹദേരെ ഞങ്ങൾനിങ്ങളെയേറ്റംവാഴ്ത്തുന്നു
ആർക്കായ് പാടേറ്റു നിങ്ങൾ-അവനെ നമിച്ചു പുകഴ്ത്തുന്നു

വിശ്വാസികളാംവിഗതന്മാരെ നിങ്ങളെയോർക്കുന്നു ഞങ്ങൾ
പ്രാണപ്രദനൊടു യാചിപ്പൂ പുണ്യം നിങ്ങൾക്കേകിടാൻ.

**ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമേ---**

ദേവാധിപനാം മശിഹാ നാഥാ-വാഴ്ത്തുന്നു നിന്നെ ഞങ്ങൾ
താതനെയും വിമലാത്മത്തേയും
ഞങ്ങൾ നമിച്ചു പുകഴ്ത്തുന്നു. **ആമ്മീൻ.**

---

VII (ല്ഹൗ ദേസീലേദ് ഗല്യോയീസ്)

പരിണയമെന്യേ കന്യകയീന്നുദയം
ചെയ്തോനെ വാഴ്ത്താൻ വന്നീടുവിൻ
കന്യാഗർഭത്തീന്നുദയം-ചെയ്തോരു
നീതിമഹാർക്കനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

വീര്യം തൻ പോരാട്ടക്കാ-ർക്കേകി-
യൊരുടയോനെ വാഴ്ത്താൻ വന്നീടുവിൻ
സമരത്തിൽ ജയമാർന്നോർക്കായ്-മകുടം
നൽകിയ നാഥനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

പ്രിയനാം ലാസറിനെ കബറീ-ന്നെഴുന്നേൽ-
പ്പിച്ചോനെ വാഴ്ത്താൻ വന്നീടുവിൻ
മൃതി പാശത്തീന്നും വിധവാ-സുതനെ
വിടുവിച്ചോനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

**ബാറെക്മോർ. † ശുബഹോ-- മെന്ഓലാം വാദാമോ---**

താതനെയും തൻ സുതനേയും-റൂഹ്കുദി-
ശായെയും വാഴ്ത്താൻ വന്നീടുവിൻ
പാവന ത്രിത്വ രഹസ്യത്തെ-സംഘം-ചേർ-
ന്നങ്ങൊന്നായ് നാമെന്നേരത്തും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം. **ആമ്മിൻ**

---

## VIII

(ല്ഹൌയൽദൊഗ്നീസൊ)

വിശ്വാസികൾ നമ്മെ രക്ഷിപ്പാൻ
ഗിരി ഹോരേബിൻ ജ്വാലയതിൽ
ദർശിപ്പിച്ചൊരഗോചരനാം-പൈതലിനെക്കീർത്തിച്ചീടാം
അതു പാർത്താൽ-അത്ഭുത കന്യാ സൂചനയാം
തന്മൂലം സ്തുതി സതതം നമ്മൾക്കർപ്പിക്കാം

ലോകത്യാഗികളാം ശ്ലീഹന്മാർ
വിജയായുധമായ് മശിഹായെ
നിത്യമണിഞ്ഞങ്കം വെട്ടി - കണ്ടാലും നമ്മൾക്കെല്ലാം
അവരിപ്പോൾ-അതുന്നതമാം കോട്ടകളാം
തന്മൂലം സ്തുതി സതതം നമ്മൾക്കർപ്പിക്കാം

കാരുണ്യ കടലാം കർത്താവേ,നിൻ ശരണമതിൽ നിദ്രിതരാം
ദാസന്മാരെയനവരതം-മോദിക്കും,
ശുദ്ധന്മാർ തൻ ഭവനത്തിൽ, ശോഭനമാം കൂടാരത്തിൽ
പാർപ്പിച്ചേകീടണമേ മേന്മേലാശ്വാസം. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

പാവന പുത്രൻ തൻ പ്രേഷകനാം
താതൻ താൻ സ്തുത്യൻ വിശ്വാസം
പൂണ്ടോർ നാം രക്ഷിതരാവാൻ
നിർമ്മലമാമുദരം തന്നിൽ
നിർമ്മലമായ്-വന്നധിവാസം ചെയ്തതിനാൽ
ആത്മജനെയനിശം നാം കീർത്തിച്ചീടേണം. **ആമ്മീൻ**

## സ്ലീബാ - കുക്കിലിയോൻ

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ - ഹാ---
ദ്വേഷികളെ മെതിച്ചീടും നിൻ നാമത്തിൽ

വൈരികളിൽ നിന്നും കാത്തെങ്ങളെ നീ - ഹാ---
ശത്രുക്കളെ ലജ്ജിപ്പിച്ചു. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

### എക്ബോ

സ്ലീബാ വെന്നു വെല്ലുന്നു
സ്ലീബാ വിദ്വേഷിയെ വെന്നു
സ്ലീബായെ സാക്ഷിച്ചോർക്കായ്
സ്ലീബായാകട്ടെ കോട്ട. **സ്തൗമെൻ കാലോസ്---**

### കോലോ

നാഥൻ കൂട്ടായുള്ളതിനാൽ - ദുഷ്ടനെ നാം പേടിക്കില്ല
തൻദിവ്യായുധ ധാരികളാം - നമ്മൾക്കുന്നതിയുണ്ടാകും.

**ബാറെക്മോർ † ശുബഹോ---**

സ്ലീബായെ തോളിൽ താങ്ങി
സീയോനിൽ നിന്നും പോയോൻ
മൃതർ തൻ അസ്ഥികളിൻ മീതെ
ചൊരിയട്ടെ കരുണ പനിനീർ

**മൊറിയോറാഹേം മേലൈൻ ഊവാദാറേൻ**

### ബോവൂസൊ

സ്ലീബാവാഴുക സ്വർഗ്ഗത്തിൽ-സ്ലീബാ വാഴുക ഭൂമിയിലും
സ്ലീബാ പള്ളികൾ ദയറാകൾ-ക്കെല്ലാമാകട്ടെ കോട്ട.

**or**

യേറുശലേം ഗോഗുൽത്തായിൽ
ക്രൂശിതനാമീശോ സ്തോത്രം
പാറ പിളർന്നു തൻ ധ്വനിയാൽ
മൃതരേറി സ്തോത്രം പാടി.

## വ്യാഴാഴ്ച ഒമ്പതാം മണി

† പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ആദിമുതൽ എന്നെന്നേക്കും തന്നെ ആമ്മീൻ.

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

**ദൈവമെ നീ പരിശുദ്ധനാകുന്നു**

ബലവാനെ നീ പരിശുദ്ധനാകുന്നു

മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി † കുരിശിക്കപ്പെട്ടവനെ ഞങ്ങളോട് കരുണചെയ്യണമെ.

ഞങ്ങളുടെ കർത്താവെ ഞങ്ങളോട് കരുണ ചെയ്യണമെ

ഞങ്ങളുടെ കർത്താവെ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ

ഞങ്ങളുടെ കർത്താവെ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ

ദൈവമെ നിനക്ക് സ്തുതി,

സ്രൃഷ്ടാവെ നിനക്ക് സ്തുതി

പാപികളായ നിൻെറ അടിയാരോടു കരുണ ചെയ്യുന്ന മശിഹാ രാജാവേ നിനക്കു സ്തുതി. **ബാറെക്മോർ.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരു നാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വര ണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവ നിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തു കൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേ യ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമെ നിനക്കു സമാധാനം, ഞങ്ങളുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെ ട്ടവളാകുന്നു, നിൻെറ വയറ്റിലെ ഫലമായ ഞങ്ങളുടെ കർത്താവേശുമശിഹായും വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മർത്തമറിയമെ, (തമ്പുരാൻെറ അമ്മെ), പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവം തമ്പുരാനോടപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

**കോലോ**

*ബാറൂബ്ത്തോ ബ്റീശീസ്*

പുത്രനിലേറ്റുപറ-ഞ്ഞാജ്ഞകൾ നിറവേറ്റി
വിശ്വാസം-കാത്തോർ - മൃതർ നിൻ കബറിങ്കൽ
സ്വർഗ്ഗവുമഴിവറ്റ - ജീവനുമാർജ്ജിക്കും
ഹാലേ---ഹാലേ--- അവരാനന്ദിക്കും. **ബാറെക്മോർ**

**†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ദൈവസുതാഗമനം - മിന്നൽ പിണരൊപ്പം
പിളരും കല്ലറകൾ - മൃതിഗതരെഴുന്നേൽക്കും
പുനരുത്ഥാനകനാം - കർത്താവിനെ വാഴ്ത്തി
ഹാലേ---ഹാലേ--- സ്തുതിഗീതം പാടും.

**മൊറിയോറാഹേം മേലൈൻ ---- ---**

**ബോവൂസൊ**

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ

നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ - മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തിടും - മെയ്യോടാത്മാവും

കൗമാ

## വെള്ളിയാഴ്ച സന്ധ്യ

**† ശുബഹോ ----**

**ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ, അനുഗ്രഹങ്ങളും, കരുണയും രണ്ടു ലോകങ്ങളിലും, എന്നും എന്നെന്നേയ്ക്കും ചൊരിയപ്പെടുമാറാകണമെ. ആമ്മീൻ.**

പ്രാരംഭ പ്രാർത്ഥന

**ദൈവമായ കർത്താവേ, പകൽ സമയത്തെ അദ്ധ്വാനങ്ങളിൽ നിന്ന് ഞങ്ങളുടെ ശരീരം വിരമിക്കുകയും, ലൗകിക ചിന്തകളിൽ നിന്ന് ഞങ്ങളുടെ മനസ്സ് പിൻവാങ്ങുകയും ചെയ്തുകൊണ്ട്, ഈ സന്ധ്യാ സമയത്ത് ശാന്തമായി തിരുസന്നിധിയിൽ നിലകൊണ്ട്, നിത്യ സ്തുതികളും തുടർച്ചയായ സ്തോത്രങ്ങളും നിനക്കർപ്പിക്കുവാനും, ഞങ്ങളുടെ ജീവനെ സംരക്ഷിച്ച് നയിക്കുന്നവനും, ഞങ്ങളുടെ ആത്മാക്കളുടെ സഹായിയും രക്ഷിതാവുമായ നിന്റെ കൃപയ്ക്ക് സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ -----**

### 141, 142, 119, 117 സങ്കീർത്തനങ്ങൾ

**കൂറിയേലായിസ്സോൻ:** കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ. എന്നോടു നീ ഉത്തരമരുളി ചെയ്യണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളുകയും ചെയ്യണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച, സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ. എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും, ഞാൻ അന്യായക്രിയകളെ പ്രവൃത്തിക്കാതെയും ഇരിക്കത്തക്ക വണ്ണം, എന്റെ വായ്ക്ക് ഒരു കാവൽക്കാരനെയും, എന്റെ അധരങ്ങൾക്ക് ഒരു സൂക്ഷിപ്പുകാരനേയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധി കർത്താക്കൾ പാറയിൻ മുനയാൽ തടുക്കപ്പെട്ടു ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതു പോലെ, ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്ക് ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികളെ മറച്ചുവെച്ചിട്ടുള്ള, പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എന്റെ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ അറിയിക്കയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികളെ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി,, എന്നെ അറിയുന്നവൻ ഇല്ലെന്ന് ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എന്റെ ദേഹിക്കു വേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ, ജീവിച്ചിരിക്കുന്നവരുടെ ദേശത്ത്, എന്റെ ആശ്രയവും, എന്റെ ഓഹരിയും, നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട്, എൻെറ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതു കൊണ്ട്, അവരിൽ നിന്ന് എന്നെ വിടുവിക്കണമെ. ഞാൻ നിൻെറ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട്, എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമെ. നീ എന്നോടുത്തരമരുളി ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട്, ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെ. നിൻെറ ന്യായപ്രമാണങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമെ.

എൻെറ ദേഹി എല്ലായ്പ്പോഴും നിൻെറ കൈളിൽ ഇരിക്കുന്നു. നിൻെറ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായി കെണികളെ വെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽ നിന്നു മാറിപ്പോയില്ല. ഞാൻ നിൻെറ സാക്ഷിയെ എന്നേയ്ക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അതു എൻെറ ഹൃദയത്തിനു ആനന്ദമാകുന്നു. നിൻെറ കൽപ്പനകളെ എന്നേയ്ക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് /ഞാൻ എൻെറ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. **ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

അഖിലാണ്ഡത്തെ വഹിപ്പോനെ
ഹന്ത വഹിച്ചു കുരിശുമരം
പ്രാണ പ്രദനാം പ്രാണമയൻ
തനിയെ രുചിച്ചു മരണത്തെ
അതിരിൻ പിടികളിലമരാത്തോൻ
സൃഷ്ടി-ക്കൊക്കെയുമളവറ്റോൻ
കബറിലമർന്നു പരേതപുരേ
മരുവീ ലോക മഹാവീരൻ. **സ്തൗമെൻ കാലോസ്----**

**കോലോ**

**പെത്ഗോമോ: നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം**

കന്യേ ധന്യേ തലമുറകൾ തൻ സംവരണത്താൽ
ഈശനു മാതാവായോളെ,
മറിയാമേ നിൻ തനയനു ഞങ്ങളോ-ടലിവുണ്ടാകാൻ
അനവരതം പ്രാർത്ഥിക്കണമെ. **ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ക്നൂമാ മൂന്നൊടു നാമം മൂന്നായ് സംസ്ഥിതി ചെയ്യും
സത്യൈകേശ ത്രിത്വമതാം
താതന്നായ് സ്തുതി തനയന്നുന്നതിയും
റൂഹ്കുദിശായ്ക്ക്
സ്തോത്രവുമുണ്ടായീടട്ടെ.

ചൊന്നാൾ മറിയാം മന്നന്മാരുടെ മന്നൻതന്നെ
പെറ്റതിനാൽ ഞാൻ ഭാഗ്യവതി
തന്നാംഗ്യത്താൽ സീമകളുൾപ്പെടെ ഭൂമിയെ മുഴുവൻ
വാഴുന്നോനെ പാലിച്ചേൻ

വാഴ്‌വേറും കന്യക മറിയാമിന്നോർമ്മ ദിനത്തിൽ
സാമോദം സൃഷ്ടികളെല്ലാം
സ്വീകൃതയാക്കിത്തൽ സ്മൃതിയെ ബഹുമാനിച്ചോനാം
ഉടയോനെക്കീർത്തിക്കുന്നു.

ഭാഗ്യം നിബിയർക്കും ശ്ലീഹർക്കും സഹദേന്മാർക്കും
പുനരുത്ഥാന മഹാദിവസെ
കേൾക്കും താതനെ മകനെക്കാണും പാവന റൂഹാ
മകുടം മൌലിയിലണിയിക്കും

സഹദേരോതി പീഡകരൊടു പേടിക്കില്ലേതും
ഞങ്ങളഹോ തീവാളുകളിൽ
ഈ മെയ് നാശം പൂണ്ടെന്നാലും ജീവനൊടാത്മം
പാടും സ്തുതിയും സ്തോത്രമതും

നാഥാ നിന്നെ കനകത്തേക്കാൾ രത്നത്തേക്കാൾ
സ്നേഹിച്ചോൻ ധന്യൻ തന്നെ
ഉണ്ടായീടും ബഹുമാനമവന്നിഹ ലോകത്തിൽ
മേലിൽ ശാശ്വത ജിവിതവും

നാഥൻ ചൊന്നാൻ പാപിനിയോടായ് പോവുക നാരീ
നിൻ പാപം മോചനമാർന്നൂ
ഏവൻഗേലിസ്ഥന്മാരൊപ്പം സുവിശേഷത്തിൽ
നിൻ വൃത്താന്തവുമെഴുതും ഞാൻ

ആശ്വാസം നൽകേണം നാഥാ നിൻ ദാസന്മാർ-
ക്കഴിവില്ലാത്തൊരു രാജ്യത്തിൽ
മേലൂറിശിലേം പുരിയിൽ ജീവഗ്രന്ഥത്തിൽ നീ
അവരുടെ പേരുകളെഴുതണമെ. മൊറിയോറാഹേം ---

**പെത്ഗോമോ: സൃഷ്ടിച്ചെന്മേൽ നിൻ കൈവെച്ചു**

ആദയിലാദത്തെ ദൈവം വെള്ളിദിനേ
മണ്ണാലുളവാക്കി കൽപ്പിച്ചേകുകയായ്
ജീവശ്വാസമതും സ്തോത്രം പാടീടുവാൻ
ഹാ---- ഹാ---- വാക്കിൻ വൈഭവവും. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

സ്വർഗ്ഗത്തീന്നെത്തി പാപത്തിൽ നിന്നും
കുരിശാൽ രക്ഷിച്ചോൻ † സ്ലീബാ വന്ദനയെ
പരിശീലിപ്പിച്ചോൻ ബലവാൻ സംസ്തുത്യൻ
ഹാ---- ഹാ---- അവനെ വന്ദിക്കാം

നീതിപ്രിയ പുത്രി ദൈവ പ്രസവിത്രി
കൃപ നീയാർജ്ജിച്ചി-ട്ടുടയോനെയേന്തി
നീ സൗഭാഗ്യവതി നിന്നോർമ്മയ്ക്കെങ്ങും
ഹാ--- ഹാ---- പരനുന്നതിയേകി

മറിയാമേലിശ്ബാ ലക്ഷ്യേ പാഞ്ഞെത്തിയ
വിസ്മയ നൗകങ്ങൾ വാഗ്മിയെ-യേലിശ്ബാ
മറിയാം രക്ഷകനെ-പ്പെറ്റാരാലംബം
ഹാ---- ഹാ---- തൽ പ്രാർത്ഥനയെന്നും

ഭാഗ്യം നിബിയർക്കും ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും ഉടയവനുടെ വഴിയിൽ
മലിനത തീണ്ടാതെ യാനം ചെയ്‌വോർക്കും
ഹാ---- ഹാ----- മൊഴി കാക്കുന്നോർക്കും

സഹദേരെ ഞങ്ങൾ-ക്കായ് കൃപ യാചിപ്പിൻ
പ്രാർത്ഥിപ്പിൻ ഞങ്ങൾ സംരക്ഷിതരാവാൻ
സാത്താൻ വീഴട്ടെ നിങ്ങടെ മാദ്ധ്യസ്ഥം
ഹാ---- ഹാ---- ഞങ്ങൾക്കാലംബം

രോധിച്ചാൻ യോശ്വാ വാനവിതാനത്തിൽ
ചന്ദ്രാർക്കന്മാരെ മാർത്തോമ്മാ ശ്ലീഹാ
തൽ പ്രിയരെന്നിവർ തൻ പ്രാർത്ഥയാൽ നാഥാ
ഹാ---- ഹാ---- രോധിക്കുക ശിക്ഷ

കനി ഭക്ഷിച്ചാദാം മനസാ മൃതിയാർന്നു
പകരം സൃഷ്ടിപതി വെള്ളിയതാം നാളിൽ
† സ്ലീബാ തരുവിന്മേൽ കൈകൾ വിരിച്ചേകി
ഹാ----- ഹാ----- അവനായവകാശം

എൻ തപനം നാളേയ്ക്കെന്നോരോ ദിനവും
ഞാൻ തിർപ്പുണ്ടാക്കും കാലം പോകുന്നു
പിഴ നിലനിൽക്കുന്നു കൃപ ചെയ്യുക നാഥാ
ഹാ---- ഹാ---- ശരണം നിൻ കൃപതാൻ

ഉലകിതിലുടനീളം കൃപ വർഷിക്കണമെ
നാഥാ അരചൻമാർ പള്ളികളാചാര്യർ-
ക്കേകീടണമെ നിൻ ശമവും ശാന്തിയതും
ഹാ---- ഹാ----- മോചനമെങ്ങൾക്കും

നിൻ തിരുമെയ് ഭക്ഷിച്ചുയിരേലും രക്തം
പാനം ചെയ്ത മൃതർ പിതൃവരമാർന്നോരേ
രാജ്യവുമഴിവറ്റോരുയിരും നേടീടുവിൻ
ഹാ---- ഉ ഹാ------ ഏവം കേൾക്കണമെ.

**കുക്കിലിയോൻ**

നിന്നെപ്രതി വധമേറ്റു നിത്യം ഞങ്ങൾ ഹാ--ഉ--ഹാ--
ഞങ്ങളെയെണ്ണിയറുക്കാൻ നിർത്തിയൊരാട്ടിൻ
കുട്ടികൾ പോൽ

നിൻെറ മുഖം പിൻമാറ്റരുതേ ഹ-- ഉ-- ഹാ--
വിസ്മൃതമാകരുതെ ഞങ്ങടെ ദീനതയും യാചനയും

**ബാറെക്മോർ † ശുബഹോ--- മെനൊലം ---- --**

**എക്ബോ**

വിമലൻമാർ സഹദേരെ- ദുഷ്ടവിധീശന്മാരി-ന്നും
കഷ്ടപ്പാടുകളേറ്റോ-രെ, പ്രതിദാ-നം സംരക്ഷിതമാ-
ണക്ഷയ ഭാസുര ഗേഹ-ത്തിൽ. ഞങ്ങൾക്കെന്നും
നിങ്ങടെ പ്രാർത്ഥന സ-ങ്കേതം.

**സ്തൗമെൻ കാലോസ്-- --**

**കോലോ**

ഏകതനൂജൻ തൻ സഹദേരെ
ഉന്നത താത-പ്രഥമസുത പ്രിയരെ
തൻ സ്നേഹത്താലേറ്റു നിങ്ങൾ വധമവനായി
യാതന കൈക്കൊണ്ടു - നാഥൻ മൂലം
ബലിയായർപ്പിതരാം നിങ്ങൾക്കോർമ്മയെ-
യേറ്റിയവൻ ധന്യൻ. **ബാറെക്മോർ.**

**† ശുബഹോ---**

എക്കാലത്തും നിൻ പ്രീതിയെഴും നീതിപരൻമാ-
രുള്ളതിനാൽ സ്തുതിതേ- നോഹബ്രാഹാമിസഹാക്ക്
യാക്കോബ് മോശയോടേല്യാ- എന്നിവർ മുമ്പുണ്ടായ്
ആ രക്തത്താൽ ഇന്നങ്ങയോടർത്ഥിക്കട്ടെ
ധന്യൻമാരാം സഹദേന്മാർ. **മൊറിയോറാഹേം-----**

ബോവൂസൊ

മാതൃ വിശുദ്ധ സ്മൃതി സംബന്ധം നൽകുക നാഥാ
തൽ പ്രാർത്ഥനയാൽ പുണ്യമിവർക്കും മൃതരായോർക്കും

ദൈവസുതൻ തൻ മാതാവായി ധന്യതയാർന്നോൾ
കന്യകമറിയാം തന്നോർമ്മദിനം കാമ്യം യോഗ്യം
വിശ്വാസത്തോടപ്പെരുന്നാൾ കൊണ്ടാടുന്നോരെ
തൽ പ്രാർത്ഥനയാൽ ശിക്ഷകൾ നീക്കിക്കാക്കും നാഥൻ

നമ്മുടെ നാഥൻ പാതാളത്തിൽ പാർക്കുക മൂലം
വാങ്ങിപ്പോയോർ നേടിയ ഭാഗ്യം കാമ്യം യോഗ്യം
കല്ലറയീന്നും മൃതരെ വരുവിൻ മൃതിഹതമായി
നാശത്തീന്നും വിടുവിച്ചോനെ വാഴ്ത്തിപ്പാടിൻ

ഭാഗ്യവതിക്കും സിദ്ധർക്കും മൃതരാം ഭക്തർക്കും
സ്മൃതിയുയരത്തിലുമീ സഭയിലുമുണ്ടായീടട്ടെ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കി ക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

കൗമാ

## വെള്ളിയാഴ്ച സൂത്താറാ

കൗമാ

**കോലോ**

നിന്നൊടു പാപം ചെയ്തുടയോനെ കോപിപ്പിച്ചു
മലിനതയാൽ ഞങ്ങൾ - നീതിയഹോ വാളൂരുന്നാകിൽ
ഞങ്ങൾക്കായ് നിൻ- കൃപ നിലകൊള്ളട്ടെ കാലം തീരാ-
റായെങ്കിൽ ഞങ്ങടെയന്ത്യം നിന്നാർദ്രതയതിലാകേണമെ.

**ബാറെക്മോർ**

† **ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ദാസൻ കുറ്റം ചെയ്തോനുടയോൻ തൽ സ്നേഹിതരെ
അഭയം പ്രാപിച്ചാൽ - അഭ്യർത്ഥനയും യാചനയും കൊ-
ണ്ടവനുടയോൻ മാ-പ്പേകിടുമെന്നാകിൽ നിൻ
സ്ലീബായെ
അഭയം സംപ്രാപിച്ചോരാം ഞങ്ങളോടലിവുണ്ടാകേണമെ.

**മൊറിയോറാഹേം മേലൈൻ ഊവാദാറേൻ**

**ബോവൂസൊ**

ഈശാ നാഥാ വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

താൻ പറുദീസിൻ വെളിയിൽ പോവാൻ കാരണമെന്തെ-
ന്നാദാം താതൻ മക്കളെ നന്നായ് ബോധിപ്പിച്ചു
മുന്നധികാരം നാണം കേടാൽ വന്നൊരു വിഴ്ച
തോട്ടത്തീന്നുള്ളുച്ചാടനമെന്നിവ വർണ്ണിച്ചു

പാഞ്ഞുമരത്തെ പ്രാപിച്ചോരാപ്പാഴ്പാദങ്ങൾ-
ക്കില്ലവകാശം ദിവ്യ പദത്തെ സ്പർശിച്ചീടാൻ
ഏദൻ തോട്ടക്കനിയേന്തിയൊരാ കൈകൾക്കേതും
യോഗ്യതയില്ലത്തിരു ബലിയിന്മേലർപ്പിച്ചീടാൻ

സഞ്ചാരത്താൽ മശിഹാ മന്നിൻ മുള്ളുകൾ നീക്കി
തള്ളപ്പെട്ടോനാം വീണ്ടും പറുദീസാർന്നു.

**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**

**ബാറെക്മോർ**, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ,

**ബാറെക്മോർ**, നീ കർത്താവിനോട് എന്റെ ശരണവും, എന്റെ സങ്കേതസ്ഥാനവും, ഞാൻ ആശ്രയിച്ചിരിക്കുന്ന എന്റെ ദൈവവും നീയാകുന്നു എന്നു പറക.

എന്തെന്നാൽ അവൻ വിരുദ്ധതയുടെ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും രക്ഷിക്കും

അവൻ തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും തന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്തു നിന്ന് ആയിരങ്ങളും, നിന്റെ വലത്തുഭാഗത്തുനിന്ന് പതിനായിരങ്ങളും വീഴും

അവർ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നീ നിന്റെ കണ്ണുകൾകൊണ്ട് തന്നെ കാണും, ദുഷ്ടന്മാർക്കുള്ള പ്രതിപകരവും നീ കാണും

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ, എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിനായിട്ട്, അവൻ തന്റെ മാലാഖമാരോട് നിന്നെക്കുറിച്ച് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട്, അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെവഹിക്കും

ഗൊർസൊ സർപ്പത്തേയും ഹർമ്മോനോ സർപ്പത്തേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, അവൻ എൻെറ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എൻെറ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എൻെറ കണ്ണുകൾ ഉയർത്തും, എൻെറ സഹായക്കാരൻ എവിടെ നിന്നു വരും

എൻെറ സഹായം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച, കർത്താവിൻെറ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻെറ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിൻെറ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തൻെറ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിൻെറ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻെറ ഗമനത്തേയും നിൻെറ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ. † ശുബഹോ-- ഹാ ഹാ ഹാ – മെന്ഓലാം--

മഹോന്നതൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ കരുണയാൽ, നിൻെറ അടിയാരുടെ അപേക്ഷയെ നീ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരേണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹവും പരവുമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ കരുണ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളോട് കരുണ ചെയ്യണമെ.

<u>കൗമാ</u>

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. *(കുമ്പിടണം)*

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. *(കുമ്പിടണം)*

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. *(കുമ്പിടണം)*

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യണമെ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനും നിൻെറ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി

എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. **ബാറെക്മോർ**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ -- --- --**

**കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം -- ---**

## വിശ്വാസ പ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻേറയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്ത വയുമായ സകലത്തിൻേറയും സൃഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

**ദൈവത്തിൻെറ** ഏകപുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരു വിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി † വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്നു, മനുഷ്യനായി പൊന്തിയോസ് പിലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗ ത്തിലേക്കു † കരേറി തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും, ജീവനുള്ള വരേയും മരിച്ചവരേയും വിധിപ്പാൻ തൻെറ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻെറ രാജ്യത്തിന് അവസാന മില്ലാത്തവനുമായി യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

**സകലത്തേയും** ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

**പാപമോചനത്തിന്** മാമോദീസ ഒന്നുമാത്രമെ ഉള്ളു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. **ആമ്മീൻ**

**ബാറെക്മോർ. സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ.**

**ധൂപ പ്രാർത്ഥന----**

## സ്ലീബാ - കുക്കിലിയോൻ

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ - ഹാ---
ദ്വേഷികളെ മെതിച്ചീടും നിൻ നാമത്തിൽ

വൈരികളിൽ നിന്നും കാത്തെങ്ങളെ നീ - ഹാ---
ശത്രുക്കളെ ലജ്ജിപ്പിച്ചു. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

സ്ലീബാ വെന്നു വെല്ലുന്നു
സ്ലീബാ വിദ്വേഷിയെ വെന്നു
സ്ലീബായെ സാക്ഷിച്ചോർക്കായ്
സ്ലീബായാകട്ടെ കോട്ട. **സ്തൗമെൻ കാലോസ്---**

**കോലോ**

നാഥൻ കൂട്ടായുള്ളതിനാൽ - ദുഷ്ടനെ നാം പേടിക്കില്ല
തൻദിവ്യായുധ ധാരികളാം - നമ്മൾക്കുന്നതിയുണ്ടാകും.

**ബാറെക്മോർ † ശുബഹോ---**

സ്ലീബായെ തോളിൽ താങ്ങി
സീയോനിൽ നിന്നും പോയോൻ
മൃതർ തൻ അസ്ഥികളിൻ മീതെ
ചൊരിയട്ടെ കരുണ പനിനീർ

**മൊറിയോറാഹേം മേലെൻ ഊവാദാറേൻ**

**ബോവൂസൊ**

സ്ലീബാവാഴുക സ്വർഗ്ഗത്തിൽ-സ്ലീബാ വാഴുക ഭൂമിയിലും
സ്ലീബാ പള്ളികൾ ദയറാകൾ-ക്കെല്ലാമാകട്ടെ കോട്ട.

**or**

യേറുശലേം ഗോഗുൽത്തായിൽ
ക്രൂശിതനാമീശോ സ്തോത്രം
പാറ പിളർന്നു തൻ ധ്വനിയാൽ
മൃതരേറി സ്തോത്രം പാടി.

## വെള്ളിയാഴ്ച രാത്രി

### കൗമാ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എൻെറ കർത്താവേ, നിൻെറ ഉണർച്ചയെ സ്തോത്രം ചെയ്‌വാനായിട്ട് പാപ മുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്ത ണമെ. മരണമില്ലാത്ത ജീവനുള്ളവനെ, നിൻെറ കരുണ യെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിൻേറയും നാശ ത്തിൻേറയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധ റൂഹാ യുമെ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കു ന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങ ളോടൊന്നിച്ച് വിശുദ്ധിയോടു കൂടി ഇപ്പോഴും എല്ലാ യ്പ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് പുകഴ്തു വാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ

113, 119 117 സങ്കീർത്തനങ്ങൾ

**ബാറെക്മോർ:** രാത്രി കാലങ്ങളിൽ കർത്താവിൻെറ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിൻെറ സകല ദാസന്മാരുമെ, കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ: നിങ്ങൾ ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എൻെറ സ്തുതി നിൻെറ മുമ്പാകെ പ്രവേശിക്കട്ടെ, നിൻെറ വചനത്താൽ എന്നെ രക്ഷിക്കണമെ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ രക്ഷി ക്കുകയും ചെയ്യണമെ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും, എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിൻെറ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എൻെറ അധരങ്ങൾ നിൻെറ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിൻെറ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ, നിൻെറ കൈ എന്നെ സഹായിക്കും.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിൻെറ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിൻെറ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. **ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എനിയോനൊ**

ദ്യുതിതൻ സുതരെ വേഗമുണർന്നിടുവിൻ
ലോകം രക്ഷിപ്പാൻ സദയം
പീഡകളേറ്റോനാം നാഥനെ വാഴ്ത്തീടുവിൻ

നിൻ മാതാവാം കന്യക മറിയാമിൻ
പ്രാർത്ഥനയാൽ കർത്താവേ നിൻ
കുരിശാൽ രക്ഷിതമാം സഭയിൽ കനിയേണം

നിബി ശ്ലീഹന്മാർ സഹദേരെന്നിവർ തൻ
പ്രാർത്ഥനയാൽ കർത്താവേ നിൻ
കുരിശാൽ രക്ഷിതമാം സഭയിൽ കനിയേണം

യാതനയേറ്റാരാ-സഹദേന്മാർ തൻ
പ്രാർത്ഥനയാൽ കർത്താവേ നിൻ
കുരിശാൽ രക്ഷിതമാം സഭയിൽ കനിയേണം

ശോഭന ചരിതൻ തോമ്മാശ്ലീഹാ തൻ
പ്രാർത്ഥനയാൽ കർത്താവേ നിൻ
കുരിശാൽ രക്ഷിതമാം സഭയിൽ കനിയേണം

കർത്താവേ നിൻ രക്ത ശരീരങ്ങൾ
കൈക്കൊണ്ടോരാം മൃതിഗതരെ
ഭാസുര മണവറയിൽ മോദിപ്പിക്കേണമെ. **ബാറെക്മോർ**

† **ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

സ്തോത്രം ജഗതീ രക്ഷകനെ നിന്നെ
പ്രേഷിപ്പിച്ചോനാം നാഥൻ
ബഹുമാന്യൻ റൂഹാ വന്ദ്യൻ സ്തുത്യാർഹൻ.

**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**

*വെള്ളിയാഴ്ച രാത്രി പ്രാർത്ഥയിലെ ഒന്നാം കൗമായ്ക്ക് വി. ദൈവമാതാവിൻേറതും, വി. സ്ലീബായുടേതുമായി രണ്ട് കൗമാകൾ നൽകിയിരിക്കുന്നു. ഇതിൽ കൂദോശ് ഈത്തോ മുതൽ ഉയിർപ്പ് ഞായറാഴ്ച വരെയുള്ള കാലത്ത് വി. ദൈവമാതാവിൻേറതും, ഉയിർപ്പ് ഞായറാഴ്ച മുതൽ കൂദോശ് ഈത്തോവരെയുള്ള കാലത്ത് വി. സ്ലീബായുടേതും പ്രാർത്ഥന ചൊല്ലണം. ഉയിർപ്പ് മുതൽ കൂദോശ് ഈത്തോ വരെ രാത്രി പ്രാർത്ഥനയുടെ നാലാം കൗമായിലെ കുക്കിലിയോൻ സമയത്ത് വി. ദൈവമാതാ വിൻെറ കുക്കിലിയോനും കോലോകളും കൂടി നടത്തി ക്കൊള്ളേണ്ടതാകുന്നു.*

## ഒന്നാം കൗമാ

(വി. ദൈവമാതാവിൻെറ)

ആർദ്രതയാലെല്ലാം സൃഷ്ടിക്കുന്നോൻ
മാതാവാം കന്നി തന്നെ ഞാൻ വാഴ്ത്തും
പൂരുഷ വേഴ്ചവിനാ അവൾ ഗർഭിണിയായ്
സുതനെ പ്രസവിച്ചാൻ ബീജം കൂടാതെ
അത്ഭുതവതി പെറ്റാൻ അത്ഭുതമായോനെ
ദുർഗ്രഹമിക്കാര്യം ഹാ വിജ്ഞന്മാർക്കും

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

## കോലോ

ജഗദീശൻ തൻ ജനിയിത്രി മറിയാമ്മിന്നും
ധന്യ നിബി ശ്ലീഹന്മാർക്കും സഹദേന്മാർക്കും
ആദാമിൻ സുതരാം സഭ തൻ മക്കൾക്കെല്ലാം
ഉൽകൃഷ്ട സ്മൃതിയുണ്ടാകട്ടെന്നെന്നേക്കും.
**ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

കന്യകയാം മറിയാമിന്നുള്ളുദയത്താലെ
മാർഗ്ഗം തെറ്റിയ ജാതികളെ രക്ഷിച്ചോനെ
സ്തുതി മാതൃസ്മൃതി വലുതാക്കിയ ദൈവാത്ജനെ
മറിയാമിൻ പ്രാർത്ഥന ശരണം ഞങ്ങൾക്കെന്നും

**മൊറിയോറാഹേം മേലൈൻ ഊവാദാറേൻ**

## ബോവൂസൊ

ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളൊടൊന്നി-
ച്ചർത്ഥന കേട്ടിട്ടേകീടട്ടെ പുണ്യം നാഥൻ

ഭാഗ്യവതി മറിയാമെ ഭാഗ്യം നിൻ ദേഹിക്കും
സർവ്വന്മാർ തൻ ഭാഗ്യത്തിലുമീ ഭാഗ്യം ശ്രേഷ്ഠം
ഗൂഡാംഗ്യത്താൽ ധരയെ വഹിക്കും ധീരൻ തന്നെ
പൈതലിനെപ്പോലാശ്ലേഷിച്ചോൾ നീയേ ധന്യ

തേജോജീവ ക്ഷീരം നൽകും സ്തനമായോനെ
സ്തന്യം നൽകിപ്പോറ്റിയോരമ്മേ നീയേ ധന്യ
ഭൂമിയിലെങ്ങും സങ്കീർത്തിതമാം നിന്നുടെയോർമ്മ
ഘോഷിക്കുന്നു സുതരും നരരും നീയേ ധന്യ.

ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ
ദൈവാത്മജനെ കോപത്തിൻ ദണ്ണ്ഡൊഴിവാക്കേണം.

**കർത്താവിൻെറ ബഹുമാനം--- ---- പേജ് 16**

## ഒന്നാം കൗമാ

### (വി.സ്ലീബായുടെ)

കണ്ടേൻ സ്ലീബാമൂ-ന്നന്യോന്യം ഭിന്നം
ജീവനെഴും വലമാം സ്ലീബാ മൃതമല്ല
മൃതിയാർന്നൊരിടത്തെ സ്ലീബായ്ക്കുയിരില്ല
മദ്ധ്യഗതം സ്ലീബാ വിസ്മയമുളവാക്കി
നിദ്രിതനുണർവ്വുള്ളോൻ മൃതനാമുയിരുള്ളോൻ
മർത്യനു സമമെന്നാൽ സാക്ഷാൽ ദൈവം താൻ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിച്ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

## കോലോ

സ്ലീബായെ വന്ദിപ്പാനായ് ഹേലേനി രാജ്ഞി
നൃപ പട്ടണമാം റോമയിൽ നി-ന്നേറുശലേമാർന്നു
യൂദന്മാരെ കൂട്ടിച്ചൊന്നേവം
കാണിച്ചിടുവിൻ സ്ലീബാ വെച്ചൊരിടം
ഞങ്ങൾക്കുണ്ടൊരു പ്രമുഖൻ നീ അവനോടാരാഞ്ഞാൽ
മശിഹാ തൻ സ്ലീബായമരും സ്ഥാനം കാണിക്കും
ഹാ -- എന്നവരുര ചെയ്തു. **ബാറെക്മോർ**

**† ശുബഹോ: --- --- ---- ഹാലേലൂയ്യാ**

അമ്മാനുവേൽ ദേവേശൻ തരുവിൽ തൂങ്ങി
ഇൽശാദായ് തനയൻ വീരൻ തല താഴ്ത്തി മരിച്ചു
ആത്മം മാത്രം തരുവിൽ കൈവിട്ടു
നിജ സാരാംശം മേനിയിൽ നിവസിച്ചു
വേർപെട്ടാൻ നിസ്സാരമതാം മാനുഷമാം ജീവൻ
വിലപിച്ചീടട്ടുന്നതനെ ക്രൂശിച്ചോർ യൂദർ
ഹാ---- കഷ്ടമവർക്കെന്നും. **മൊറിയോ---**

## ബോവൂസൊ

സ്ലീബായാലെ തൻ സഭയെ വീണ്ടോനാം പുത്രാ
ശൈനോ തൽകിത്തൽ സുതരെ നീ രക്ഷിച്ചാലും

വീറൊടു യൂദാ ധൈര്യസമേതം ഖനനം ചെയ്കെ
ഒന്നോടൊന്നായ് സ്ലീബാ മൂന്നാക്കുഴിയിൽ കണ്ടു
ദൈവസുതൻ തൻ സ്ലീബായേതെന്നറിയാഞ്ഞേറ്റം
രാജാവിൻ മാതാവായീടും ഹേലനി കേണു

പ്രേതത്തിന്മേലോരോന്നും വച്ചാർത്താരേവം
'ഓ സ്ലീബായെ കാട്ടീടണമെ നിൻ മാഹാത്മ്യം'
ഹാ മൃതനായോൻ സ്ലീബാ ദർശിച്ചുടനെഴുന്നേറ്റു
കാണികളെല്ലാം ജീവപ്രദനെ പാരം വാഴ്ത്തി.

ദൈവതനൂജാ വലഭാഗത്തെ മോഷ്ടാവിന്മേൽ
നീ കൃപചെയ്തു ഞങ്ങടെ മേലും കൃപ ചെയ്യേണം.

**കർത്താവിൻെറ ബഹുമാനം--- ---- പേജ് 16**

## രണ്ടാം കൗമാ

### എക്ബോ

സോദരരെ വരുവിൻ പരിശുദ്ധന്മാർ തൻ
ഓർമ്മയിലൊന്നാകെ തൻ നാഥനെ വാഴ്ത്താം
ഉടയോൻ ലോകത്തിൽ പാർപ്പിക്കും ശാന്തി
നിർമ്മല സംഘത്തിൽ ചേർക്കും നമ്മേയും
തൻ മഹിമാവുദയം ചെയ്യും ദിവസത്തിൽ
നമ്മളുമാനിരയിൽ അവനെക്കീർത്തിക്കും

| |
|---|
| കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. |

### കോലോ

സഹദേൻമാർ തന്നസ്ഥികളീന്നുയരും ധൂപം
പരമോന്നത രാജാധീശ-ന്നേറ്റി മോദം
ഈറേൻമാരാ ധീരതയിൽ സന്തോഷിച്ചു
തിരു സഭയും സുതരും പെരുന്നാൾ കൊണ്ടാടുന്നു

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

സഹദേർ തന്നസ്ഥികളിന്നാൾ മോദിക്കട്ടെ
പെരുന്നാൾ കൊണ്ടാടും സഭയും മോദിക്കട്ടെ
മശിഹാ രാജാവിൻ വരവിൽ സഹദേരെല്ലാം
ആനന്ദപ്രദ മണവറയിൽ പൂകും നൂനം. **മൊറിയോ---**

### ബോവൂസൊ

സ്നേഹിതരാം സഹദേന്മാർ തൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമെ
ഞങ്ങൾക്കും മൃതരായോർക്കും
നൈർമ്മല്യം നൽകീടേണം

സഹദേന്മാരെക്കൊന്നംഗം-ഛേദിച്ചോരാരംഗത്തിൽ
റൂഹ്ക്കുദിശാ നാശം നീക്കി-സംസ്ഥാപിച്ചാൻ തൽ
ശാന്തി

സഹദേന്മാർ സന്താപത്തോ-ടാത്മജനെ വാഴ്ത്തിപ്പാടി
തൽ പെരുന്നാൾ തന്നിൽ സഭയും
സുതരും സ്തോത്രം പാടുന്നു

സ്നേഹിതരാം സഹദേന്മാർ തൻ
പ്രാർത്ഥനയാൽ കൃപ ചെയ്യണമെ
ഞങ്ങൾക്കും മൃതരായോർക്കും
നൈർമ്മല്യം നൽകീടേണം

**കർത്താവിൻെറ ബഹുമാനം--- ---- പേജ് 16**

## മൂന്നാം കൗമാ

### എക്ബോ

പരിശുദ്ധന്മാർ തൻ ദേശം പറുദീസാ
നീതിപരന്മാർ തൻ ഗേഹം പറുദീസാ
ഒനുവായന്മാർ തൻ ഭവനം പറുദീസാ
ശാശ്വതമായീടും ജീവൻ പറുദീസാ
നാശം തീണ്ടാത്തോ-രറതാൻ പറുദീസാ
പറുദീസാ നേടും മനുജൻ ധന്യൻ താൻ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളി ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

## കോലോ

**പെത്ഗോമൊ: തുണ ഏകുക രക്ഷകനാം നാഥാ, ഹാ—**

ആദാം ചൊന്നാനെന്നെപ്പരി-രക്ഷിക്കേണം
ഹവ്വായും സർപ്പവുമെന്നെ-പ്പോരിൽ വീഴ്ത്തി
കനി തിന്നുകയാലപരാധം- ചെയ്തോനാമെൻ
മഹിമാവിൻ വസനവുമയ്യോ-പൊയ്പ്പോയല്ലോ.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

ദുഷ്ടനധർമ്മച്ചങ്ങലയാ-ലെന്നെച്ചുറ്റി
കെട്ടപ്പെട്ടേൻ നെടുനാളായ്-ഞാൻ പാപത്താൽ
നിൻ കൃപയെന്നംഗങ്ങളിൽ നി-ന്നെൻ കർത്താവേ
പാപത്തിൻ ചങ്ങലയെല്ലാം - ഛേദിക്കേണം. **മൊറിയോ-**

## ബോവൂസൊ

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ

നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ -മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി,

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ,

നാം ദൈവത്തിൻെറ മക്കളായിത്തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ, നമ്മുടെ പിതാക്കന്മാരെ

കുർബാനകളിലും, പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നിതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ, ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.

**(ലൂക്കോസ് 1: 46-55)**

മറിയാം പറഞ്ഞതെന്തെന്നാൽ, എൻ്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു, എൻ്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു, എന്തെന്നാൽ അവൻ തൻ്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധനും ആയവൻ, വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവൻ്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തൻ്റെ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ഛിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും, താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നൻമകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു, അവൻ തൻ്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും, അവൻ്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തൻ്റെ കരുണയെ ഓർക്കുകയും ചെയ്തു.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

*(അനന്തരം അവസാനം നൽകിയിരിക്കുന്ന മാവുർബോകളിൽ നിന്ന് അതാതു ദിവസത്തേയ്ക്കുള്ളത് ചൊല്ലണം)*

### *മാവുർബോ*

**133-ാം സങ്കീർത്തനം**

**സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത്, എത്ര നന്മയും, എത്ര സൗന്ദര്യവുമാകുന്നു.**

**അത് അഹറോൻെറ തലയിന്മേലും, അവൻെറ അങ്കിയുടെ നെഞ്ചിൻമേൽ വീണു കിടക്കുന്ന താടിയായ അവൻെറ താടിയിന്മേലും, ഒലിക്കുന്ന തൈലം പോലെയും, സെഹിയോൻ മലമേൽ പൊഴിയുന്ന, ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു**

**എന്തെന്നാൽ അവിടെ കർത്താവ് എന്നേയ്ക്കും അനുഗ്രഹത്തേയും ജീവനെയും കല്പ്പിച്ചു.**

**ദൈവമെ നിനക്ക് സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എനിയോനോ**

**ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.**

**നിതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനകളാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.**

**ദീർഘദർശിമാരുടേയും, ശ്ലീഹന്മാരുടേയും, സഹദേന്മാരുടേയും, പ്രാർത്ഥന, നമുക്ക് കോട്ടയായിരിക്കട്ടെ.**

**കർത്താവേ, നിൻെറ സഹദേന്മാരുടെ തുറമുഖത്തിനും, നിൻെറ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും, ഞങ്ങളെ യോഗ്യരാക്കണമെ..**

**ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ, നിൻെറ ന്യായ വിസ്താരദിവസത്തിൽ, ഞങ്ങളോടു കരുണ ചെയ്യണമെ.**

**തന്നെ വിളിക്കുന്ന പാപികളിൽനിന്ന് തൻെറ കരുണയെ വിരോധിക്കാത്തവൻ, വാഴ്ത്തപ്പെട്ടവനാകുന്നു.**

**ബാറെക്മോർ † ശുബഹോ---**

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്ക്, നല്ല ഓർമ്മ ഉണ്ടാക്കണമെ,

**മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

നിൻെറ ശ്രേഷ്ടത ഉദിക്കുന്ന ദിവസത്തിൽ, അവർ നിൻെറ വലത്തു ഭാഗത്തു നിൽക്കുമാറാകണമെ.

മറ്റൊരു എനിയോനൊ

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും, എല്ലാ നേരത്തും നിൻെറ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ.

കർത്താവേ, എല്ലാനാഴികയിലും, ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ, നിൻെറ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ, ഞങ്ങളിൽ നിന്ന് മായിച്ചുകളയണമെ.

ഞങ്ങളുടെ കർത്താവായ യേശു മശിഹാ, നിൻെറ സ്ലീബാ † ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമെ.

വചനമായ യേശു തമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിൻെറ † സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചുപോയവരെ നിൻെറ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനേയും, പുത്രനേയും, വിശുദ്ധ റൂഹായേയും സ്തുതിച്ചു വന്ദിച്ചു മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന ദിവസത്തിൽ നിൻെറ വലത്തു ഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ, ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട്, നിൻെറ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യാരാക്കണമെ.

ഞങ്ങളുടെ മരണത്തിൻേറയും, ജീവൻേറയും നാഥനായ കർത്താവേ, നിൻെറ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും, ഞങ്ങളുടെ മരിച്ചു പോയവരുടേയും ആത്മാക്കളിൻമേൽ കരുണ ചെയ്യണമെ.

**കർത്താവേ കൃപ ചെയ്തു സഹായിക്കണമെ**

**148, 149, 150 സങ്കീർത്തനങ്ങൾ.**

**ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ,** ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നത ങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശ ങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഹിമവും, ഉറച്ച വെള്ളവും, അവൻെറ വചന പ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലി കളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും

കന്യകമാരും, വൃദ്ധന്മാരും യുവാക്കളും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നിതിമാന്മാർക്കും, തനിക്കടുത്ത സ്വന്തം ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭ യിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോ ൻെറ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളു ടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങ ളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസ നയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തു കൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങല കൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായ വിധി അവരുടെമേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വിണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

## കൂക്കിലിയോൻ

നീതിമാൻ പനപോലെ തളിർത്തിടുമെ - ഹാ-
വളരുമവൻ ലെബനോൻ കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമെ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും.

**ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ഒരുപോലിങ്ങും മോർ തോമ്മാ

ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോക്കായ്

**സ്തൗമെൻ കാലോസ് കൂറിയേലായിസ്സോൻ**

പാർത്താലവസരമിതുതന്നെ (മോർതോമ്മാ)
നിന്നിടവക തൻ നേതാവായ് പ്രാർത്ഥിക്കണമെ
നിൻ മധുര സ്തുതി നുകരുമൊരീ ജന സംഘത്തെ
വലതു കരത്താൽ മോശസമം വാഴ്ത്തീടേണം.

**ബാറെക്മോർ † ശുബഹോ---**

സ്തോത്രം മാർത്തോമ്മാ നിന്നെ കൈക്കൊണ്ടോനാം
ജനകന്നും മാനിച്ചോനാം തനയൻ പേർക്കും
വന്ദ്യൻ മുടിയണിയിച്ചീടും പാവന റൂഹാ
ഞങ്ങളോടലിവേറീടട്ടെ നിൻ പ്രാർത്ഥനയാൽ

**മൊറിയോറാഹേം----**

**ബോവൂസൊ**

മാതൃ വിശുദ്ധ സ്മൃതി സംബന്ധം നൽകുക നാഥാ
തൽ പ്രാർത്ഥനയാൽ പുണ്യമിവർക്കും മൃതരായോർക്കും

തൻ രാജ്യത്തിന്നന്തമതില്ലെന്നാ വിധി നാഥൻ
ദൂതൻ മാർഗ്ഗം കന്യക മറിയാമിനു വെളിവാക്കി
ദൂതൻ മറിയാമെന്നിവിരുടെയിദ്ദിവ്യ രഹസ്യം
തൂക്കിയിരിപ്പൂ വിസ്മയകരമായ് തരുവിൻമീതെ

മശിഹാരാജൻ കുരിശിൽ കയറി രക്ഷയുദിച്ചു
ബന്ധിതമായോരടിമത്വത്തീന്നുണർവുണ്ടായി
ചൊന്നാനേവം വരുവിൻ മൃതരെ രക്ഷയെ നേടിൻ
നിങ്ങളുയിർക്കാൻ ഞാൻ മൃതനായെന്നുണ്ടൊരു വാർത്ത

ഭാഗ്യവതിക്കും സിദ്ധർക്കും മൃതരാം ഭക്തർക്കും
സ്മൃതിയുയരത്തിലുമീ സഭയിലുമുണ്ടായീടട്ടെ

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

എല്ലാക്കാലത്തും, എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യ മക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രുഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ നിന്നേയും, യേശുമശിഹായായ ഏകപുത്രനാകുന്ന ദൈവമായ കർത്താവേ, വിശുദ്ധറൂഹായോടു കൂടെ നിന്നെയും, നിൻെറ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, വിശുദ്ധറൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, പിതാവായ ദൈവത്തിൻെറ മഹത്വത്തിന്, നിത്യമായി കർത്തവ്യമുള്ളവനുമാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും

വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തി യുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിൻെറ തിരുനാമം മഹത്വമുള്ളതും, നീ എന്നേക്കും മഹത്വ ങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിൻേറയും ദൈവവും, സത്യ ത്തിൻെറ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമ യത്തും, എന്നേക്കും പുകഴ്ച ചേർച്ചയാകുന്നു. **ആമ്മീൻ**

| |
|---|
| മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കി ക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ. |

**കൗമാ**

# വെള്ളിയാഴ്ച പ്രഭാത നമസ്ക്കാരം

**കൗമാ**

**പ്രാരംഭ പ്രാർത്ഥന**

പ്രഭാതത്തിൻെറ സ്രൃഷ്ടാവും അന്ധകാരത്തെ മായിച്ചു കളഞ്ഞ് സ്രൃഷ്ടികൾക്ക് പ്രകാശം നൽകി സന്തോഷിപ്പിക്കുന്നവനുമായ കർത്താവേ, ഞങ്ങളിൽ പരിപാകതയുള്ള നടപടികൾ സൃഷ്ടിച്ച് പാപാന്ധകാരത്തെ ഞങ്ങളിൽ നിന്ന് പൂർണ്ണമായി നീക്കിക്കളയണമെ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ, നിൻെറ കൃപയുടെ മഹനീയ കിരണങ്ങളാൽ ഞങ്ങളെ പ്രശോഭിപ്പിച്ച് സന്തോഷിപ്പിക്കുകയും ചെയ്യണമെ. **മോറാൻ വാലോ--**

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുക്കണമെ. നിൻെറ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങു മാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതി ബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

*കരുണയുള്ള ദൈവമെ നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ മൊറിയോറാഹേം ---*

**63-ാം സങ്കീർത്തനം**

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെപ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കന്നു എൻെറ ജഡവും നിനക്കുവേണ്ടി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതു കൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെ കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ശുഭചിഹ്നം താൻ സ്ലീബാ വിജയകൊടി താൻസ്ലീബാ
നമ്മെ രക്ഷിച്ചീടും സ്ലീബായിൽ പുകഴുന്നു നാം

യേശുമഹേശാ നിൻസ്ലീബാ
നിൻജനനിപ്രാർത്ഥനയിവയാൽ
പായിക്കുക മായിക്കുകനിൻ ശിക്ഷയുമരിശത്തിൻ ദണ്ഡും

ആദാമ്യർക്കായ് സ്ലീബായെ ഗോവണിയാക്കിയവൻ ധന്യൻ
നിബി ശ്ലീഹന്മാർ സഹദേന്മാ-രതിലൂടാരോഹം ചെയ്തു

സ്ലീബാ വാണു സ്വർഗ്ഗത്തിൽ സ്ലീബാ വാണു ഭൂമിയിലും
സ്ലീബാ പള്ളികൾ ദയറാകൾക്കെല്ലാമാകട്ടെ കോട്ട

നാഥൻ കൂട്ടായുള്ളതിനാൽ ദുഷ്ടനെ നാം പേടിക്കില്ല
തൻ ദിവ്യയുധധാരികളാം നമ്മൾക്കുന്നതിയുണ്ടാകും

സ്ലീബായെതോളിൽതാങ്ങി സീയോനിൽ നിന്നും പോയോൻ
മൃതർ തന്നസ്ഥികളിന്മീതെ ചൊരിയട്ടെ കരുണാ പനിനീർ

നാഥാകുരിശിന്മേൽ മോഷ്ടാവെന്നോണം നിൻ വാഗ്ദാനം
പ്രാപിക്കണമെ ത്രിത്വത്തെയേറ്റു പറഞ്ഞ പരേതന്മാർ

**ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

യേരുശലേം ഗോഗുൽത്തായിൽ
ക്രൂശിതനാമീശോസ്തോത്രം
പാറപിളർന്നു തൻധ്വനിയാൽ മൃതരേറി സ്തോത്രം പാടി

**ആമ്മീൻ**

**113-ാം സങ്കീർത്തനം**

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശ ത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

**ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ**

<u>**എക്ബോ**</u>

അധിപതിയുടെ തലയഖിലേശാ
സ്ലീബായാൽ നീ ഛേദിച്ചു
ദുരയേറും മൃതിതൻ കോയ്മയെ
യുദ്ധത്താൽ ഛിന്നിച്ചതിനാൽ
സർവ്വേശാ ഞങ്ങൾ സ്തുതി നിൻ
ശാശ്വതശാന്തിക്കെന്നോർക്കും. **സ്തൗമെൻ---**

## കോലോ

### (ബ്ഗൌമശ്ക്കൻ സബനോ)

ദൈവം മോശയുടെ പ്രാർത്ഥനയും ധൂപവുമേറ്റാൻ
സഭയിൻ കൂടാരം തന്നിൽ,
നാഥാ നിൻ സഭയിൽ-ദാസരണച്ചൊരു ധൂപമിതും
മുമ്പഹരോൻേറതെന്നോണം - ഹാലേലൂയ്യാ
ഭൂസ്വർഗ്ഗപതേ, ദേവപതേ, നിന്നെ ജനമാരാധിപ്പൂ.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

ക്രോബേസ്രാപ്പികളെ കൈവിട്ടമ്പൊടു കന്യകയിൽ
വാണോനാം വീരൻ സ്തുത്യൻ
ഉടയോനവളിൽ പു-ക്കുടയോനും മനുജനുമായോൻ
നിർഗ്ഗതനായാനവളീന്നും ഹാലേലൂയ്യാ
നരവർഗ്ഗത്തിൻ രക്ഷകനെ ജാതികളെ വരുവിൻ വാഴ്ത്തിൻ

ആ ധന്യയൊടൊപ്പം ഏദനിലേയ്ക്കങ്ങേറിയൊരാ
ശുശ്രൂഷയതും സ്മരണാർഹം
എൻകർത്താവിൻെറ മാതാവേ ശുഭമൊടു വരികെ-
ന്നാർക്കും പരിശുദ്ധന്മാരും ഹാലേലൂയ്യാ
ലോകത്തോടലിയാനമ്മേ ഏകാത്ജനോടർത്ഥിക്ക.

പരമോന്നത ശക്ത്യാ രക്ഷകനെ പ്രസവിച്ചോളാം
പാവന കന്യേ നിന്നോർമ്മ
കൊണ്ടാടും നാളിൽ ലോകത്തോടു കൃപ ചെയ്തിടുവാൻ
നിൻ സുതനോടർത്ഥിക്കേണം ഹാലേലൂയ്യാ
നിൻപ്രാർത്ഥനയാൽ യാചനയാ-ലവനലിവുണ്ടാകും നൂനം

† സ്ലീബാ തൻമീതെ വാഴ്വിൻ മുന്തിരിയിൻ കുലയ-
ച്ചക്കിലമർത്തി യൂദന്മാർ
രുചി നോക്കിയതില്ല പാവന സഭയതിനെ കൈക്കൊ-
ണ്ടനുദിനവും ഹാ, നുകരുന്നു ഹാലേലൂയ്യാ
സഭയും മക്കളുമെന്നേക്കും പാനം ചെയ്താനന്ദിക്കും

വിശ്വാസം പ്രഖ്യാ-പിക്കാൻ കർഷകരെന്നോണം
നിർഗ്ഗതരാം ശ്ലീഹന്മാരെ
പ്രാർത്ഥിച്ചീടണമെ - നൽ വിത്തുകളെ ഞെരുക്കീടും
കളകളെ നിർമ്മൂലം നീക്കാൻ ഹാലേലുയ്യാ, - ക്ഷിതി-
മുഴുവൻ സുവിശേഷത്തിൻ വിത്തുവിതച്ചോൻ ധന്യൻ താൻ

കർത്താവിനു പ്രീതി പാരം നൽകും സുരഭിലമാം
ധൂപമതായി സഹദേന്മാർ
കോപിച്ചോൻ നാഥൻ-ഞങ്ങളോടങ്ങു നിരപ്പായാൻ
അവരുടെ രക്തം കണ്ടപ്പോൾ ഹാലേലുയ്യാ
തിരുവിഷ്ടം നിറവേറ്റിയവ-ന്നിഷ്ടം നിറവേറ്റും നാഥൻ

മാർത്തോമ്മാശ്ലീഹാ, ധന്യ പിതാവേ ഇപ്പോൾ നി-
ന്നിടവകയെ സന്ദർശിക്ക
ജാതികളുടെ മദ്ധ്യേ-പാലകനറ്റൊരു കൂട്ടത്തെ
ചെന്നായ്ക്കളിതാ ചിതറിപ്പൂ ഹാലേലുയ്യാ, ഇടയൻമാർ-
ക്കിടയൻ മശിഹാ കിടയെക്കൂട്ടിച്ചേർക്കേണമെ

കർത്താവിൻ വലമായ് കുരിശിൽ തൂങ്ങിയ ചോരനുറ-
ച്ചേവം ചൊന്നാൻ ഞാൻ ധന്യൻ
പാപം ചെയ്യുകയാൽ - ആദമടച്ചൊരു വാതിൽ തുറ-
ന്നുള്ളിലണഞ്ഞേൻ നിൻ വാക്കാൽ ഹാലേലുയ്യാ
കർത്താവേ, സ്തുതിയെന്നേവം-തെളിവൊടു
ഞാനുൽഘോഷിക്കും

ദൈവത്തിൻ സുതനെ സാക്ഷിച്ചോരാം നീതി പരർ-
ക്കിടയില്ലേതും ലജ്ജിപ്പാൻ
വാഗ്ദാനം സിദ്ധം എൻ സാക്ഷിയെ ഞാൻ സാക്ഷിക്കും
പന്തിയിരുത്തിടുമെന്നേവം ഹാലേലുയ്യാ
നിൻസാക്ഷികളാംഞങ്ങളെയും രക്ഷകനെസാക്ഷിക്കേണമെ

**നാഥാ** മൃതിഹീനാ നിന്നെയേറ്റ പരേതന്മാർക്ക്
ഏകീടണമേ നല്ലോർമ്മ, മണ്ണായ് തീർന്നോരെ,
പുനരുത്ഥാന മഹാദിവസെ മഹിമയൊടെഴുന്നേല്പി-
ക്കേണമേ ഹാലേലുയ്യാ - തിരുരക്തത്താൽ വാങ്ങി-
യൊരാ മൃതരെ ജീവിപ്പിക്കേണമെ. **മൊറിയോ----**

## കോലോ

(ദഹത്തോലൊനെഹത്തെ)

**പെത്ഗോമൊ: പുലരിയിലെൻ നാദം കേൾക്കണമെ ഹാലേലൂയ്യാ**

ആ വൻ പുലരിയിൽ നീ - ആഗതനാകുമ്പോൾ
നിങ്ങളെയറികില്ലെ - ന്നരുളരുതെ നാഥാ
പാപം പോക്കും നിൻ - രക്ത ശരീരങ്ങൾ
അച്ചാരമതായ് നീ - ഞങ്ങൾക്കായ് നൽകി
ഹാ - ജാതികളതുമൂലം സ്തുതി പാടീടുന്നു.

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

സ്തുതിയും നതിയും നല്ലാദരവും മേന്മേൽ
കന്യക മറിയാമിൻ – നന്ദനനെന്നെന്നും
പെറ്റോളാം കന്നി - കുഞ്ഞിനെ മുലയൂട്ടി
രക്ഷകനാം പ്രഥമാ - ത്മജനെ പ്രസവിച്ചാൾ
ഹാ - സത്യം ലോകത്തിൻ രക്ഷകനിവനല്ലോ

സർവ്വാദൃശ്യനഹോ – ജനനത്തിനു വന്നു
കന്യാ മാതാവീ - ന്നേറ്റാൻ നരഗാത്രം
ഭീകര ശകടത്തിൻ - പെരുമയുപേക്ഷിച്ചോൻ
മറിയാമിൻ മുട്ടിൽ – പരിലാളിതനായി
ഹാ - മാനവ ശാപത്തെ - മായിച്ചോൻ ധന്യൻ

മറിയാമിൻ സ്മരണം - വരദായകമാക
തൽ പ്രാർത്ഥന ഞങ്ങൾ - ക്കാത്മാവിന് കോട്ട
നിബി ശ്ലീഹാ സഹദാ - നാഥൻ മറിയാമീ-
ന്നുദയം ചെയ്തുലകം - രക്ഷിപ്പാൻ വന്നു
ഹാ - സത്യം ലോകത്തിൻ - രക്ഷകനിവനല്ലോ

പരുശുദ്ധ സ്ലീബാ - പരിശുദ്ധത നൽകി
പുണീകരം സ്ലീബാ - കടമെല്ലാം വീട്ടി
സ്ലീബാ ദുഷ്ടൻ ത - ന്നധികാരം നീക്കി
ഭക്തർക്കുളവാക്കി - വിജയാഹ്ളാദങ്ങൾ
ഹാ - ഞങ്ങളെ നിൻ സ്ലീബാ - ചിറകിൽ ചേർക്കേണം

സഭയെ നിൻ വാതിൽ - കാവൽക്കാരെന്നും
സാത്താനിൽ നിന്നും - കാക്കുന്നു നിന്നെ
ശീമോനാധാരം - പൗലോസോ ശിൽപ്പി
യോഹന്നാനിഷ്ടൻ - ശുശ്രൂഷക്കാരൻ
ഹാ - റൂഹാ തൻ വീണാ-നാദം ദാവീദാം

ദൈവിക ദാസന്മാർ - വിധി നിലയേ നിന്നു
സ്വർഗ്ഗത്തെ നോക്കി - ച്ചൊന്നേവം ഞങ്ങൾ
നിന്നെ സ്നേഹിച്ചു – ലോകത്തെത്തള്ളി
ഞങ്ങൾ ജയിക്കട്ടെ – തോൽക്കട്ടെ ദോഷി
ഹാ – പരരീദൈവത്തിൻ - വീര്യം കാണട്ടെ

ആറാം ദിനമാകും- വെള്ളിയിൽ മൂഡന്മാർ
നാട്ടി മഹോന്നതനാം - കർത്താവിൻ സ്ക്കീപ്പാ
ആ വെള്ളിയിലവനെ – കുന്തത്താൽ കുത്തി
ജീവനെഴും നിണവും - നീരും പ്രവഹിച്ചു
ഹാ – നമ്പിയ ജാതികൾ തൻ - പാപം മായിച്ചു.

പുനരാഗമനദിനം - ഭീകരമാണേറ്റം
നാഥൻ ഗർജ്ജിക്കും - ലോകം വിറകൊള്ളും
വിധിപതി ചേലൊടിരു - ന്നേടു തുറന്നീടും
സർവ്വ രഹസ്യവുമ - ന്നേരം വെളിവാക്കും
ഹാ - നീതിയെഴും ന്യായാ - ധീശാ കനിയേണം.

നിൻ വിധിയതിഘോരം - ഞങ്ങടെ പിഴ പാരം
നീതി കയർക്കുന്നു - ഓടാൻ തരമില്ല
വിധിയേൽപ്പാൻ നിന്നെ - വശമാക്കിയൊരൻപാൽ
വിധിയതിലേറ്ററുതെ – തെറ്റികളോർക്കല്ലെ
ഹാ - നീതിയെഴും ന്യായാധീശാ കൃപ ചെയ്ക.

ഫറവോനിസ്രായേൽ - ജാതിയെ മർദ്ദിച്ചു
തിരമാലകളവനെ - ജലനിധിയിൽ താഴ്ത്തി
മുറ്റും തുണയറ്റോ - നേവം ഘോഷിച്ചു
ദൈവത്തൊടു പൊരുതും - മർതൃനു ഹാ, നാശം
ഹാ - നാഥൻ തുണയായോൻ ധരണിയിലതി ധന്യൻ

പുനരുത്ഥാനത്തെ - നോക്കിപാർത്തിടും
ഞങ്ങടെ മൃതിഗതരെ - വെടിയരുതെ നാഥാ
ജീവനവർക്കീശോ - നൽകുക കരുണാബ്ധേ
അവരിടതടവില്ലാ - തടയണമാശ്വാസം
ഹാ - പുനരുത്ഥാപകനാം നിന്നെയവർ വാഴ്ത്തും

**കുക്കിലിയോൻ**

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ, ഹാ --
ദ്വേഷികളെ മെതിച്ചീടും നിൻ നാമത്തിൽ
വൈരികളിൽ നിന്നും കാത്തെങ്ങളെ നീ, ഹാ –
ശത്രുക്കളെ ലജ്ജിപ്പിച്ചു. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

**എക്ബോ**

മാനവ വർഗ്ഗത്തെപ്പോരിൽ-വീഴ്ത്തിയൊരാകൽക്കറുസായെ
നാഥാ നീ നിൻ †സ്ലീബായാൽ-പാടെ
തോൽപ്പിച്ചോടിച്ചു
തന്മൂലം കൂപ്പുന്നെങ്ങൾ-ജീവദമാം നിൻ † സ്ലീബായെ.

**സ്തൗമെൻ -- --**

**കോലോ**

**പേത്മോമോ: ചേർക്കുക ചിറകിൻ കീഴിൽ ഞങ്ങളെ നാഥാ ഹാ-**

ഉദയം ചെയ്യും പൂലരിയിൽ - ജീവസ്ലീബാ
പ്രകടിപ്പിക്കും ധരണിയിലുടനളം - നിജവിജയം
കിർത്തിക്കും ജാതികളിതിനെ - സ്സമ്മതമെന്യെ
ധന്യത നേടിയ സഹദേന്മാർ - മകുടം പ്രാപിക്കും

നാഥാ നിൻ മൃതിയാൽ രക്ഷിതമാം
ഞങ്ങളുമ-ങ്ങതിനെ വണങ്ങണമെ
ധന്യൻ സ്ലീബാകോട്ടയെ ഞങ്ങൾക്കായ് നിർത്തിയവൻ

**ബാറെക്മോർ † ശുബഹോ--- ഹാ—**

രാജാവാം കുസ്തന്തീനോസാ-കാശത്തിൽ
വിസ്മയകരമായ് † സ്ലീബായുടെ രൂപം ദർശിച്ചു
കേട്ടാനവനരുളപ്പാട-പ്പോഴേവം
പ്രാണകര † സ്ലീബായാൽ പ്രാപിക്കും നീ വിജയം
പ്രതിമകളെ നിർമ്മൂലം നീക്കി
† സ്ലീബായെ മാത്രം മാനിച്ചാൻ
ധന്യൻ സ്ലീബാകോട്ടയെ ഞങ്ങൾക്കായ് നിർത്തിയവൻ

മൊറിയോറാഹേം----

<u>ബോവൂസൊ</u>

സ്ലീബായാലെ തൻ സഭയെ വീണ്ടോനാം പുത്രാ
ശൈനോ നൽകിത്തൽസുതരെ നീ രക്ഷിച്ചാലും

ആഘോഷത്തോടേറുശലേമിന്നൂരുകൾ താണ്ടി
സ്ലീബായും കൊണ്ടാ നൃപസംഘം യാത്ര തുടങ്ങി
ഈ വൃത്താന്തം കേട്ടൊരു നേരം കുസ്തന്തീനോസ്
സൈന്യ സമേതം വരവേൽപ്പേകാൻ നിർഗ്ഗതനായി

ഭൂപൻ സ്ലീബാ കണ്ടൊരുനേരം തൻ തല താഴത്തി
കുമ്പിട്ടേവം കൈകളുയർത്തി സ്തോത്രം പാടി
വൈരിയൊടേല്പാൻ സ്ലീബായെ നീയെൻപേർക്കേകി
ദൈവ തനൂജാ നിന്നെയനിശം കീർത്തിക്കുന്നേൻ

ദൈവ തനൂജാ വലഭാഗത്തെ മോഷ്ടാവിന്മേൽ
നീ കൃപചെയ്തു ഞങ്ങടെ മേലും കൃപ ചെയ്യേണം

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ നിന്റെ തിരുനാമത്തിന് സ്തുതി പാടുന്നതും, പ്രഭാത സമയത്ത് നിന്റെ കൃപയും രാത്രി കാലങ്ങളിൽ നിന്റെ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതസമയത്ത് എന്റെ ശബ്ദം നി കേൾക്കേണമെ. പ്രഭാതസമയത്ത് ഞാൻ ഒരുക്കത്തോടെ നിനക്ക് കാണപ്പെടണമെ. കർത്താവേ, നിന്റെ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ, ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ, നിന്റെ വലതു കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

<u>കൗമാ</u>

## വെള്ളിയാഴ്ച മൂന്നാം മണി

**കൗമാ**

മൂന്നാം മണിയിലുമെന്നേരത്തും വന്ദിക്കുന്നു
ജീവ സ്ലീബായെ
നെറ്റിയിലതിനെ റൂശ്മാ ചെയ്യുന്നതുതാൻ
ഞങ്ങൾ-ക്കഭയം സങ്കേതം
രാവും പകലും-ദുഷ്ടനെയും സൈന്യത്തേയും
പായിച്ചതു കാത്തിടുന്നു. **ബാറെക്മോർ**

† **ശുബഹോ-- മെന്ഓലാം വാദാമോ—**

വിഭജിച്ചാഴിയെ സൈന്യസമക്ഷം വടിയാൽ മോശ-
ഗതരായിസ്രായേൽ
കർത്താവേശു സ്ലീബായാലെ ശീയോളു തുറ-
ന്നാമൃതരെയേറ്റി
കബറിൽ നിന്നും പറുദീസേറും ജീവദമാം വഴി
കാട്ടിയ മശിഹാ ധന്യൻ. **മൊറിയോറാഹേം----**

**(ബോവൂസൊ)**

സ്ലീബായാലെ തൻ സഭയെ വീണ്ടോനാം പുത്രാ
ശൈനോ നൽകിത്തൽസുതരെ നീ രക്ഷിച്ചാലും

മാനവലോകർക്കത്ഭുത വീര്യം കാട്ടിയ സ്ലീബാ
എന്നും മേലാലുന്നതമാക്കും സഭതൻ മൌലി
വന്ദിക്കുന്നോർക്കുന്നോർക്കുൾപ്രഭ നൽകുംസ്ലീബാതൻെറ
ഉൾപ്രഭ കാണ്മാനെന്നുൾ കൺകൾക്കേകുക ദീപ്തി

മാർഗ്ഗം തെറ്റിപ്പോയൊരു സഭയെ രക്ഷിച്ചോനെ
നീതിയെഴും നിൻ വിധിയതിലെന്നെ രക്ഷിക്കേണം
നിൻ കുരിശേറ്റം കൊണ്ടാടാനായ് കൂടിയ ഞങ്ങൾ
നിൻ കൃപമൂലം നിത്യ സ്മൃതിയിൽ സ്തുതി
പാടേണം

ദൈവ തനൂജാ വലഭാഗത്തെ മോഷ്ടാവിന്മേൽ
നീ കൃപചെയ്തു ഞങ്ങടെ മേലും കൃപ ചെയ്യേണം

**കൗമാ**

## ആറാംമണി

## കൗമാ

ബാല്യത്തിൽ താനേറ്റുടയോൻ നിൻ സ്മൃതി വലുതാക്കി മറിയം നീ ധന്യ
ദേവാഗാരെ മേശയിൽ വെച്ചോരപ്പത്താൽ നീ പരിപോഷിതയായി
നിന്നെ വൈദിക മാലാഖമാർ മാനിച്ചു നിവസി-ച്ചു ദൈവം നിന്നിൽ. **ബാറെക്മോർ**

**† ശുബഹോ----**

കൂട്ടം കൂട്ടം മശിഹാ ഭക്തന്മാരാം സഹദേർ വിധിഗേഹം പൂകി
വാളാലവരെ ഹിംസിച്ചപ്പോൾ ഘാതകരുടെ മേൽ രക്തം പാഞ്ഞൊഴുകി
നാഥൻ ക്ഷമ കണ്ടണിയിച്ചാനവരെ മകുടം തൽ പ്രാ-ർത്ഥന നമ്മൾക്കഭയം

**മെന്ഓലാം വാദാമോ ല്ഓലം ഒൽമീനാമ്മീൻ**

നാഥൻ നമ്മൾക്കുത്ഥാനത്തെ പ്രതി നല്ലാശയു-മുൾധൈര്യവുമേകി
വാങ്ങിപ്പോയോർ നാദം കേൾക്കും ശിഷ്ടന്മാർ നവ-ജീവൻ നേടാനും
ദുഷ്ടന്മാർ വിധിയേറ്റീടാനുമുയർത്തിടുമെ-ന്നേവം കൽപ്പിച്ചാനുടയോൻ

**മൊറിയോറാഹേം ---**

ജനനീ പരിശുദ്ധ - പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും - വിഗതർക്കും നൽക

മറിയാമ്മിൻ സ്മരണം - വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനുകോട്ട

പരിശുദ്ധ ശ്ലീഹ - നിബി സഹദേന്മാരെ
യാചിപ്പിൻ കൃപയെ - ഞങ്ങൾക്കായ് നിങ്ങൾ

നിൻ ശരണെ മൃതരാം - താത സഹോദരരിൽ
ചൊരിയണമെ മോദ - പനിനീരെൻ നാഥാ

സുസ്മൃതി ജനനിക്കും - വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും - ചേർപ്പോനെ സ്തോത്രം

ജനനീ പരിശുദ്ധ - പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും - വിഗതർക്കും നൽക

**നിന്മാതാവു വിശുദ്ധന്മാർ---**

*(മോർ സേവേറിയോസിൻെറ മാനിസാ)*

നിന്നെ പ്രസവിച്ച മാതാവിൻേറയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, സ്വഭാവ പ്രകാരം മരണമില്ലാത്തവനും, തൻെറ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവൻേറയും ജീവനും രക്ഷയ്ക്കും വേണ്ടി, വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവിൽ നിന്നു ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും, ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി, സ്വർഗ്ഗീയ പിതാവിൻെറ ഏക പുത്രനും വചനവുമായിരിക്കുന്ന രാജാവായ എൻെറ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും. തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനായി വിശുദ്ധ ത്രിത്വത്തിൽ ഒരുവനും തൻെറ പിതാവിനോടും ജീവനും വിശുദ്ധിയുമുള്ള റൂഹായോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുവനുമായ ഞങ്ങളുടെ മശിഹാ തമ്പുരാനെ, ഞങ്ങളെല്ലാവരുടേയും മേൽ കരുണ ചെയ്യണമെ.

**കൗമാ**

**വിശ്വാസ പ്രമാണം പേജ് 16**

**ധൂപ പ്രാർത്ഥന**

## വെള്ളിയാഴ്ച ഒമ്പതാം മണി

### കോലോ

നാഥാ താവകമിരു ലോകം
നിന്നധികാരം താനെങ്ങും
† സ്ലീബായാൽ ജീവിതരെക്കാ-
ത്തൻപാൽ മുക്തി മൃതർക്കേകെ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

സ്തോത്രം മൃതജീവപ്രദനെ
കബറീന്നേറ്റീടുന്നോനെ
നിൻ പ്രേക്ഷകതാതനുമമലൻ
റൂഹായ്ക്കും ഹാലേലുയ്യാ

**മൊറിയോറാഹേം മേലെൻ ഊവാദാറേൻ**

കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ

നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ -മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

### കൗമാ

## ശനിയാഴ്ച സന്ധ്യ

കൗമാ

പ്രാരംഭ പ്രാർത്ഥന

**കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ.-------(പേജ് 4)**

### എക്ബോ

**മൃതിയാർന്നോരെ-സൗഭാഗ്യം-നിങ്ങൾക്കുത്ഥാന-ത്തിൻ നാളിൽ, ഉൾക്കൊണ്ടോരുയിരിൻതിരുമെയ്യും മോചനമേകും തിരുരക്തമതും നിങ്ങളെ നിർത്തീടും വലഭാഗെ.**

**സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ**

പെത്ഗോമൊ: ***വാഴ്ത്തുക നാഥനെ എൻ മനമെ***

**മശിഹാരാജാവേ ശോകം - ക്ലേശം മൃതി-**
**യിവയേശാത്ത നിത്യ-ജീവസ്ഥാനത്തിൽ**
**പരിശുദ്ധന്മാരോടൊപ്പം ദാസാത്മാക്കൾ-**
**ക്കാശ്വാസം നാഥാ ശുഭമൊടു നൽകണമെ**

**ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --**

**കൈകളുയർത്തി കർത്താവേ നിന്നെ വിളിച്ചേൻ**
**ഞാനെന്നും ജീവി-പ്പിച്ചു നീ മൃതരെ**
**പ്രാണപ്രദനാം നിൻ പേർക്കായ് സ്തുതിപാടി**
**പ്രഖ്യാപിക്കും വീര-ന്മാർ നിന്നാർദ്രതയെ**

**ആദാമ്യരെയെഴുന്നേൽപ്പിക്കാൻ ചെറിയവനാ-**
**യോരുത്തുംഗൻ വിനയ-ത്തൊടു നിന്നിലുദിച്ചാൻ**
**നിൻ പെരുന്നാളവനൂഴിയിലും സ്വർഗ്ഗത്തിലു-**
**മുന്നതമാക്കി നിൻ പ്രാ-ർത്ഥന ഞങ്ങൾക്കഭയം**

**മുള്ളുമരത്തെദഹിപ്പിക്കാ-തതിലെരിയും തീ**
**ശൈലത്തിൽ കണ്ടാൻ ദർശകനാം മോശ**
**പുത്രാഗ്നിയിലെരിയാത്തോളാം കന്യകയാകും**
**മറിയാമിൻ ദൃഷ്ടാ-ന്തം താനീദൃശ്യം**

ശ്ലോമ്മോ ശ്ലോമ്മോ തൻനാഥൻ തന്നിൽസ്നേഹം
പൂണ്ടോരാം നിബിയ-ർക്കും ശ്ലീഹന്മാർക്കും
ശ്ലോമ്മോതൻ സഹദേന്മാർക്കും ശ്ലോമ്മോതൻ
സന്താനങ്ങൾ മേവും പാവനസഭയതിനും

നഗരത്തിന്നൊരു കോട്ടകണ-ക്കിസ്രായേലിൽ
സ്ഥാപിച്ചാൻ യൗസേ-പ്പിന്നസ്ഥികൾ മോശ
സഹദേന്മാരെ നിങ്ങൾ തൻ അസ്ഥികളാകും
കോട്ടയതിൽ കാത്തീ-ടണമെ ഞങ്ങളെയും

ദൈവത്തിൻ തിരുനാമത്തിൽ ചൊന്നാൻസോദര-
രൊടു യൗസേപ്പവസാ-നം മൃതിവേളയതിൽ
മിസറേമീന്നെസ്ഥികളും പോകേണം
കൊണ്ടേൻ പ്രിയരെ താങ്ങും നിങ്ങളെ നിഖിലേശൻ

കർത്താവേ നിൻ കാലുകളിൽ തൈലം പൂശിയ
പാപിനി തൻ കടപാ-പങ്ങളെ നീ പോക്കി
പാരമരിഷ്ടൻ ഞാൻ ചുങ്ക-ക്കാരൻ പോൽ
കേണിടുന്നു തോന്നേ-ണമെ കരളലിവെൻമേൽ

കബറുതുറന്നു നിരീക്ഷിക്കാം വീരന്മാരും
സുന്ദരരും നിശ്ശേ-ഷം നാശം പൂണ്ടു
അവരയ്യയ്യോ മണ്ണായി കർത്താവേ
സഹതാപം നിൻ പ്രതിരൂ-പത്തൊടു തോന്നണമെ

ധർമ്മിഷ്ഠന്മാർ തൻ ഗാത്രം താൽക്കാലികമാം
മരണത്താൽ നിദ്രാ-വിശ്രമമേൽക്കുന്നു
മണ്ണിലമർന്നിടുമാഗാത്രം പുനരുത്ഥാന
ദിനത്തിലെണീറ്റുടയോ-നെ കീർത്തിച്ചീടും **മൊറിയോ**—

പെത്ഗോമോ: **ദൈവം നമ്മൊട് കൃപ ചെയ്യും**

നീതിപ്രിയരദ്ധ്വാനത്തിൻ ഫലമാർജ്ജിക്കും സന്ധ്യയ്ക്ക്
നാഥാ പൂർണ്ണമതാമൻപാൽ ദുഷ്ടനെയാട്ടിപ്പായിക്ക

**ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

പ്രാർത്ഥിക്കുക്കൊഴുതും സന്ധ്യാ
ശുശ്രൂഷയിലും കൃപചെയ്ക
ന്യായത്തീർപ്പിൻ നാൾ നിൻെറ
വലമായ് ഞങ്ങളെ നിർത്തണമെ

വിശ്വാസികൾ തന്നഭിമാന-
ഭാജനമാകും മാതാവേ
ഞങ്ങളിലാദ്രത തോന്നാൻ നിൻ
ഏകാത്മജനോടു യാചിക്ക

കന്യേ മുൻഫലമായോളേ
രക്ഷയ്ക്കുറവിടമായോളേ
ഏകാത്മജനോടർത്ഥിക്ക
ഞങ്ങളിലാർദ്രത തോന്നീടാൻ

നിൻ വൃത്താന്തം റൂഹായാൽ
ചൊന്നോരാം നിബിശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കും കൃപ ചെയ്യേണം

കർത്താവിന്നിഷ്ടം ചെയ്തോർ
നിർമ്മലരെ പ്രാർത്ഥിച്ചിടുവിൻ
ഞങ്ങളിൽ നിന്നും നീങ്ങീടാൻ
കോപത്തിന്നടിയും ദണ്ണ്ടും

തോമാശ്ലീഹ നിൻസ്മരണ
വാനൂഴികളിൽ നിലനിൽപ്പൂ
നിൻ സ്മരണയെ ബഹുമാനിപ്പോർ
നേടും തുണനിൻ പ്രാർത്ഥനയാൽ

മുട്ടുന്നു കരുണാനിധിയേ
യാചനയിൻ ധ്വനി നിൻ വാതിൽ
നിന്നാരാധകരർത്ഥിക്കും
യാചനയെ രോധിക്കരുതെ

കെൽപ്പില്ലാത്തതിനാൽ
താങ്ങി-ന്നാഹ്വാനം ചെയ്യുന്നീശാ
സത്തമനെ ഇപ്രാർത്ഥന
കേ-ട്ടൻപാലുത്തരമേകണമെ

നാഥാ സ്നാനത്തിൻ നീരാൽ
നിന്നെയണിഞ്ഞോരാം മൃതരെ
നിൻ രാജ്യേ വലമാം കൈയ്യാൽ
മഹിമാംബര മണിയിക്കേണം

ഇന്നാളോർമ്മ കഴിച്ചോരാം
മൃതരായോരുടെ നാമങ്ങൾ
ചേർത്തീടണമെ നാഥാ നിൻ
രാജ്യേ ജീവഗ്രന്ഥത്തിൽ

കുക്കിലിയോൻ

മക്കളിലപ്പൻ കൃപചെയ്‌വതു പോലെ, ഹാ -- ഹാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

പുല്ലിനു തുല്യം നരനുടെ നാൾകളഹോ, ഹാ -- ഹാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

പുനരുത്ഥാനത്തി-ന്നിടിനാദം പാതാളത്തിൽ
പൊങ്ങും മൃതി കിടിലം കൊള്ളും
നവ്യതനേടും ഗാത്രങ്ങൾ മൃതരായോർക്കൻ-
പുടയോനെ നവ്യത ന-ൽകണമെ. സ്തൗമെൻ—

കോലോ

അർപ്പിച്ചബ്രാഹാം ധൂപം കാഴ്ചകളർപ്പിച്ചാൻ നോഹ
ധൂപമണച്ചോരീദാസർ-ക്കാശ്വാ-സം നൽകീടണമെ.

ബാറെക്മോർ. † ശുബഹോ---

വിത്തുകൾപോൽ മണ്ണിലമർന്ന-
മൃതരോടാർദ്രതതോ-ന്നണമെ
ഖേദിച്ചോർ മോദിപ്പാൻ നിൻ-
പതിവതുപോലുയിരേകേണം. **മൊറിയോറാഹേം--**

**ബോവൂസൊ**

ദൈവാത്ജനേ ശാശ്വതരാജ്യത്താശ്വാസം നിൻ
ദാസർക്കേകുക ധാർമ്മിക സിദ്ധന്മാരോടൊപ്പം

കൂട്ടം കൂട്ടം വംശം വംശം വന്നീടുന്നു
പെട്ടെന്നീ ലോകത്തിൽ നിന്നും പൊയ്പ്പോയീടുന്നു
കണ്ടാലും വൻപാലത്തിങ്കൽ പന്തിക്കെത്തി
പിമ്പിൽ നിൽപ്പോരുന്തിത്തള്ളും മുമ്പന്മാരെ

ജീവിക്കുമ്പോൾ ദൈവത്തെപ്പോൽ കൽപ്പിക്കുന്നു
ജീവാന്ത്യത്തിൽ മൃഗമെന്നോണം മാഞ്ഞീടുന്നു
മുന്നം നാളിൽ കർത്താക്കന്മാർ രാജാക്കന്മാർ
ഇന്നൽപ്പന്മാർ സ്ഥാനഭ്രഷ്ടർ മൃത്യു ഗ്രസ്തർ

മ്ശീഹാ മൃത്യുക്കാസാ നിങ്ങാൻ പ്രാർത്ഥച്ചോനേ
രണ്ടാം മൃത്യുക്കാസാ ഞങ്ങൾക്കേകീടല്ലെ

മോറാനേശു മശിഹാ നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

**കൗമാ**

## സുത്താറാ നമസ്ക്കാരം

ശീലിപ്പിക്കെന്നെ നാഥാ നിൻ കല്പനയെല്ലാം
ഞാൻ കാത്തിഹ നിൻ കൃപയിൽ ജീവിപ്പാൻ
നിൻ വരഭണ്ണ്ടാരം കവരായ്‌വാൻ നിർത്തീടണമെ
കാവൽക്കാരെ മെയ്യിൻ വാതിൽക്കൽ. **ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ദീർഘക്ഷമകാട്ടും നാഥൻ സംസ്തുത്യൻ ഞങ്ങൾ
തിൻമയെ വെടിയാൻ നോക്കിപ്പാർക്കുന്നോൻ
ദീനന്മാർ ഞങ്ങൾ ലോകവിനാശം വാതിൽക്കൽ
നിൽക്കുന്നുണ്ടെന്നോർക്കുന്നില്ലുള്ളിൽ. **മൊറിയോറാഹേം-**

**ബോവൂസൊ**

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം

അന്ത്യം കാലം വന്നെത്തുമ്പോൾ ഭൂവിനു നാശം
അന്യായത്തിൻ മാലിന്യത്തിൽ മുഴുകും ലോകം
ഈറ്റിൻ നോവാൽ സ്ത്രീയെന്നോണം കേഴും ധാത്രി
ശണ്ഠകളാലും പോരുകളാലും വീഴാറാകും

നീങ്ങിപ്പോകും ശുശ്രൂഷകളും ബലികളുമെല്ലാം
ആഗ്രഹമേറും കുത്തിക്കവരും ദ്രവ്യം നേടാൻ
അന്നാളല്ലോ തമ്മിലെതിർക്കും മാനവലോകം
നാടുകളെല്ലാം മൂടിയും പുരികൾ വിറകൊണ്ടീടും

ദയറാ ദേവാലയമിവയീന്നും നിൻ മാഹാത്മ്യം
നാഥാ മായും ദിനമാസന്നം കൃപ തോന്നേണം

**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**

**ബാറെക്മോർ, അത്യുന്നതൻെറ മറവിൽ** **പേജ് 13**

**കർത്താവിൻെറ ബഹുമാനം** **പേജ് 16**

**വിശ്വാസ പ്രമാണം**

**ധൂപ പ്രാർത്ഥന**

## ശനിയാഴ്ച രാത്രി നമസ്ക്കാരം

### കൗമാ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ-- പേജ് 19

ബാറെക്മോർ രാത്രികാലങ്ങളിൽ----- പേജ് 19

**†ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

ആദരവൊടു നിന്നാർദ്രതയെ
വാഴ്ത്തിക്കീർത്തിപ്പാൻ
ഞങ്ങളുണർന്നങ്ങെഴുന്നേറ്റു
സർവ്വാധിപതേ സ്തോത്രം തേ

നാഥാ മാതാവാം കന്യാ
മറിയാമിൻ സ്മരണ
വലുതാക്കിത്തൽ പ്രാർത്ഥനയാൽ
സദയം തുണചെയ്തീടേണമെ

നിബിശ്ലീഹന്മാർ സഹദേന്മാർ
എന്നിവർ തൻ സ്മരണ
വലുതാക്കിത്തൽ പ്രാർത്ഥനയാൽ
സദയം തുണചെയ്തീടേണമേ.

താതൻമാർ ഗുരുനാഥന്മാർ
എന്നിവർ തൻ സ്മരണ
വലുതാക്കിത്തൽ പ്രാർത്ഥനയാൽ
സദയം തുണചെയ്തീടേണമേ.

ശോഭന ചരിതൻ മാർത്തോമ്മാ
ശ്ലീഹാതൻ സ്മരണ
വലുതാക്കിത്തൽ പ്രാർത്ഥനയാൽ
സദയം തുണചെയ്തീടേണമേ.

കർത്താവേ വൻ കടമെല്ലാം
ആർദ്രതയാൽ പോക്കി
മൃതരാം താതഭ്രാതാക്കൾ-
ക്കാശ്വാസം തൽകീടേണമേ.

**ബാറെക്മോർ. † ശുബഹോ - മെന്ഓലാം--**

നിൻ കാരുണ്യത്തിനു നവമാം കീർത്തനവും നാഥാ
പരിപാവന നാമത്തിന്നായ് നന്ദിയുമർപ്പിക്കുന്നെങ്ങൾ.

**കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ,**

**ഒന്നാം കൗമാ**

**എക്ബോ**

ആബോക് സബ്വോ

താതൻ ജാതം ചെയ്യിച്ചോ-രേകൻ മറിയാമിൻ സൂനു
അന്യൻ താനെന്നു-ള്ളുപദേശം വ്യാജം
താതാത്മീയാത്ജനെയ-ക്കന്യക പെറ്റു ജഡീകമതായ്

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

**കോലോ**

മോറഹിമിൻ

നാഥാ നിർമ്മലകന്യകയായ് നിന്നെപ്പെറ്റ-മാതാവിന്നോർമ്മ
സൗരഭ്യമെഴും ധൂപം പോൽ
നിന്നെ മോദിപ്പിക്കട്ടെ
അമ്മയ്ക്കിരുലോകങ്ങളിലും നൽകീടണമെ,
നാഥാ-നല്ലോർമ്മ. **ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

പാവന കന്യേ ആദിയിലെ നിന്നെയേറ്റോൻ
താതൻ സംസ്തുത്യൻ
ഹിതമായ് നിന്നിൽ നിന്നും മെ-
യ്യേറ്റോൻ പുത്രൻ സ്തോത്രാർഹൻ
നിന്നിലിറങ്ങി വസിച്ചോനാം പാവന റൂഹാ-
യെന്നെന്നും സ്തുത്യൻ. **മൊറിയോറാഹേം--**

## ബോവൂസൊ

ധന്യേ നിൻ പ്രാർത്ഥനമേവട്ടെ ഞങ്ങളൊടൊന്നി-
ച്ചർത്ഥന കേട്ടിട്ടേകീടട്ടെ പുണ്യം നാഥൻ

ധീമാൻമാരെ വരുവിൻ വേഗം മേൻമേലേറും
പ്രാർത്ഥനയോടും ശുശ്രൂഷയൊടും ജാഗ്രതയോടും
ധന്യതയേറും കന്യകമറിയാം തൽസ്മരണയ്ക്കായ്
മാനിക്കുന്നോർക്കമ്മെയിരട്ടിച്ചേകും ദാനം

നിന്നെ വാഴ്ത്താൻ നിൻ വീര്യത്താൽ വീര്യം നേടി
നിൻ പ്രാർത്ഥയാൽ ഭാസുര ഭവനം പൂകും ഞങ്ങൾ
നിൻ പ്രാർത്ഥനയിൽ ശരണം കൊള്ളും വിഗതൻമാരും
ജിവിപ്പോരും ദൂതഗണത്തിൽ ചേർന്നീടട്ടെ

ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ
ദൈവാത്മജനേ കോപത്തിൻ ദണ്ഡൊഴിവാക്കേണം.

**കർത്താവിൻെറ ബഹുമാനം--- ---- പേജ് 16**

## രണ്ടാം കൗമാ

### ആബോക് സബ്വോ

സുവിശേഷത്തിൽ കീർത്തിതരാം പരിശുദ്ധന്മാരെ ഭാഗ്യം
ജീവഗ്രന്ഥത്തിൽ പേരുള്ളോർ നിങ്ങൾ
ധന്യൻ നിങ്ങടെ പെരുന്നാളിൽ
ഭക്ത്യാ സംബന്ധിക്കുന്നോൻ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

## കോലോ

(മോറഹിമിൻ)

സഹദേന്മാരെ നിങ്ങൾ തൻ പെരുന്നാളോർത്താൽ
പാരം കാമ്യം താൻ

† സ്ലീബാ പാലം വഴി നിങ്ങൾ
ജീവസ്ഥാനം പ്രാപിച്ചു
നിങ്ങളെയണിയിക്കും നൂനം മോഹന മകുടം, റൂഹാ
സാമോദം. **ബാറെക്മോർ. † ശൂബഹോ, മെന്ഓലാം-**

വിശ്വാസം പൂണ്ടോർക്കെല്ലാം സഹദേന്മാരെ
വൈദ്യന്മാർ നിങ്ങൾ
ഭാഗ്യം നിങ്ങടെ പെരുന്നാളിൽ
സംബന്ധിക്കുന്നോൻ ധന്യൻ
നിങ്ങടെ സഭയിൽ സ്വീകൃതനാ-
മവനാർജ്ജിക്കും ശാശ്വതമാം ജീവൻ. മൊറിയോറാഹേം--

## ബോവൂസൊ

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ
കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

നിൻ വൃത്താന്തം റൂഹായാൽ
ചൊന്നോരാംനിബിശ്ലീഹന്മാർ
സ്നേഹാൽ മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കും കൃപ ചെയ്യേണം

കർത്താവിന്നിഷ്ടം ചെയ്തോർ
നിർമ്മലരെ പ്രാർത്ഥിച്ചിടുവിൻ
ഞങ്ങളിൽ നിന്നും നീങ്ങീടാൻ
കോപത്തിന്നടിയും ദണ്ണ്ടും

ഇഷ്ടന്മാർ തൻ പ്രാർത്ഥനയാൽ
കർത്താവേ കൃപ ചെയ്യണമെ
തൻ പ്രാർത്ഥനയാൽ യാചനയാൽ
അൻപാത്മാക്കളിലുണ്ടാക

മൂന്നാം കൗമാ

ആബോക് സബ്വോ

**തരുമദ്ധ്യത്തിൽ പറുദീസിൽ പ്രാപിച്ചേൻ ഞാൻ സുഖനിദ്ര**
**കാറ്റിൽ കേട്ടേൻ ഞാൻ**
**ചേതോഹര നാദം**
**ക്ഷമയെൻ പാപങ്ങൾക്കെല്ലാം തന്നെന്നദ്ധ്വനിയറിയിച്ചാൻ**

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. **ബാറെക്മോർ.**

കോലോ

*മ്ശീഹോ ലൊതഹമ്മെമേനാൻ*

പെത്ഗോമോ: *ഞങ്ങളെയങ്ങുമറന്നീടാതോർത്തീടേണം*

**മ്ശീഹാ നിന്നെ വന്ദിക്കും ഞങ്ങളെ ദൂരെത്തള്ളരുതെ**
**ഞങ്ങൾക്കഭയം നീയല്ലോ കാട്ടിത്തരണേ ജിവവഴി**
**രാവും പകലും സ്തുതിപാടാൻ**
**ഞങ്ങൾക്കർഹതയേകേണം.**

**ബാറെക്മോർ. † ശുബഹോ - മെന്ഓലാം--**

**ആകാശത്തിൽ കർത്താവേ കാഹളനാദം പൊങ്ങുമ്പോൾ**
**പാറകളും കബറും കീറി-ജീവൻ മൃതരാർജിക്കുമ്പോൾ**
**അൻപാൽ ഞങ്ങളെയുടയോനെ**
**നിൻെറ വലത്തായ് നിർത്തേണം. മൊറിയോറാഹേം--**

ബോവൂസൊ

**കരുണ നിറഞ്ഞവനെ - പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെനീ - പുതുതാക്കീടണമെ**
**നിന്നിൽ നിദ്രയട - ഞ്ഞാഗമനം കാക്കും**
**മൃതരിൽ ശാന്തിയണ - ച്ചേകുക പരിഹാരം**

നിന്നഭയെ മൃതരെ - അബ്രാഹാമിസഹാക്
യാക്കോബെന്നിവർ തൻ - മടിയിൽ പാർപ്പിക്ക

വന്നവനാം വരുവോൻ - മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും - മെയ്യോടാത്മാവും

**ഹാലേലുയ്യാ ഹാലേലുയ്യാ ഹാലേലുയ്യാ-- പേജ് 27 മുതൽ**

**ത്രിത്വത്തിനു സ്തുതി---- പേജ് 33.**

## കുക്കിലിയോൻ

നീതിമാൻ പനപോലെ തളിർത്തിടുമെ - ഹാ-
വളരുമവൻ ലെബനോൻ കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമെ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

### എക്ബോ

ഒരുപോലിങ്ങും മോർ തോമ്മാ
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്. **സ്തൗമെൻ---**

### കോലോ

മാർത്തോമ്മാ തൻ പ്രാർത്ഥനയാൽ
നാഥൻ പാരീ-ന്നരിശത്തെ നീക്കി
നിലനിർത്തീടട്ടെന്നും തൻ
ശമവും ശാന്തിയുമതിരോളം
തൽ പെരുന്നാൾ കൊണ്ടാടുന്നോർ
ബാധകളീന്നും രക്ഷിതരാവട്ടെ. **ബാറെക്മോർ.**

**ശുബഹോ----**

ശുദ്ധന്മാർ ശുദ്ധൻ നീയെ-
ന്നിരു ലോകത്തും വാഴ്ത്തും പരിശുദ്ധാ
നീ പരിശുദ്ധൻ മാർത്തോമ്മാ
ശ്ലീഹായ്ക്കാത്മവരം നൽകി

തൽ പ്രാർത്ഥനയാൽ രോഗത്തിൻ
ശാന്തിയൊടൊപ്പം പുണ്യവുമേകണമെ. **മൊറിയോ---**

**ബോവൂസൊ**

കർത്താവേ കൃപ ചെയ്യണമെ
മാതൃ വിശുദ്ധ പ്രാർത്ഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി-
പ്പോയോർക്കും നൽകീടേണം

താതനിൽ നിന്നാത്മീയമതായ്
ജാതം ചെയ്തോനാം സുതനെ
കന്യകയാം മറിയാം ശുദ്ധ്യാ
പെറ്റല്ലോ ശാരീരികമായ്

ഗൂഢമതായ് ജഠരെ മേവി-
ഘോഷത്തോടുദയം ചെയ്താൻ
കണ്ടാലും കൊണ്ടാടുന്നു
സാദരമെന്നും തൽ സ്മരണ

ശുദ്ധ്യാ നിൻ മെയ്യുൾക്കൊണ്ട്
രക്തം പാനം ചെയ്തോരെ
നിൻ നാമത്താലാഹ്വാനം
ചെയ്തെഴുന്നേൽച്ചീടേണമെ

നീതിയെഴും വിധി നൽകാൻ നീ
വേഗം വന്നെത്തീടുമ്പോൾ
നിന്നോടൊത്തൊാവരാമോദാൽ
ശോഭന ഗേഹം പൂകണമെ

കർത്താവേ കൃപ ചെയ്യണമെ
മാതൃ വിശുദ്ധ പ്രാർത്ഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി-
പ്പോയോർക്കും നൽകീടേണം

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ-- പേജ് 35**
**ഞങ്ങളുടെ കർത്താവേശു മശിഹാ --- പേജ് 36**

**കൗമാ**

## ശനിയാഴ്ച പ്രഭാത നമസ്ക്കാരം

### കൗമാ

**പ്രാരംഭ പ്രാർത്ഥന - പേജ്. 37**

**ദൈവമെ നിൻെറ കൃപയിൻ പ്രകാരം----- പേജ്. 37**

**കരുണയുള്ള ദൈവമെ ----- പേജ് 39**

**എൻെറ ദൈവമെ നീ എൻെറ ദൈവമാകുന്നു -- പേജ് 39**

**എനിയോനൊ**

നിൻമെയ് രക്തങ്ങൾ ഞങ്ങൾക്കച്ചാരം
തന്നതിനാൽ നാഥാ വിധിയേറ്റിടരുതെ

മറിയാമ്മിൻ സ്മരണം വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട

നിബി ശ്ലീഹന്മാരെ നൽസഹദേന്മാരെ
പ്രാർത്ഥിപ്പിൻ നാഥൻ കാരുണ്യം ചെയ്യാൻ

ഈ നമ്മൾക്കായി-ട്ടഭ്യർത്ഥിച്ചീടാൻ
സഹദേന്മാരോടായ് പ്രിയരെ പ്രാർത്ഥിക്കാം

നീതിയെഴും ന്യായാ-ധീശാ കൃപചെയ്ക
കടമെല്ലാം നിൻ വൻ കനിവാൽ നീക്കേണം

സ്നേഹിതനില്ലെന്നെ രക്ഷിപ്പാനിപ്പോൾ
നിന്നെ നമ്പീടു-ന്നെന്നെ രക്ഷിക്ക

കർത്താവേ നിൻെറ ശരണേ മൃതരായ് നിൻ
വരവിനു കാത്തിടും മൃതരിൽ കനിയണമെ

**ബാറെക്മോർ. † ശുബഹോ – മെന്ഓലാം--**

സ്തുത്യൻ മാതാവിൻ സ്മൃതി വലുതാക്കുന്നോൻ
ശുദ്ധരെ മാനിപ്പോൻ മൃതരെയുയർപ്പിപ്പോൻ. **ആമ്മീൻ**

**113-ാ൦ സങ്കീർത്തനം**

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. ---പേജ് 41

**എക്ബോ**

**ധാർമ്മികർ സഹദേരും - പ്രതിഫലമാർജ്ജിക്കും ഉഷസ്സതിനർഹത നൽ-കീടേണം നാഥാ. സ്തൗമെൻ—**

**കോലോ**

പേത്ഗോമോ: ***ആശ്ചര്യം മൃതരിലഹോ നീ കാട്ടുന്നു ഹാ-***
**വിശ്വാസിനിയാം സഭ മൃതരെ ഓർക്കുന്നുണ്ടർപ്പിതമാ-മീ**
**ധൂപത്താലും കഹനേന്മാർ വഴിയും**
**സഭയിൽ താതൻതൻ ശ്ലോമ്മോ വാഴട്ടെ ദുഷ്ടൻ വീ-**
**ഴട്ടെ വാഴ്ത്തട്ടെ മക്കൾ ജീവദനെ. ബാറെക്മോർ.**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒലമീനാമീൻ**

**സ്തുത്യൻ മാർത്തോമറിയാം തൻ സോദരനാകും**
**ലോവോസാർ ചീഞ്ഞെന്നാലും ജീവൻ കല്പിച്ചോൻ**
**നീ ചെന്നപ്പോൾ യായീറോസ് സുത ജീവിച്ചാൾ**
**മൃതരന്ത്യത്തിൽ ജീവിക്കും നിന്നാഹ്വാനത്താൽ**

**മഷിയും തൂവലു മെന്യേ ശ്ലോ-മ്മോ നിറയും ക-**
**ത്തൊടു ഗബ്രീയെൽ മറിയാമി-ന്നരികെ ചെന്നെത്തി**
**ചൊന്നാൻ ശ്ലോമ്മോ നിന്നൊടു കൂ-ടുണ്ടുടയോൻ**
**നിന്നിൽ നിന്നുദയം ചെയ്തിടുമീ ലോകം രക്ഷിപ്പാൻ**

**കന്യേ പരിശുദ്ധേ സാക്ഷാൽ പാറയതാം ദൈവസുതൻ**
**നിന്നിലുദിച്ചാൻ പൗലോസിൻ വചനം പോൽ**
**നദിയെ മരുവിലൊഴുക്കിയൊരാ- പാറയഹോ**
**പാവനയാം നിൻ സദൃശ്യത്തെ വിശദം വർണ്ണിച്ചു**

**പന്ത്രണ്ടാകും ശ്ലീഹന്മാർ തൽ പ്രാർത്ഥനയാൽ**
**പന്ത്രണ്ടാകും മാസങ്ങളെ വാഴ്ത്തീടുക നാഥാ**
**മഴയും വറവും പതിവിന് വന്നീടട്ടെ നൽകട്ടെ**
**നാഥൻ നന്മകളും ഭുവനം വിളവുകളും**

**എല്ലാരും സ്നേഹിച്ചിടുമീ നശ്വര ലോകത്തെ**
**എന്തിനു സഹദേന്മാരെ നിങ്ങൾ നിരസിച്ചു**
**സ്നേഹിച്ചോരെയാദ്യന്തം തള്ളിയ ലോകത്തിൻ**
**വ്യാമോഹം മിഥ്യതെന്നീ ഞങ്ങൾ കണ്ടു**

പാപം ചെയ്തേൻ ധരയേക്കാൾ കോപിപ്പിച്ചേൻ
നിന്നെ ഭൂമിയിലെങ്ങുമെഴും ധൃഷ്ടന്മാരെക്കാൾ
ആയുസ്സയ്യോ കുറയുന്നു മൃതിയാസന്നം ചെയ്യും
ഞാനെന്തെൻെറ കടം കൃപയാൽ പോക്കണമെ

പാപം ചെയ്തോർ വിധിനിലയേ വിലപിക്കും
നടപടികൾ സൂര്യനു സന്നിഭമായ് പരിശോധിച്ചീടും
ന്യായാധീശൻ നിഷ്ക്കരുണം തീർപ്പുടനെ
കൽപ്പിക്കും മുഖപക്ഷവുമവിടെ കൈക്കൂലിയുമില്ല

ചാതുര്യത്തൊടു ഭുവനത്തെ മരണനുകത്തിൽ
ബന്ധിച്ചോരു വിജ്ഞൻ സൃഷ്ടാവുന്നതരായ്മേവും
നൃപരെ പദവികളിൽ നിന്നും ഭീകരരാകും
വിധികർത്താക്കളെ ഭരണത്തിൽ നിന്നും നീക്കുന്നു

തൃപ്പാവനു തനുവോടുയുരിൻ രുധിരവുമേറ്റൊരു
വിശ്വാസികൾ മൃതരേറ്റിടുമീ ധൂപത്താൽ പുണ്യം
ജീവപ്രദനാം മശിഹാ നിൻ ദൈവികമാം വല-
ഭാഗത്തവർ നിലകൊണ്ടങ്ങേ സ്തുതി പാടീടട്ടെ

**മൊറിയോറാഹേം----**

**പെത്ഗോമോ:** ***നാഥന്നിഷ്ടം നിറവേറ്റും ശുശ്രൂഷകസംഘം***

**കർത്താവിൻ** മുന്തിരിവിളയിൽ
പണിചെയ്തോരേവം ചൊന്നീടും
മുഴുപകലദ്ധ്വാനിച്ചോരാം ഞങ്ങൾക്കേകുക പ്രതിദാനം
വാഗ്ദത്തംപോൽ കൂലിതരാം ഉത്ഥാനദിനേ സവിശേഷം
മുഖകാന്തിയുമേകാ-മെന്നുടയോനുത്തരമരുളി.ബാറെക്മോർ

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒലമീനാമീൻ**

**പാതാളമണഞ്ഞാമൃതിയെ** വെന്നോരാദ്യതനൂജാസ്തോത്രം
അവനെ കണ്ടാശ്വാസത്തോ-ടാദാം വന്ദിച്ചുര ചെയ്താൻ
എൻപാപം മായിച്ചീശാ, ഞാൻ സുതരൊത്തുപുറത്തായോ-
രാപറുദീസയിലേക്കെന്നെ മടക്കിയയ്ക്കണമെ

**തീജ്വാല**പിളർന്നഗ്നിമയൻ തീക്കനെലുമെതിച്ചോയാർകീറി
താണുപറന്നാ നസ്രേത്തിൽ ചെന്നോതി മറിയാമോടായ്
ധന്യേശ്ലോമ്മോനിൻകൂടെ ഉണ്ടുടയോൻ നിന്നുദരഫലം
ആദാം വർഗ്ഗത്തിൻ നിന്ദയെ നിശ്ശേഷം നീക്കും

**പാവനക**ന്യകമറിയാമിൻപ്രാർത്ഥനയാചനയെന്നിവയാലെ
ശിക്ഷകളെരോധിക്കണമെ ഞങ്ങളിൽനിന്നുംദൈവസുതാ
ആനന്ദൈശ്വര്യങ്ങളെഴും മാസാബ്ദങ്ങൾ നൽകണമെ
ഞങ്ങടെ പ്രാർത്ഥനയിൽ പ്രീതി നിനക്കുണ്ടാകണമെ

**വരുവിൻ** മശിഹാതൻ പ്രിയരാം
ശ്ലീഹരെയഭയം പ്രാപിച്ചീടാം
അവർവിമലാത്മാവോടൊപ്പം വാനൂഴിത്താക്കോൽ നേടി
ഭൂമിലവരെ വിശ്രുതരാം വാഗ്മികളാക്കിയവൻ ധന്യൻ
ഇന്നീ ലോകത്തിൽ പാരം ശ്രേഷ്ടം തൽ സ്മരണ

**ചൊല്ലുന്നേവം** സഹദേന്മാർ
ഞങ്ങടെ നാഥൻ മേൽസ്വർഗ്ഗത്തിൽ
ആയിരവുംപതിനായിരവും വാനോർമുൻപിൽനിൽക്കുന്നു
തൽസത്യംവെടിയാത്തോരാം ഞങ്ങൾക്കില്ലന്യൻ നാഥൻ
രക്ഷിച്ചീടുമവൻ മർദ്ദിതരെ മർദ്ദകരീന്നും

**വീരഭടൻ** തോമാശ്ലീഹാ പരിശുദ്ധാ നിൻ പോരാട്ടത്തെ
നിറവേറ്റി ശ്രേഷ്ഠകിരീടം നിർമ്മിച്ചോൻവാഴ്ത്തപ്പെട്ടോൻ
വാനൂഴികളിപ്പെരുന്നാളിൽ കീർത്തിക്കുന്നു സാമോദം
താതസുതന്മാരെ പാവനറൂഹായൊടൊപ്പം

**കരുണാ**വാതിൽ തുറക്കണമെ
ഞാൻ നിന്നോടും സ്വർഗ്ഗത്തോടും
പിഴചെയ്തേൻനിൻസുതനെന്ന പേരിനെനിക്കർഹതയില്ല
അൻപുടയോനെ ഞാനിനിയും ദാസൻ മാപ്പേകീടണമെ
താപം പൂണ്ട സുതൻ താതനോടേവം യാചിച്ചു

**നമ്മുടെകാലം**നമ്മെപ്പോൽ ഇത്തലമുറയുംനമ്മൊടുതുല്യം
ധനവാന്മാരത്യാഗ്രഹികൾ പാവങ്ങൾക്കുരസംവ്യാജത്തിൽ
സ്വസ്നേഹിതനെവിഴുങ്ങുന്നു പാമ്പെന്നോണംമർത്യന്മാർ
തമ്മിൽ കവരുന്നു ദൈവിക നീതിയവർക്കില്ല

ശ്രീയൂത്ഥാനത്തിന്നേകി ശരണം ജീവിപ്പിന്നേറ്റിയവൻ
സംപൂജ്യൻ പൗലോസോതു-ന്നസ്ഥിരനായോനോടേവം
ഭോഷാധാന്യം വിതചെയ്താൽ വളരാകേടെന്യേ
മഹിമാ-വോടാദാമ്യകുലം ജീവിച്ചിടുമെന്നറിയിച്ചാൻ

**നാഥാ നിൻ മെയ്രക്തങ്ങൾ**
കൈക്കൊള്ളുകയാൽ പുണ്യം പൂണ്ട
വാങ്ങിപ്പോയോർക്കേകണമേ മേലൂറിശലേമിൽ സ്മരണ
ശിഷ്ടരെ ദുഷ്ടജനത്തിന്നും വേറാക്കുമ്പോളവരേറ്റം
മുഖതേജസ്സോടു നിൻ വലഭാഗത്തായ് നിൽക്കണമെ

## കുക്കിലിയോൻ

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ -
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലെ
നിൻ ദാസൻ ദാവീദിൻ മൂലം

നിൻപുത്രന്മാർ കാത്തിടുമെങ്കിൽ ഹാ -
എൻനിയമത്തേയും ഞാനുപദേശിച്ചിടുമീ സാക്ഷിയേയും
**ബാറെക്മോർ. † ശൂബഹോ - - മെന്ഓലാം വാദാമോ—**

ശുചിയൊടു ശുദ്ധ്യാ ബെസ്കുദിശാ
സ്പർശിച്ചുള്ളാപാദങ്ങൾ
പുക്കുദ്യാനദ്വാരങ്ങൾ
വാനവരൊത്തു വസിക്കേണം. **സ്തൗമെൻ കാലോസ്-**

തൻകൈപ്പണിയാമാദത്തെ -
ദൈവ-മിരുന്നു നിരീക്ഷിച്ചു
തോപ്പിൽപറുദീസിന്നുള്ളിൽ
സ്രൃഷ്ടാ-വൊടു സമനാം സ്രൃഷ്ടി,
വൃക്ഷങ്ങൾക്കിടയിൽ സ്വൈര്യം
വിഹരിക്കുന്നതു വീക്ഷിച്ചാൻ
മണ്ണിൻ മഹിമാവിൽ വിസ്മയമീറേന്മാരാർന്നു.
**ബാറെക്മോർ † ശൂബഹോ----**

പൂർവ്വാചാര്യത്വം പ്രാപി-ച്ചഹറോൻ മോശയൊടൊന്നിച്ച്
സ്കറിയായ്ക്കതു നൽകി മോശ
സ്കറിയാ യോഹ-ന്നാനേകി
യോഹന്നാൻകർത്താവിന്നും കർത്താതൻശ്ലീ-
ഹന്മാർക്കും
നാനാസൃഷ്ടിവിഭാ-ഗങ്ങൾക്കേകി ശ്ലീഹന്മാർ മൊറിയോ

ബോവൂസൊ

ആചാര്യന്മാർക്കാശ്വാസം നൽകേണം നാഥാ
സിദ്ധന്മാരോടൊപ്പം നിത്യ വാസം തന്നിൽ

കാത്തിടേണം ശുശ്രൂകരെ വരനാം മശിഹാ
കബറിൽ കേഴുന്നാചാര്യന്മാർക്കുണർവ്വേകേണം
മാത്രയിൽ മായും മായയിലവരാന്ദിച്ചില്ല
നിൻസ്നേഹത്താൽ പീഡകളേറ്റോർക്കേകുക നന്മ

നശ്വരമാകും വ്യാമോഹത്തെ പാടെ വിട്ടോർ-
ക്കാശ്വാസം നീ നൽകീടണമെ ശോഭനഗേഹേ
താരുണ്യത്തിൻ മകുടമുപേക്ഷിച്ചാഗ്രഹമെന്യേ
താനേ ക്രൂശേറ്റിമ്പം കൊണ്ടാർ തിരുനാമത്തിൽ

ആശകെടുത്തും വചനം കേൾപ്പാനിടയാകല്ലേ
നിന്നെയേറ്റോരെയൻപാൽ നീയേറ്റീടേണം

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ നിന്റെ തിരുനാമത്തിന് സ്തുതി പാടുന്നതും, പ്രഭാത സമയത്ത് നിന്റെ കൃപയേയും രാത്രി കാലങ്ങളിൽ നിന്റെ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതസമയത്ത് എന്റെ ശബ്ദം നി കേൾക്കേണമെ. പ്രഭാതസമയത്ത് ഞാൻ ഒരുക്കത്തോടെ നിനക്ക് കാണപ്പെടണമെ. കർത്താവേ, നിന്റെ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ, ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ, നിന്റെ വലതു കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

## മൂന്നാം മണി

### കൗമാ

***മോചനമാചാര്യർക്കേകുക ഹാലേലുയ്യാ***

ശ്രേഷ്ഠമതാം തനു രക്തങ്ങളെ മോചനമെഴുവാൻ
പാവനബലി പീഠേ കൈകളിലാഘോ-ഷിച്ചവരായ്
ദയറാ ദേവാലയമിവയിൽ ശുശ്രൂഷിച്ചോ-
രാചാര്യന്മാർ ശെമ്മാശ്ശന്മാരെ-ന്നിവരുടെയാ
കടഭാരം തിരുമെയ്യാൽ നീക്കി
പോക്കണമെ പാപം രുധിരത്താൽ
പാടീടും നാഥാ സ്തുതിയെന്നവർ നിൻ വലഭാഗേ

**ബാറെക്മോർ. † ശുബഹോ-- മെന്ഓലാം ഹാ---**

ആചാര്യത്വം മുൻനിർത്തി ശ്ലീഹരിൽ മുമ്പൻ
ശീമോനൊടു നാഥൻ ചൊന്നോരീ നാ-ദം ഹൃദ്യം
നിന്നെ ഗൃഹനായനാക്കി-ത്തന്നീടുന്നേൻ
അംബരധരണി ബന്ധനമുക്തിത്താ-ക്കോലുകൾ നീ
ബന്ധിച്ചാൽ ഞാനും ബന്ധിക്കും
മോചിച്ചാൽ മോചിക്കും ഞാനും
പാപികളെ പ്രതിയഭ്യർത്ഥിച്ചെന്നാൽ കേട്ടീടും. **മൊറിയോ-**

**ബോവൂസോ**

ആചാര്യന്മാർക്കാശ്വാസം നൽകേണം നാഥാ
സിദ്ധന്മാരോടൊപ്പം നിത്യ വാസം തന്നിൽ

ആചാര്യാലങ്കാരത്തെപ്പാതാളം പോക്കി
ശെമ്മാശ്ശന്മാർ തൻമാഹാത്മ്യം പാടെ നീക്കി
സഭയിൻ തോഴർ പാതാളത്തിൽ മണ്ണായ് പോയി
ഇന്നാൾ വീണാനാദം പൊയ്പ്പോയ് മൗനം പൂണ്ടു

ലോകം വിട്ടോരാചാര്യന്മാർ നിന്നോടൊപ്പം
സാഘോഷം നീ വന്നീടുമ്പോൾ മോദിക്കേണം
വാങ്ങിപ്പോയോർ സോദര ഗുരുനാഥന്മാരെ നീ
പാവന വൃന്ദേ പന്തിയിരുത്തീടുക നിൻ രാജ്യേ

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

കൗമാ

---

## ആറാം മണി

കൗമാ

കന്യാമറിയമിനെക്കണ്ടു നൂതനവാനിടമായ് വിശ്വം
ലോകങ്ങൾക്കും മുമ്പായ് പേരുള്ളോരു നീതിമഹാസൂര്യൻ
മറിയാമ്മീന്നുദയം ചെയ്തു
വഞ്ചനയാമിരുൾ മായിച്ചു
ധന്യൻ തൽസ്മരണ-യ്ക്കുന്നതിയേറ്റം കൽപ്പിച്ചാൻ

ബാറെക്മോർ. † ശുബഹോ---

വിശ്വാസത്തിൻശില്പികളാം നിബിയന്മാർക്കായിശ്ലോമ്മോ
സഭതൻ കെട്ടുപണിക്കാരാം ശ്ലീഹന്മാർക്കായിശ്ലോമ്മോ
ശ്ലോമ്മോ തൻ നാഥൻ തന്നെ
സ്നേഹിച്ചോരാം സഹദേർക്കും
അവരെ മാനിക്കും പരിശുദ്ധ സഭയ്ക്കും ശ്ലോമ്മോ

മെന്ഓലാം വാദാമോ---

നാഥാകൃപയാൽമാതാവാം മറിയാം നിബിശ്ലീഹാസഹദേർ
ധർമ്മിഷ്ടന്മാരെന്നിവർതൻ ഓർമ്മയെ വിശ്രുതമാക്കണമെ
നിൻ തിരുമെയ് ഭക്ഷിച്ചോരായ്
നിൻ ശരണേ മൃതിയാർന്നോരാം
വാങ്ങിപ്പോയോരെ ആ നിരയിൽ ചേർത്തീടേണമെ

മൊറിയൊറാഹേം----

ജനനീ പരിശുദ്ധ പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും വിഗതർക്കും നൽക

മറിയാമ്മിൻ സ്മരണം - വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾ - ക്കാത്മാവിനു കോട്ട

പരിശുദ്ധ ശ്ലീഹാ - നിബി സഹദേന്മാരെ
യാചിപ്പിൻ കൃപയെ - ഞങ്ങൾക്കായ് നിങ്ങൾ

നിൻ ശരണേ മൃതരാം - താത സഹോദരരിൽ
ചൊരിയണമേ മോദ - പ്പനിനീരെൻ നാഥാ

സുസ്മൃതി ജനനിക്കും - വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും - ചേർപ്പോനെ സ്തോത്രം

ജനനീ പരിശുദ്ധ - പ്രാർത്ഥനയാൽ നാഥാ
പുണ്യം ഞങ്ങൾക്കും - വിഗതർക്കും നൽക

*(വിശുദ്ധകുർബാനയുള്ള ദിവസങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ ചൊല്ലേണ്ടതില്ല)*

**നിന്നെ പ്രസവിച്ച മാതാവിൻേറയും----- പേജ് 50**

**കൗമാ**

********വിശ്വാസപ്രമാണം********

**ധൂപ പ്രാർത്ഥന**

## മാവുർബോ

### I

(ലേക് ദീസൈക്ക് ശുബഹോറൊ)

ദൈ-വത്തിൻ മാതാവേ, ഭൂലോകത്തിൻ
സ്തുതിതൻ ഭാജനമാം
നിന്നിൽ നിന്നും വചനമതാം
ദൈവം ഹിതമൊടു ജഡമേറ്റു
പരമ വിശുദ്ധിയെഴും കന്യേ
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ.

ഞാ-ൻ മേവുന്നേടത്തെൻ ശുശ്രൂഷകരും
മേവിടുമെ-ന്നുള്ളോരാനിൻ മൊഴിയാൽ ശാശ്വതമാം
ജീവിതമാർജ്ജിപ്പാൻ സഹദേർ
നശ്വരമായതു കൈവിട്ടാർ
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ

കർത്താവേ പാവനമാം നിന്തിരുമെയ്യും
പുണ്യതമാം നിണവും
കൈക്കൊണ്ട പരേതർക്കെല്ലാം
കനിവൊടു ശരണം നൽകണമെ
നിൻെറ മഹത്വമുദിക്കും നാൾ
വലഭാഗത്തവർ നിൽക്കേണമെ. **ബാറെക്മോർ**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

ക്നൂമ്മാ മൂന്നായീടും സത്യൈകേശൻ
താതൻ തന്നെ നാം
വാഴ്ത്തേണം സുതനെ വണങ്ങി
കീർത്തിക്കേണം റൂഹായെ
ദൈവത്തിൻ കൃപ നമ്മുടെ മേൽ
ഉണ്ടാകട്ടെന്നന്നേയ്ക്കും. **ആമ്മീൻ**

## II

(ഹൊയ്ദ്മെൻ ശ്മായോനെ)

വാനവ ദൂതർ മാനിക്കുന്നോളെ - വാനവരനിശം
വാഴ്ത്തീടുന്നോളെ - ദൈവ ജനിത്രി ശ്ലോമ്മോ തേ

മശിഹാതൻപ്രിയരാം പരിശുദ്ധന്മാരെ-ശ്ലോമ്മോ ക്ലേശം
പൂണ്ടോരെ ഭാഗ്യം - പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

ഊറയ സഹിതം പുനരുത്ഥാനത്തി-ന്നെത്തുമ്പോൾ വി-
ശ്വാസികളാം മൃതരിൽ - കൃപ ചെയ്യണമെ കർത്താവേ.

**ബാറെക്മോർ**

**† ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

ആദ്യന്ത വിഹീനൻ താതനെ വാഴ്ത്തീടാം † കുരിശാൽ
വീണ്ടോൻ സുതനെ വന്ദിക്കാം റൂഹ്കുദിശായെ
കീർത്തിക്കാം. **ആമ്മീൻ.**

---

## III

(ലെക്ദ്ക്കിസോ ഉസഹിയസ്)

അളവറ്റോനാം ദൈവത്തെ ഗർഭാശയമാം മണിയറയിൽ
വിസ്മകരമുൾ കൊണ്ടോളാം പാവനകന്യേ ദൈവത്തിൻ
മാതാവേ നിന്നെ ഞങ്ങൾ സതതം വാഴ്ത്തുന്നു.

അത്യവശതയൊടു മാർതോമ്മാ
നിന്നെവിളിക്കുന്നുഞങ്ങൾ
യാചനകളെ നിറവേറ്റണമെ സർവ്വോപരി നിന്നെ നാഥൻ
സ്നേഹിപ്പൂ നിൻ പ്രാർത്ഥനയീ-ഞങ്ങൾക്കാലംബം

തിരുമെയ്യുംതിരുരക്തമതുംകൈക്കൊണ്ടോരുവിശ്വാസികളെ
ജീവിപ്പിച്ചിടുമെന്നേവം നൂതന ജീവിത വാഗ്ദത്തം
നേടിയ വിഗതന്മാർ ധന്യർ പ്രാണദനാണീശൻ

**ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

**സത്യൈകേശൻ ജനകന്നും സുതനും വിമലാത്മാവിന്നും**
**ശ്രുതി മധുരം മോദപ്രദമാം വിമലസ്തുതിയർപ്പിക്കുന്നു**
**ത്രിത്വാത്മജനെ ഞങ്ങളുമ-ങ്ങനിശം കീർത്തിപ്പൂ ആമ്മീൻ.**

---

## IV

(ലെക്പായോ ദൻകാലോസ്)

**ദൈവത്തിൻ-മാതാവേ, കന്യേ നീ മൂലം ദൈവം**
**മാനവ വർഗ്ഗത്തൊടു യോജിച്ചതിനാലെന്നേക്കും**
**നീ കീർത്തിതയാകാൻ യോഗ്യ.**

**സർവ്വാ-ധീശാ നാഥാ നിന്നൊടെഴും സ്നേഹം മൂലം**
**യാതനയേറ്റോരാപ്പരിശുദ്ധന്മാരർത്ഥിക്കും**
**പാപികളാകും-ഞങ്ങൾക്കായ്**

**ഉടയോനാം മശിഹായെ-ഉത്ഥാനത്താലാശ്വാസം**
**നേടാൻ നിൻ വരവിന്നായ് മൃതരേറ്റം കാംക്ഷിപ്പൂ**
**അവർ നിന്നെ-ക്കീർത്തി-ക്കട്ടെ. ബാറെക്മോർ.**

† **ശൂബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

**സ്വർഗ്ഗമതിൽ വാഴ്വോനെ, തിരുസഭതന്നിൽ പുണ്യത്തിൻ**
**തിരുബലി പീഠത്തെ സ്ഥാപിച്ചോനെ, എന്നേക്കും**
**ഉന്നതനേ പരിശുദ്ധൻ നീ. ആമ്മീൻ.**

## V

(ഏശാനെ ദുസ്കദ്ഹോദെ)

**കന്യക ഗർഭിണിയായതിനാൽ**
**ആനന്ദിക്കുക നിബിയാമേശായാ**
**അമ്മനുവേലാമാദ്യജനെപ്പെറ്റു കന്യകയാൾ**
**ഉദയം ദൈവിക ദൈവം, കതിരെന്നിവ**
**നിബി ചൊല്ലിയ തൻ നാമങ്ങൾ**
**അവനെക്കീർത്തിച്ചാ ജനനിക്കനിശം**
**ഭാഗ്യം നേരുന്നീ ഞങ്ങൾ.**

താതന്മാരെ പണ്ഡിതരാം
മൽപ്പാന്മാരെ പാരം മോദിപ്പിൻ
വചനമതാകും വിത്തുവളർന്നേവൻഗേല്യോനിൽ
നാഥൻ നേരായരുളിയപോൽ
മുപ്പതുമറുപതുമൊരുനൂറും മേനി
വിശ്വാസമതാകുന്ന ഫലം
ലോകർക്കരുളിയതോർത്താലാശ്ചര്യം.

സർവ്വേശാ മശിഹാ വിശ്രാന്തിയു-
മാനന്ദമതും ദാസർക്കരുൾക
മരണം കൈക്കൊണ്ടോനാം നീ-പാതാളസ്ഥിതരെ
നാശം തീർത്തെഴുന്നേൽപ്പിപ്പാൻ
സാക്ഷാത്താം ജീവോത്ഥാനങ്ങൾ
വാഗ്ദത്തം ചെയ്തോതിയപോൽ
ആശ്വാസമവർക്കുത്ഥാനേ നൽക. **ബാറെക്മോർ.**

**† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

വീണുവണങ്ങിക്കീർത്തിക്കുക
പാവന സഭയെ നിന്നാത്മജരൊപ്പം
ത്രിത്വരഹസ്യമതാം താതാ-ത്മജ റൂഹ്ക്കുദിശായെ
ജനകൻ സത്യ പ്രഭ തനയൻ
നിത്യമതാകും കിരണത്തിന്നുദയം
റൂഹായാശ്വാസ പ്രദനാം
ഏകൻ ദൈവത്തെ വാഴ്ത്തുന്നെങ്ങൾ. **ആമ്മീൻ.**

## VI

**(കാദ് മ്കദ്മീനാൻ)**

ദൈവത്തിൻ മാ-താവേ കന്യേ-വാഴ്ത്തുന്നു നിന്നെ ഞങ്ങൾ
ഞങ്ങൾ വണങ്ങിക്കീർത്തിപ്പൂ-നിന്നിൽ നിന്നു പിറന്നോനെ

നിബിശ്ലീഹാസഹദേരെ ഞങ്ങൾനിങ്ങളെയേറ്റംവാഴ്ത്തുന്നു
ആർക്കായ് പാടേറ്റു നിങ്ങൾ-അവനെ നമിച്ചു പുകഴ്ത്തുന്നു

വിശ്വാസികളാംവിഗതന്മാരെ നിങ്ങളെയോർക്കുന്നു ഞങ്ങൾ
പ്രാണപ്രദനൊടു യാചിപ്പൂപുണ്യം നിങ്ങൾക്കേകീടാൻ.

**ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ---**

**ദേവാധിപനാം മശിഹാ നാഥാ-വാഴ്ത്തുന്നു നിന്നെ ഞങ്ങൾ**
**താതനെയും വിമലാത്മ്ത്തേയും**
**ഞങ്ങൾ നമിച്ചു പുകഴ്ത്തുന്നു. ആമ്മീൻ.**

---

## VII

(ല്ഹൗ ദേസീലേദ് ഗല്യോയീസ്)

പരിണയമെന്യേ കന്യകയീന്നുദയം
ചെയ്തോനെ വാഴ്ത്താൻ വന്നീടുവിൻ
കന്യാഗർഭത്തിന്നുദയം-ചെയ്തോരു
നീതിമഹാർക്കനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

വീര്യം തൻ പോരാട്ടക്കാ-ർക്കേകി-
യൊരുടയോനെ വാഴ്ത്താൻ വന്നീടുവിൻ
സമരത്തിൽ ജയമാർന്നോർക്കായ്-മകുടം
നൽകിയ നാഥനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

പ്രിയനാം ലാസറിനെ കബറീ-ന്നെഴുന്നേൽ-
പ്പിച്ചോനെ വാഴ്ത്താൻ വന്നീടുവിൻ
മൃതി പാശത്തിന്നും വിധവാ-സുതനെ
വിടുവിച്ചോനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം

**ബാറെക്മോർ. † ശുബഹോ-- മെന്ഓലാം വാദാമോ---**

താതനെയും തൽ സുതനേയും-റൂഹ്കൂദി-
ശായെയും വാഴ്ത്താൻ വന്നീടുവിൻ
പാവന ത്രിത്വ രഹസ്യത്തെ-സംഘം-ചേർ-
ന്നങ്ങൊന്നായ് നാമെന്നേരത്തും
വിശ്രമമെന്യേ സ്തുതിചെയ്താരാധിക്കേണം. **ആമ്മിൻ**

---

## VIII

(ല്ഹൌയൽദൊഗ്നീസൊ)

വിശ്വാസികൾ നമ്മെ രക്ഷിപ്പാൻ
ഗിരി ഹോറേബിൻ ജ്വാലയതിൽ
ദർശിപ്പിച്ചൊരഗോചരനാം-പൈതലിനെക്കീർത്തിച്ചീടാം
അതു പാർത്താൽ-അത്ഭുത കന്യാ സൂചനയാം
തന്മൂലം സ്തുതി സതതം നമ്മൾക്കർപ്പിക്കാം

ലോകത്യാഗികളാം ശ്ലീഹന്മാർ
വിജയായുധമായ് മശിഹായെ
നിത്യമണിഞ്ഞങ്കം വെട്ടി - കണ്ടാലും നമ്മൾക്കെല്ലാം
അവരിപ്പോൾ-അതുന്നതമാം കോട്ടകളാം
തന്മൂലം സ്തുതി സതതം നമ്മൾക്കർപ്പിക്കാം

കാരുണ്യ കടലാം കർത്താവേ,നിൻ ശരണമതിൽ
നിദ്രിതരാം
ദാസന്മാരെയനവരതം-മോദിക്കും,
ശുദ്ധന്മാർ തൻ ഭവനത്തിൽ, ശോഭനമാം കൂടാരത്തിൽ
പാർപ്പിച്ചേകീടണമേ മേന്മേലാശ്വാസം. **ബാറെക്മോർ**

† **ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒല്മീനാമീൻ**

പാവന പുത്രൻ തൻ പ്രേഷകനാം
താതൻ താൻ സ്തുത്യൻ വിശ്വാസം
പൂണ്ടോർ നാം രക്ഷിതരാവാൻ
നിർമ്മലമാമുദരം തന്നിൽ
നിർമ്മലമായ്-വന്നധിവാസം ചെയ്തതിനാൽ
ആത്മജനെയനിശം നാം കീർത്തിച്ചീടേണം. **ആമ്മീൻ**



**Orginal Photo Of Thirumeni By Dicruse**